# Message



പ്രിയമുള്ളവരേ....നമസ്കാരം,

ഈ വർഷവും കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക, ഓണം ഓർക്കുന്നു ആഘോഷിക്കുന്നു, അംഗീകരിക്കുന്നു എന്നു കേട്ടതിൽ സന്തോഷമുണ്ട്. ശ്രീ രഞ്ജിത്ത് പിള്ള അതിന്റെ ചുക്കാൻ പിടിച്ച് നിങ്ങളെല്ലാവരും തന്നെ അതിനുവേണ്ടി സഹകരിച്ച് മുമ്പോട്ടു പോകുന്നുവെന്നറിഞ്ഞതിലും സന്തോഷമുണ്ട്. എത്രയോ ദൂരം താണ്ടി മറുനാടുകളിലെത്തിയിട്ടും നമ്മുടെ വേരുകൾ ഒരിക്കലും നമ്മൾ മറക്കാൻ പാടില്ല. എത്രയായാലും പെറ്റമ്മ പെറ്റമ്മതന്നെ. വളർത്തമ്മ വളർത്തമ്മയും. അതുകൊണ്ട് ഒരിക്കലും നമ്മുടെ നാടിന്റെ അംഗീകാരം നമ്മൾ ഇല്ലാതാക്കാൻ പാടില്ല. നിങ്ങളുടെ അടുക്കൽ ഞാനിവിടെ ഇരുന്നുകൊണ്ടൊരു കാര്യം പറയുകയാണ്. ഭാരതത്തിന്റെ മണ്ണ് സ്പെഷ്യലാണ്. വായു സ്പെഷ്യലാണ്, ജലം സ്പെഷ്യലാണ്. പാരമ്പര്യം സ്പെഷ്യലാണ്. ഒക്കുന്നതുപോലെ നിങ്ങൾ ഇപ്പോൾ കേരളത്തെപ്പറ്റി പറഞ്ഞാൽ മതി. കേരളത്തിന്റെ മക്കളായിരിക്കുന്ന നിങ്ങൾ ഈ തിരുവോണം ആവുംവിധം മുമ്പോട്ടുകൊണ്ടുപോകണം. ഓണം വെറും ആഘോഷം മാത്രമല്ല, പല രീതിയിലും സാംസ്കാരികമായിട്ടും അർഹതപ്പെട്ടവർക്ക് സോഷ്യലായിട്ടുമുള്ള അംഗീകാരങ്ങൾ കൊടുക്കുക അങ്ങനെ പലരീതിയിൽ ഹോളിസ്റ്റിക്കായിട്ടാണ് മുമ്പോട്ടു പോകുന്നത്. അതിൽ പ്രത്യേകം ശ്രദ്ധേയമാകുന്നത് നമ്മുടെ സനാതന ധർമ്മത്തെക്കുറിച്ചുള്ള ഒരു അവബോധം വളർത്തിയെടുക്കുക വളരെ വളരെ അത്യാവശ്യമാണ്. ഇപ്പോ നമുക്കറിയാം നമ്മുടെ ഈ സനാതനധർമ്മം ഒന്നു മാത്രമേയുള്ളൂ ഒരു പുസ്കതം വായിച്ചാലോ ഒരു വഴി മുമ്പോട്ടുപോയാലോ  ഭഗവാനിലെത്തിച്ചേരാൻ പറ്റുകയുള്ളൂ എന്നു പറയാത്തത്. ഇംഗ്ലീഷിൽ പറയുകയാണെങ്കിൽ “As different streams having their sources in different places all mingle their waters in the sea, so, oh Lord, the different paths we take all lead to thee.”

ആകാശാത്  പതിതം തോയം യഥാ ഗച്ഛതി സാഗരം
സർവ്വദേവ നമസ്കാരം കേശവം പ്രതി ഗച്ഛതി’’

അതുതന്നെയാണ്, ഏതു രീതിയിലാണ് നിങ്ങൾ ഭഗവാന്റെ അടുക്കലേക്ക് പോകാൻ ആഗ്രഹിക്കുന്നുവോ, ആ രീതി നിങ്ങൾക്കുള്ളതാണ്. അപ്പോൾ കൂടുതൽ കൂടുതൽ നമ്മുടെ സസ്കാരത്തിനെക്കുറിച്ച് പഠിക്കുക, നമ്മുടെ വേരുകളെക്കുറിച്ച് കൂടുതൽ നമ്മൾ അറിയുക. അതിനൊക്കെ ഈ സംഘനടന വളരെ ശ്രദ്ധേയമായ പങ്കു നിർവ്വഹിക്കും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തിൽനിന്ന് വിശിഷ്യാ  ശ്രീപത്മനാഭന്റെ നാടായ തിരുവനന്തപുരത്തുനിന്ന് നിങ്ങൾക്കെല്ലാവർക്കും ഞാനെന്റെ ഓണ ആശംസകൾ നേരുന്നു.

**അശ്വതി തിരുനാൾ ഗൗരി ലക്ഷ്മിഭായി**

# Message

കേരളം വിട്ട് അമേരിക്കയിലും കാനഡയിലും
ജീവിക്കുന്ന എല്ലാ KHNA (കേരള ഹിന്ദൂസ്
ഓഫ് നോർത്ത് അമേരിക്ക) കുടുംബാംഗങ്ങൾക്കും
എന്റെ ഹൃദയം നിറഞ്ഞ ഓണാശംസകൾ

സ്നേഹപൂർവ്വം മോഹൻലാൽ



# Message



**പ്രി**യരേ,

പ്രതീക്ഷകളുടെ പൂവിളിയും പ്രത്യാശകളുടെ പൊൻ കതിരുമായി ഓണനാളുകൾ വീണ്ടും വന്നണയുകയാണ്. ലോകത്തിന്റെ ഏതു കോണിൽ വസിച്ചാലും മലയാളികൾക്ക് ഓണം ജന്മനാടിന്റെ ഗൃഹാതുരതകളുണർത്തുന്ന ഊഷ്മള സ്മരണകളാണ്. സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും ബന്ധുസമാഗമത്തിന്റെയും മുഗ്ദ്ധ സന്ദേശങ്ങളുമായെത്തുന്ന ഓണക്കാലം മലയാളിക്ക് എന്നും അനുഭൂതികളുടേയും സന്തോഷത്തിന്റെയും ഒത്തുചേരലിന്റെയും അനർഘനിമിഷങ്ങളാണ്. കോവിഡ് മഹാമാരി തീർത്ത ഒറ്റപ്പെടലിനേയും സാമൂഹിക അകലപാലന നിബന്ധനകളെയും അതിജീവിച്ച നമുക്കു മുന്നിൽ കൂട്ടായ്മകളുടെയും പങ്കുചേരലിന്റെയും ഉത്സവകവാടങ്ങളാണ് ഈ ഓണക്കാലം മലർക്കെ തുറന്നിടുന്നത്. അതുകൊണ്ടു തന്നെ സഹജീവിസ്നേഹത്തിന്റെ, കരുതലിന്റെ പുതിയ നിറക്കൂട്ടുകളാണ് ഈ വർഷത്തെ ആഘോഷവേളകൾക്ക് പൊലിമ നൽകുന്നത്. ഭാരതീയരുടെ പൗരാണിക ദർശനങ്ങൾ സഹസ്രാബ്ദങ്ങൾക്ക് മുന്നേ അവതരിപ്പിച്ച സ്ഥിതി സമത്വത്തിന്റെയും ചരാചര സ്നേഹത്തിന്റെയും പ്രതീകമാണ് കേരളീയരുടെ മാവേലി മന്നൻ . ഓരോ തിരുവോണനാളും മലയാളികൾ വിശുദ്ധിയോടെ മാവേലി മന്നനെന്ന സ്നേഹ പ്രതീകത്തെ ഹൃദയത്തിൽ കുടിയിരുത്തി സ്വയം വിശ്വസ്നേഹത്തിന്റെ ഭാഗമായി മാറുകയാണ്. പ്രകൃതിയിലെ സകല ജീവജാലങ്ങളോടും സമരസപ്പെട്ടും ഔചിത്യത്തോടെ വിഭവങ്ങൾ പങ്കിട്ടും ജീവിക്കേണ്ടതിന്റെ അനിവാര്യതയിലേക്കാണ് കോവിഡ് കാലം വിരൽ ചൂണ്ടിയത്. മാവേലി നാടെന്ന മുഗ്ദ്ധ സങ്കല്പത്തെ ഉള്ളിൽ താലോലിച്ച് ഈ ഓണത്തേയും നമുക്ക് വരവേൽക്കാം, പാരസ്പര്യത്തോടെ ഒത്തുചേരാം. കെ എച്ച് എൻ എ യുടെ സാമൂഹ്യ സാംസ്കാരിക ജീവകാരുണ്യ സന്നദ്ധ സേവന കർമ്മങ്ങളിൽ ഉത്സാഹത്തോടെ കൂടുതൽ സജീവമാകാം. അങ്ങനെഓണത്തിന്റെ അർത്ഥത്തെ സാക്ഷാത്ക്കരിക്കാം. എല്ലാ കെ.എച്ച്.എൻ.എ കുടുംബാംഗങ്ങൾക്കും സുഹൃത്തുക്കൾക്കും അഭ്യുദയ കാംക്ഷികൾക്കും ഹൃദയംഗമമായ ഓണാശംസകൾ നേരുന്നു.

സ്നേഹപൂർവം,

**ജി.കെ. പിള്ള**

(പ്രസിഡന്റ് –കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക )



# EDITORIAL

സനാതന ധർമ്മത്തിന്റെയും, വേദങ്ങളുടെയും ഉപനിഷത്തിന്റെയും അടിത്തറയിൽ നിന്ന് ഉയർന്നു വന്ന ജീവിത സമ്പ്രദായമാണ് നമ്മുടെ ഹൈന്ദവ ജനത പാലിക്കുന്നതെന്നു നമുക്കഭിമാനിക്കാം. സ്വാമി വിവേകാനന്ദൻ ആദ്യമായി ഈ മനോഹര സംസ്കാരത്തെ പാശ്ചാത്യരുടെ മുന്നിൽ അവതരിപ്പിച്ചു. ഇന്ന് ലോകം മുഴുവൻ ഹൈന്ദവസംസ്കാരത്തിലിരിക്കുന്ന ഭാരതത്തിന്റെ അഭിവൃദ്ധിയെ നോക്കി പഠിക്കുന്നു. ഭാരതത്തിലെ പ്രകൃതി സൗന്ദര്യം നിറഞ്ഞതും, ശ്രീ ശങ്കരാചാര്യരും, ശ്രീ നാരായണ ഗുരുവും, ചട്ടമ്പിസ്വാമികളുടെയും ജന്മനാടു കൂടിയാണ് നമ്മുടെ കേരളം. "ഞാൻ ഒന്നാമത് ഒരു ഭാരതീയനാണ്, രണ്ടാമതേ കേരളീയനാകുന്നുള്ളൂ" എന്ന് പറയുകയും ചെയ്ത കേരളത്തിന്റെ രവീന്ദ്രനാഥ ടാഗോർ എന്നുപറയുന്ന മഹാകവി വള്ളത്തോൾ നാരായണ മേനോൻ ഇങ്ങനെ പാടി.

"ഭാരതമെന്ന പേർ കേട്ടാലഭിമാനപൂരിതമാകണമന്തരംഗം
കേരളമെന്ന പേർ കേട്ടാൽ തിളക്കണം ചോര നമുക്ക് ഞരമ്പുകളിൽ"

ഇങ്ങനെ എത്രയോ യോഗികളുടെയും കവികളുടെയും ജന്മനാടായ കേരളത്തിന്റെ പവിത്രമണ്ണിൽ നിന്ന് ഏഴാം കടൽ കടന്നു കേരളീയ ഹൈന്ദവ ജനത നോർത്ത് അമേരിക്കയിലെത്തി. ഈ ഹിന്ദു സമുദായം പാശ്ചാത്യ സംസ്കാര അന്തരീക്ഷത്തിൽ നിന്നുകൊണ്ട് തന്റേതായ പൌരസ്ത്യ സംസ്കാരത്തെ മറക്കാതെ 2001 –ൽ സ്വാമി സത്യാനന്ദ സരസ്വതി അഞ്ചു തിരികൾ കത്തിജ്ജ്വലിക്കുന്ന ഭദ്രദീപത്തിനു മുൻപിൽ കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക എന്ന സംഘടനക്ക് ജന്മം നൽകി. അനശ്വരമായി കത്തിജ്ജ്വലിക്കുന്ന ഈ സംഘടനയുടെ നേതൃത്വം 2022 –ൽ കെ.എച്ച്.എൻ.എ. പ്രസിഡന്റ് ജി.കെ. പിള്ളയ്ക്ക് കൈമാറി. ഈ നവ ഭാരവാഹികൾ ഈ സംഘടനക്ക് ഒരു പുതുവെളിച്ചം കൊടുക്കുവാൻ മുൻകൈയെടുക്കുകയാണ്. കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക എന്ന സംഘടനയിൽ നിന്ന് ആവാഹിച്ചെടുത്തതാണ് KHNAയുടെ അഞ്ജലി പ്രസിദ്ധീകരണം. പുതിയ ഭാരവാഹികളുടെ സാന്നിധ്യത്തിൽ 2022 –ലെ ഓണപ്പതിപ്പായി പ്രകാശനം ചെയ്യും. ലോകത്തു പല നാടുകളിലായി പല ഉത്സവങ്ങളുണ്ട്. പക്ഷേ നമ്മുടെ ഓണം പോലെ ഒരുത്സവം വേറെയെങ്ങുമില്ല. കാരണം ഓണം ഒരു ദർശനത്തിന്റെ ഉത്സവമാണ്. എല്ലാ ദുഃഖങ്ങളും, അസമത്വങ്ങളും, അനീതികളും അവസാനിച്ചു മനുഷ്യ സമൂഹം മാതൃകാസമൂഹമായ് മാറണം എന്ന കാഴ്ച്ചപ്പാടിന്റെയും, മോഹത്തിന്റെയും ഉത്സവമാണല്ലോ ഓണം. ഈ മാറ്റം സാധ്യമാണ് എന്നുമാത്രമല്ല, ഒരിടക്ക് അത്തരമൊരു സമൂഹം കേരളത്തിലുണ്ടായിരുന്നു എന്ന ഉറപ്പുകൂടി ഈ ഉത്സവം തരുന്നു. അങ്ങനെ കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ ഓണപ്പതിപ്പ് അതർഹിക്കുന്ന അന്തസ്സോടും, ആർഭാടത്തോടും കൂടി പ്രകാശിപ്പിക്കാൻ നമ്മുടെ KHNA യിലെ സഹോദരീ സഹോദരന്മാരോട് വിനീതമായി അഭ്യർത്ഥിക്കുന്നു. നമുക്ക് എല്ലാ വ്യക്തിപരമായ വിദ്വേഷങ്ങളെയും, ജാതി എന്ന നാമത്തെയും ഉന്മൂലനം ചെയ്തു മുന്നോട്ടു പോകാം, വിജയം ഉറപ്പാണ്.

ഈ അവസരത്തിൽ അഞ്ജലി എഡിറ്റോറിയൽ ബോർഡിലെ എല്ലാ അംഗങ്ങൾക്കും, പരസ്യങ്ങളും, സാഹിത്യരചനകളും നൽകി പ്രോത്സാഹിപ്പിച്ച എല്ലാവർക്കും നന്ദി പറഞ്ഞുകൊള്ളട്ടെ. അതുപോലെ അഞ്ജലി കവർ നിർമ്മാണവും പേജ് ലേ ഔട്ടും പ്രിന്റിംഗും ഭംഗിയായി നിർവഹിച്ച ജോസ് ചെന്നിക്കരക്കും പ്രത്യേക കൃതജ്ഞത രേഖപ്പെടുത്തട്ടെ.

സസ്നേഹം,
**രാധാകൃഷ്ണൻ നായർ**
ചീഫ് എഡിറ്റർ

# Message



സ്വാമി സത്യാനന്ദ സരസ്വതി വിഭാവനം ചെയ്ത അഖില ലോകഹിന്ദുഐക്യത്തിനായിതൃക്കൈകളാൽസ്ഥാപിതമായ കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക എന്ന മഹത്തായ പ്രസ്ഥാനത്തിന്റെ ഭാഗമാകാനും പ്രസിഡന്റ് പദവിയിൽ വരാനും ഇപ്പോൾ ട്രസ്റ്റി ബോർഡ് ചെയർമാൻ സ്ഥാനത്ത് എത്താനുമായത് ഗുരുകൃപാകടാക്ഷമായാണ് ഞാൻ കാണുന്നത്. ഹൈന്ദവ ധർമ്മത്തിന്റെയും സനാതന മൂല്യങ്ങളുടെയും സംരക്ഷണവും ഹിന്ദുക്കളുടെ സാമൂഹ്യക്ഷേമവും ലക്ഷ്യമാക്കി കെ എച്ച് എൻ എ ഇപ്പോൾ ഒട്ടേറെ ക്രിയാത്മക പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. നമ്മുടെ ഒത്തൊരുമിച്ചുള്ള പ്രവർത്തനം  ഹിന്ദുക്കളുടെ അഭ്യുന്നതിക്കുള്ള ചാലക ശക്തിയാക്കി  കെ എച്ച് എൻ എ യെ മാറ്റുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ലോകാ സമസ്താ സുഖിനോ ഭവന്തു എന്ന ആപ്തവാക്യത്തിലൂന്നി  സമത്വ സുന്ദര സങ്കല്പത്തിന്റെ ഈ ഓണ നാളുകളിൽ നമുക്ക് പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാം. എല്ലാ കെ എച്ച് എൻ എ കുടുംബാംഗങ്ങൾക്കും സുഖസമൃദ്ധമായ ഓണം ആശംസിക്കുന്നു.

സസ്നേഹം,<br>
**ഡോ. രാംദാസ് പിള്ള**<br>
ട്രസ്റ്റി ബോർഡ് ചെയർമാൻ<br>
കെ എച്ച് എൻ എ

# Message



അഖില ലോക ഹിന്ദു സമൂഹത്തിന്റെ ഏകോപനം ലക്ഷ്യമാക്കി ജഗദ് ഗുരു സ്വാമി സത്യാനന്ദ സരസ്വതി ഭദ്രദീപം കൊളുത്തി ശുഭാരംഭം കുറിച്ച കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക എന്ന മഹത് സംഘടനയുടെ പ്രാരംഭം മുതൽ സഹകരിച്ച് പ്രവർത്തിക്കുവാനുള്ള ഭാഗ്യം സിദ്ധിച്ചത് ഒരു അനുഗ്രഹമായാണ് കാണുന്നത്. കടന്നുപോയ കാലഘട്ടങ്ങളിൽ സംഘടന ഉദ്ദേശ്യ ലക്ഷ്യത്തോടെ ഒട്ടേറെ പ്രവർത്തനങ്ങാണ് കാഴ്ചവച്ചത്. വരുംകാലങ്ങളെ മുന്നിൽ കണ്ട് ഇപ്പോൾ കൂടുതൽ വിപുലവും ക്രിയാത്മകവുമായ പ്രവർത്തനങ്ങളാണ് കെ എച്ച് എൻ എ ആവിഷ്ക്കരിച്ച് നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. അതിൽ പ്രത്യേകം പരാമർശിക്കപ്പെടേണ്ട ഒന്നാണ് ലളിതാ സഹസ്രനാമ യജ്ഞ പരമ്പര. ഹൂസ്റ്റണിൽ നടത്തുന്ന കൺവൻഷൺ 'അശ്വമേധ'ത്തിന് മുൻപ് ഒരു കോടി തവണ ലളിതാ സഹസ്രനാമാർച്ചന പൂർത്തി കരിക്കുകയാണ് ലക്ഷ്യം.

എല്ലാ വെള്ളിയാഴ്ചകളിലും അമേരിക്കയിലെ വിവിധ സ്റ്റേറ്റുകളിൽ നിന്നുള്ള നൂറിലധികം അമ്മമാരാണ് ലളിതാ സഹസ്രനാമജപത്തിൽ പങ്കെടുക്കുന്നത്. ഈ യജ്ഞത്തിൽ പങ്കെടുത്ത അമ്മമാർ തന്നെയായിരിക്കും അശ്വമേധം കൺവൻഷന് നിലവിളക്കു കൊളുത്തി ആരംഭം കുറിക്കുന്നത്. ലോകത്ത് ഒരു ഹൈന്ദവ സംഘടനയ്ക്കും ഇത്രയും ചിട്ടയോടെയും അച്ചടക്കത്തോടെയും ലളിതാ സഹസ്രനാമ യജ്ഞ പരമ്പര സംഘടിപ്പിക്കാനായിട്ടുണ്ടാവില്ല. യജ്ഞത്തിന്റെ വിജയകരമായ പുരോഗതിയിൽ പങ്കാളിയാകാൻ കഴിഞ്ഞു എന്ന ചാരിതാർത്ഥ്യമാണ് കെ എച്ച് എൻ എ ട്രസ്റ്റി ബോർഡ് വൈസ് ചെയർമാൻ എന്ന നിലയിൽ ഞാൻ അനുഭവിക്കുന്നത്. നമുക്ക് സക്രിയമായി ഇനിയും ഒത്തൊരുമയോടെ മുന്നേറാം. സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും ഈ ഓണ നാളുകളിൽ നമ്മുടെ പ്രവർത്തനങ്ങളെ കൂടുതൽ ശാക്തീകരിക്കാം. എല്ലാ കെ എച്ച് എൻ എ കുടുംബാംഗങ്ങൾക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ നേരുന്നു. കെ എച്ച് എൻ എ ഹൂസ്റ്റൺ കൺവൻഷനിലേക്ക് ഹാർദ്ദമായി ഏവരേയും സ്വാഗതം ചെയ്യുന്നു.

സ്നേഹപൂർവം ,

**സോമരാജൻ നായർ**
ട്രസ്റ്റി ബോർഡ് വൈസ് ചെയർമാൻ
കെ എച്ച് എൻ എ

# Message




**ഹി**ന്ദു സമൂഹത്തിന്റെ ഏകോപനവും ഉന്നതിയും ലക്ഷ്യമിട്ട് ജഗദ്ഗുരു സ്വാമി സത്യാനന്ദ സരസ്വതിയുടെ അനുഗ്രഹാശ്ശിസുകളോടെ സ്ഥാപിതമായ കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക എന്ന പ്രസ്ഥാനം കർമ്മമേഖലയിലും ഉദ്ദേശ്യ ലക്ഷ്യങ്ങളുടെ നിർവഹണത്തിലും ഒട്ടേറെ നാഴികക്കല്ലുകൾ പിന്നിട്ടു കഴിഞ്ഞു. സ്വാമിജി വിഭാവനം ചെയ്തതുപോലെ ഭാരത സംസ്കാരത്തിന്റെയും പൈതൃകങ്ങളുടേയും സനാതന മൂല്യങ്ങളുടെയും സംരക്ഷണാർത്ഥം ശ്രദ്ധേയമായ കർമ്മ പദ്ധതികളാണ് പ്രശംസനീയമാം വിധം കെ എച്ച് എൻ എ പ്രാവർത്തികമാക്കുന്നത്. മലയാളികളുടെ സമത്വ ക്ഷേമ രാഷ്ട്ര സ്വപ്നങ്ങളുടെ അമൂർത്ത സങ്കല്പമായ പൊന്നോണത്തിന് കെ എച്ച് എൻ എ പ്രകാശനം ചെയ്യുന്ന സുവനീർ 'അഞ്ജലി' പാരസ്പര്യത്തിന്റെ മറ്റൊരു പ്രതീകമാകുമെന്ന കാര്യത്തിൽ സംശയമില്ല. അഞ്ജലി അതിന്റെ ധർമ്മം നിറവേറ്റട്ടെയെന്ന് പ്രാർത്ഥിക്കുന്നു, വായനാലോകം ഇരു കൈകളും നീട്ടി സ്വീകരിക്കട്ടെയെന്ന് അഭിലഷിക്കുന്നു. എല്ലാ കെ എച്ച് എൻ എ പ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കും അഭ്യുദയകാംക്ഷികൾക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ നേരുന്നു.

സ്നേഹപൂർവം,

**മാധവൻ. ബി. നായർ**

(വേൾഡ് ഹിന്ദു പാർലമെന്റ് ചെയർമാനും
ഫൊക്കാന മുൻ പ്രസിഡന്റുമാണ് ലേഖകൻ)

## Message



പ്രിയപ്പെട്ട KHNA കുടുംബാംഗങ്ങളേ,
നിങ്ങൾക്ക് എന്റെ സാദര നമസ്കാരം!

**രാ**മായണത്തിന്റെ ശീലുകൾ അലയടിക്കുന്ന കർക്കിടകമാസം കഴിഞ്ഞ് ഓണ സമൃദ്ധിയുമായി ചിങ്ങമാസം വരികയാണല്ലോ. സമത്വവും സാഹോദര്യവും സാംസ്കാരിക ഐക്യവും നമ്മെ ഉന്നതിയിലേക്ക് നയിക്കും എന്ന വിശ്വാസത്തിന്റെ ആഘോഷമാണല്ലോ മലയാളികൾക്ക് പൊന്നോണം. ഈ വർഷത്തെ ഓണാഘോഷങ്ങൾക്ക് പൊലിമ കൂട്ടുവാൻ KHNA അഞ്ജലി ഓണപ്പതിപ്പ് നിങ്ങളിലേക്ക് എത്തിക്കുകയാണ്. ഇതിലെ വിഭവങ്ങൾ നിങ്ങൾക്ക് ഇഷ്ടമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന്റെ അണിയറപ്രവർത്തകർക്കും എഴുത്തുകാർക്കും എന്റെ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.


നിങ്ങൾക്കേവർക്കും ഐശ്വര്യം നിറഞ്ഞ ഓണാശംസകൾ നേരുന്നു. അഞ്ജലി മാസിക നിങ്ങൾ ഹൃദയപൂർവ്വം സ്വീകരിക്കുമെന്ന പ്രതീക്ഷയോടെ

സ്നേഹപൂർവ്വം
**സുരേഷ് നായർ**
ജനറൽ സെക്രട്ടറി
കെ.എച്ച്.എൻ.എ

---

ബഹുമാന്യരേ,
**പൂ**ജനീയ സ്വാമി സത്യാനന്ദ സരസ്വതിയുടെ അനുഗ്രഹാശിസ്സുകളോടെ രൂപംകൊണ്ട കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്ക (KHNA) എന്ന മഹാപ്രസ്ഥാനം പ്രവർത്തന പാതയിൽ ഇന്ന് രണ്ടു പതിറ്റാണ്ടു പിന്നിട്ടിരിക്കുകയാണ്. സനാതന ധർമ്മത്തിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഈ സംഘടന വടക്കേ അമേരിക്കയിലെ ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളിലെയും ഹൈന്ദവ പ്രാതിനിധ്യത്താൽ സമ്പന്നമാണ്. നിസ്വാർത്ഥമതികളായ മുൻകാല പ്രവർത്തകരുടെ സേവനം എന്നും ഈ സംഘടനക്ക് മുതൽക്കൂട്ടായിട്ടുണ്ട്. അമേരിക്കൻ മലയാളി ഹിന്ദുക്കളുടെ പ്രതീക്ഷക്കനുസരിച്ചു KHNA യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കു കോട്ടംതട്ടാതെ 2023 ൽ ഹ്യൂസ്റ്റനിൽ ഒരു വിശാല ഹിന്ദു കൺവെൻഷൻ സംഘടിപ്പിക്കുവാനുള്ള തയ്യാറെടുപ്പുകൾ നടന്നുവരുകയാണ്.

## Message



ഹ്യൂസ്റ്റൺ കൺവെൻഷൻ വിജയമാക്കിത്തീർക്കുവാൻ നിങ്ങൾ ഓരോരുത്തരുടെയും കുടുംബ സാന്നിധ്യവും സഹകരണങ്ങളും അഭ്യർത്ഥിക്കുന്നു. ഏവർക്കും ഓണാശംസകൾ നേരുന്നു

സ്നേഹാദരങ്ങളോടെ
**ബാഹുലേയൻ രാഘവൻ**
ട്രഷറർ, KHNA
മാനേജിംഗ് എഡിറ്റർ, അഞ്ജലി

CONVENTION

# Invitation



**ഭാ**രത സംസ്കാരത്തിന്റെയും പൈതൃകങ്ങളുടെയും സംരക്ഷണാർത്ഥം ലാഭേച്ഛയില്ലാതെ  കഴിഞ്ഞ 19 വർഷമായി ആഗോള തലത്തിൽ പ്രവർത്തിക്കുന്ന സാമൂഹിക സാംസ്കാരിക സന്നദ്ധ സേവനസംഘടനയാണ് കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക (കെ എച്ച് എൻ എ).  ഹിന്ദു സമൂഹത്തിന്റെ ഏകോപനവും ഉന്നതിയും ലക്ഷ്യമിട്ട് രൂപീകരിക്കപ്പെട്ടിരിക്കുന്ന കെ എച്ച് എൻ എ ജീവകാരുണ്യപ്രവർത്തനങ്ങളും വിദ്യാഭ്യാസ സഹായങ്ങളും ചെയ്തു വരുന്നു. കഴിഞ്ഞ പത്തു വർഷമായി നിർധനരായ വിദ്യാ ർത്ഥികളെ കണ്ടെത്തി  സ്കോളർഷിപ് നൽകി വരുന്ന കെ എച്ച് എൻ എ ഇതുവരെ എണ്ണൂറോളം കുട്ടികൾക്കായി 1.2 കോടി രൂപയുടെ ധനസഹായം നൽകി കഴിഞ്ഞു.

അതേസമയം ഭേദചിന്തകളില്ലാതെ കേരളീയ ഹിന്ദു സമൂഹത്തിന്റെ വൈവിധ്യങ്ങളെ സ്വാംശീകരിച്ച് വരും തലമുറകൾക്ക് പകർന്നു നൽകുവാനായി യു എസ് എയിലും ഇന്ത്യയിലും വിപുലമായ കൺവെൻഷനുകളും ഉത്സവങ്ങളും സമ്മേളന ആഘോഷ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. ദേശീയ രാജ്യാന്തര തലത്തിൽ പ്രവർത്തിക്കുന്ന മലയാളി ഹിന്ദു വ്യവസായികളെയും പ്രൊഫഷണലുകളേയും പരിചയപ്പെടുത്തുന്നതിനും അവരുടെ കർമ്മമേഖലകൾ വിപുലപ്പെടുത്തുന്നതിനുമായി ഒട്ടേറെ ഇടപെടലുകളും കെ എച്ച് എൻ എ നടത്തുന്നുണ്ട്.

കെ എച്ച് എൻ എ കൺവൻഷനുകളിൽ യു എസ് എ , കാനഡ, മെക്സിക്കോ, യൂറോപ്പ് തുടങ്ങിയ രാഷ്ട്രങ്ങളിൽ നിന്നുള്ള കുടുംബങ്ങളും സംരംഭകരും പ്രൊഫഷണലുകളും പ്രശസ്ത വ്യക്തികളും ഉൾപ്പെടെ രണ്ടായിരത്തിലധികം ആളുകൾ സ്ഥിരമായി പങ്കെടുക്കുന്നുണ്ട്. ഹൂസ്റ്റണിൽ 2023 നവംബർ 23 – 24 തീയതികളിൽ അരങ്ങേറുന്ന കെ എച്ച് എൻ എ കൺവൻഷൻ – അശ്വമേധത്തിൽ അങ്ങയുടെ മഹനീയ സാന്നിധ്യം ഞങ്ങൾ അഭിലഷിക്കുന്നു. വർത്തമാന കാല ഹിന്ദു സമൂഹം അഭിമുഖീകരിക്കുന്ന കാതലായ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കുകയും അഭിപ്രായങ്ങൾ  വിലയിരുത്തുകയും പോംവഴികൾ ആരായുകയും ചെയ്യുന്ന വേദിയിൽ  നവീനമായ ആശയങ്ങൾക്കാണ് ഏറെ പ്രാമുഖ്യം.  ഹൈന്ദവ ശാക്തീകരണത്തിനും പുതു തലമുറയുടെ അഭ്യുന്നതിക്കും വഴിയൊരുക്കുന്ന കൺവൻഷനിൽ അങ്ങയുടെ ചിന്തകളും വീക്ഷണങ്ങളും ഏറെ പ്രസക്തമാണ്.

കൺവൻഷനിലേക്ക് അങ്ങയെ ഹൃദയപൂർവം ക്ഷണിച്ചു കൊള്ളുന്നു.

**ജി.കെ. പിള്ള**

പ്രസിഡന്റ് കെ.എച്ച്.എൻ.എ

# Editorial Board



Radhakrishnan Nair


G K Pillai


Presannan K Pillai


Vinod Vasudevan


Jayaprakash Nair


Ranjit Pillai


Dr Sudhir Prayaga


Bahuleyan Raghavan


Ravi Vellatheri


Dona Mayoora


Vanaja Nair


Dr Ravi Raghavan


Dr Biju Pillai


Dr Narayanan Neithalath


P Sreekumar

# അകംപേജുകളിൽ




**കെ.എച്ച്.എൻ.എ: ഒരു തിരിഞ്ഞുനോട്ടം**
രഞ്ജിത്ത് പിള്ള കൺവൻഷൻ ചെയർ, കെ.എച്ച്.എൻ.എ ........ 12

**ഒരോണപ്പാട്ട്**
അക്കിത്തം........ 17

**അമേരിക്കയിലെ മലയാളികൾക്കൊരു കത്ത്**
സുഗതകുമാരി........ 18

**ഉത്രാടസമസ്യകൾ**
നാരായണൻ........ 18

**സ്വർഗ്ഗാദപി ഗരീയസി**
സി. രാധാകൃഷ്ണൻ ........ 19

**വേൾഡ് ഹിന്ദു പാർലമെന്റ്: ധർമ്മവും ലക്ഷ്യവും**
മാധവൻ ബി നായർ........ 21

**ശ്രീനാരായണഗുരു: ആത്മസാക്ഷാത്കാരത്തിന്റെ പ്രമാണം**
ഷാനവാസ് കാട്ടൂർ (KHNA വൈസ് പ്രസിഡന്റ്) ........ 23

**ഭഗവാൻ ആരെയും ചവിട്ടി താഴ്ത്തിയില്ല**
ഗൗരി ലക്ഷ്മി ബായി /പി. ശ്രീകുമാർ........ 25

**കെ.എച്ച്.എൻ.എ ശുഭാരംഭചിത്രങ്ങൾ** ........ 26

**Sharing of Ideas in Conversation**
Vasudev Pulickal........ 34

**മതസൗഹാർദ്ദ കിരീടമണിഞ്ഞ ഭാരതാംബേ**
പുലരി ........ 35

**Meditation to improve your Mental Health**
Dr. M. P. Ravindra Nathan ........ 36

**നിന്നെയോർത്ത് മറ്റാരു നിറയും?**
ഡോണ മയൂര ........ 36

**Principles of Health, Aging and Longevity in Hinduism**
Dr. Sudhirdas Prayaga........ 38

**ചിത്രം (കവിത)**
വിശ്വാനന്ദ് ........ 40

**വർണ്ണച്ചിറകുള്ള തുമ്പി**
ജയൻ വെളിയനാട് ........ 42

**RADHE RAADHE......**
Sushama Venugopal, MD, FAAP........ 43

**Magnificence of the name Rama and the epic of Ramayana**
Dr. Sukumar, Canada ........ 46

**ഓണം–സുവർണ്ണശോഭയുള്ള പക്ഷി**
ദേവിക രവി........ 50

**ഭാസ്കരൻ മാസ്റ്റർ ഒരു സ്മരണാഞ്ജലി**
കുന്നപ്പള്ളിൽ രാജഗോപാൽ........ 53

**ഓർമ്മകളുടെ പച്ചപ്പിൽ മഹാകവി പാലാ നാരായണൻ നായർ**
അഞ്ജന നായർ മിനസോട്ട ........ 56

**വന്ദേ മാതരം**
പുലരി ........ 58



# കെ.എച്ച്.എൻ.എ: ഒരു തിരിഞ്ഞുനോട്ടം

**രഞ്ജിത്ത് പിള്ള** കൺവൻഷൻ ചെയർ, കെ.എച്ച്.എൻ.എ

**കേ**രള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്കയുടെ 2021–23 വരെയുള്ള ഭാരവാഹിത്വ കാല ഘട്ടത്തിലെ ആദ്യ വർഷ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ കൃതാർത്ഥതയും സാഫല്യവുമാണ് ഉള്ളിൽ നിറയുന്നത്. സംഘടനയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളെ കർമ്മ പഥത്തിൽ എത്തിക്കുവാനും അതോടൊപ്പം ഹിന്ദു സമൂഹത്തിന്റെ അഭ്യുദയത്തിനും അഭിവൃദ്ധിക്കും കൂട്ടായ്മകളെ ശക്തിപ്പെടുത്തുവാനുമായി ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിക്കാനും പ്രാവർത്തികമാക്കുവാനും ഈ കാലയളവിൽ കഴിഞ്ഞു.

കെ എച്ച് എൻ എ യുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ വിഷുനാളിൽ ആരംഭം കുറിച്ച അമ്മക്കൈനീട്ടം പദ്ധതി വ്യാപക ശ്രദ്ധയാണ് നേടിയിരിക്കുന്നത്. പ്രവാസി സമൂഹം അവരുടെ അദ്ധ്വാനത്തിൽ നിന്നുള്ള വരുമാനത്തിന്റെ ഒരു പങ്ക് ദുരിതമനുഭവിക്കുന്ന അമ്മമാരെ കണ്ടെത്തി എത്തിച്ചു നൽകുന്ന ഈ പദ്ധതി ജീവകാരുണ്യ സന്നദ്ധ സേവന മേഖലയിൽ വിപ്ലവകരമായ ആശയവും മറ്റ് സംഘടനകൾക്ക് പ്രചോദനവുമായി മാറിയിരിക്കുകയാണ്. സർക്കാർ സ്ഥാപനങ്ങൾക്ക് പോലും കഴിയാത്ത, പ്രതിഫലേച്ഛയില്ലാത്ത സഹായ പദ്ധതിയാണ് അമ്മക്കൈനീട്ടം. ഭാരതീയ സംസ്കാരത്തിൽ മാതൃജന്മം ധന്യ ജൻമമാണ്. മാതൃ സംരക്ഷണമാകട്ടെ ഹൈന്ദവർക്ക് ഏറ്റവും പുണ്യമാർന്ന കർമ്മവുമാണ്. വിഷുക്കാലം സംതൃപ്തമായ അമ്മ മനസ്സിന്റെ ചിരിയെ കണിക്കാഴ്ചയാക്കുക എന്ന ലക്ഷ്യം വച്ചാണ് കെ എച്ച് എൻ എ അമ്മക്കൈനീട്ടം പദ്ധതി ആവിഷ്ക്കരിച്ചതെങ്കിലും വർഷം മുഴുവൻ അമ്മമാരുടെ പുഞ്ചിരി നിലനിലർത്താൻ പദ്ധതിയെ പിന്നീട് വിപുലമാക്കുകയായിരുന്നു.

നിരാലംബരും അവശതയനുഭവിക്കുന്ന വരുമായ കേരളത്തിലെ അമ്മമാർക്ക് സാന്ത്വനമായി ഏർപ്പെടുത്തിയ 'അമ്മക്കൈനീട്ടം' എന്ന ധനസഹായ പദ്ധതി അങ്ങനെ ചരിത്ര സംഭവമായി മാറുകയായിരുന്നു. 60 വയസിനുമേൽ പ്രായമുള്ള നിരാശ്രയരായ അമ്മമാർക്ക് വിഷുക്കൈനീട്ടം നൽകിക്കൊണ്ടാണ് കെ എച്ച് എൻ എ അമ്മക്കൈനീട്ടം പദ്ധതിക്ക് തുടക്കം കുറിച്ചത്. പദ്ധതിയുടെ സാമൂഹികമായ ആവശ്യകതയും പ്രധാന്യവും തിരിച്ചറിഞ്ഞതോടെ ഒരു വർഷ കാലയളവിൽ ഓരോ മാസവും ആയിരം രൂപ വീതം ഹൈന്ദവീകരായ അമ്മമാർക്ക് നൽകുവാൻ കെ എച്ച് എൻ എ തീരുമാനിക്കുകയായിരുന്നു. 220 അമ്മമാർക്കാണ് അമ്മക്കൈനീട്ടം പദ്ധതിയിലൂടെ കെ എച്ച് എൻ എ ഇപ്പോൾ സഹായ ധനം നൽകി വരുന്നത്. ലോകത്ത് ഒരു സർക്കാർ ഇതര സംഘടനയും ഇത്തരമൊരു സഹായ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

അതുപോലെ കെ എച്ച് എൻ എ രൂപം നൽകിയ എച്ച് കോർ കമ്മിറ്റി യുവാക്കളിൽ പുതിയ ദിശാബോധം സൃഷ്ടിക്കുന്നതിൽ ചാലക ശക്തിയായി മാറിയിരിക്കുകയാണ്.വിവിധ മേഖലകളിൽ ഉന്നത സ്ഥാനം വഹിക്കുന്ന ഹിന്ദുക്കളായ വ്യക്തികളുടെ വിവര ശേഖരണം നടത്തുക, ഇത്തരം വ്യക്തിത്വങ്ങളുടെ അനുഭവ പാഠങ്ങളും ആശയങ്ങളും കെ.എച്ച്.എൻ.എ കുടുംബാംഗങ്ങളുടെ കുട്ടികൾക്ക് പ്രചോദനവും പ്രയോജനകരവുമാകുന്ന തരത്തിൽ സംവേദന വേദികൾ ഒരുക്കുക, വ്യത്യസ്ത രംഗങ്ങളിലെ പ്രൊഫഷണലുകളായ ഹിന്ദുക്കളെ ഏകോപിപ്പിച്ച് കെ.എച്ച്.എൻ.എ യുടെ യുവ തലമുറക്ക് മാർഗ്ഗ നിർദ്ദേശങ്ങളും ഭാവി പദ്ധതികൾ കെട്ടിപ്പടുക്കുവാൻ അവശ്യമായ സഹായങ്ങൾ ഉൾപ്പെടെ ലഭ്യമാക്കുക, യു എസിലും ഇന്ത്യയിലുമുള്ള ഹിന്ദു വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനും പ്രൊഫഷണൽ പരിശീലനങ്ങൾക്കുമുള്ള സ്കോളർഷിപ്പ് പദ്ധതികൾ ആവിഷ്ക്കരിക്കുക, ജോലി സാധ്യതകൾ ശ്രദ്ധയിൽ പെടുത്തുക തുടങ്ങിയ സേവനങ്ങളാണ് എച്ച് – കോർ കമ്മിറ്റി നിർവഹിക്കുന്നത്.

യുവ സമൂഹത്തിനെ തൊഴിൽ സാധ്യതകളെക്കുറിച്ച് ബോധ്യപ്പെടുത്തുവാനും ജോലി ഒഴിവുകൾ അറിയിക്കുവാനും കെ എച്ച് എൻ എ ലേബർ ബാങ്ക് പദ്ധതിയും ആസൂത്രണം ചെയ്തിട്ടുണ്ട്. കെ എച്ച് എൻ എ ആവിഷ്ക്കരിച്ച മൈഥിലി മാ ആദരം പദ്ധതി സഹനത്തിന്റെ പ്രതീകങ്ങളായ അമ്മമാരോടുള്ള നന്ദി രേഖപ്പെടുത്തലാണ്.

അമേരിക്കയിൽ ആദ്യ കാലത്ത് എത്തിച്ചേരുകയും വ്യക്തിഗത സംഭാവനകൾ നൽകുകയും ചെയ്ത അമ്മമാരെ 2023 ഹൂസ്റ്റൻ കൺവൻഷനിൽ ആദരിക്കും. പ്രവാസി സമൂഹത്തിന്റെ മാതൃസ്ഥാനത്തുള്ള ഈ അമ്മമാർക്ക് ആദരപൂർവം സമർപ്പിക്കുന്ന സ്ഥാനപ്പേരാണ് മൈഥിലി–മാം. മുതിർന്ന വനിതാ അംഗങ്ങളുടെയും അവരുടെ സംഭാവനകളെയും കുറിച്ച് ദേശീയ തലത്തിൽ വിവര ശേഖരണം നടത്തി കെ എച്ച് എൻ എ യുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. വരും തലമുറ അമ്മമാരുടെ സംഭാവനകൾ തിരിച്ചറിയുന്നതിനും ആദരിക്കുന്നതിനും സഹായങ്ങൾ എത്തിച്ചു കൊടുക്കുന്നതിനും വേണ്ടിയാണ് മൈഥിലി–മാം പദ്ധതി. കെ എച്ച് എൻ എ ഹൂസ്റ്റൺ കൺവൻഷന്റെ മുന്നോടിയായി നടന്ന ശുഭാരംഭം ചടങ്ങ് ഏപ്രിൽ മാസം 2021 ന് അരങ്ങേറിയപ്പോൾ മൈഥിലി–മാം മാരായിരുന്നു ഭദ്രദീപം തെളിയിച്ചത്.

ഹൂസ്റ്റണിൽ നടത്തുന്ന കൺവൻഷൺ 'അശ്വമേധ' ത്തിന് മുൻപ് ഒരു കോടി തവണ ലളിതാ സഹസ്രനാമാർച്ചന പൂർത്തിയാക്കുന്നതിനുള്ള യജ്ഞത്തിന് ഹൂസ്റ്റണിൽ ആരംഭം കുറിച്ചത് വിജയകരമായി പുരോഗമിക്കുകയാണ്. 2023 നവംബർ 23 ന് ഒരു കോടി അർച്ചന പൂർത്തികരിക്കും. എല്ലാ വെള്ളിയാഴ്ചകളിലും അമേരിക്കയിലെ വിവിധ സ്റ്റേറ്റുകളിൽ നിന്നുള്ള നൂറിലധികം അമ്മമാരാണ് ലളിതാ സഹസ്രനാമജപത്തിൽ പങ്കെടുക്കുന്നത്. ഈ യജ്ഞത്തിൽ പങ്കെടുത്ത അമ്മമാർ തന്നെയായിരിക്കും അശ്വമേധം കൺവൻഷന് നിലവിളക്കു കൊളുത്തി ആരംഭം കു

റിക്കുന്നത്. ജഗദ്ഗുരു സ്വാമി സത്യാനന്ദ സരസ്വതി വിഭാവനം ചെയ്ത ശതകോടി അർച്ചന എന്ന മഹാ യജ്ഞത്തിന്റെ തുടർ യജ്ഞ പരമ്പരയാണ് ലളിതാ സഹസ്രനാമ ജപാർച്ചന .

ഹിന്ദു സമൂഹത്തിന്റെ ആചാരങ്ങളും ആരാധന ക്രമങ്ങളും അനുഷ്ഠിക്കുന്നതിനായി കെ എച്ച് എൻ എ യുടെ ആഭിമുഖ്യത്തിൽ ടെമ്പിൾ ബോർഡ് രൂപീകരിക്കപ്പെടുകയുണ്ടായി. കേരളത്തിനകത്തും പുറത്തുമുള്ള പ്രധാന ക്ഷേത്രങ്ങളിലെ തന്ത്രിമാർ ടെമ്പിൾബോർഡിന്റെ ഭാഗഭാക്കാണ്. ഇന്ത്യയിലെ പ്രധാന ക്ഷേത്രങ്ങളിൽ സന്ദർശനം നടത്തുന്ന കെ എച്ച് എൻ എ അംഗങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും വഴിപാടുകൾ നടത്തുന്നതിനും ഇവരുടെ സേവനങ്ങൾ പ്രയോജനപ്പെടുത്താം. യു.എസ് എ ഉൾപ്പെടെ ഇന്ത്യക്ക് വെളിയിലുള്ള ക്ഷേത്രങ്ങളിലെ ഭരണാധികാരികളെയും ഭാരവാഹികളെയും ടെമ്പിൾ ബോർഡുമായി സഹകരിപ്പിക്കാൻ നടപടികൾ കൈക്കൊള്ളുന്നുണ്ട്. ഹിന്ദു വിശ്വാസ സംരക്ഷണവും സാഹോദര്യവും ഊർജ്ജിതമാക്കാനും വിശ്വാസി സമൂഹത്തെ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ഉദ്ദേശ്യ ലക്ഷ്യങ്ങളോടെയുമാണ് ടെമ്പിൾ ബോർഡ് പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്. അതുപോലെ കേരളത്തിലെ ക്ഷേത്രങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമായി പദ്ധതികൾ ആവിഷ്ക്കരിച്ച് സഹായമെത്തിക്കുക, ക്ഷേത്ര പ്രസ്ഥാനങ്ങളുമായി സഹകരിക്കുക, പിൻതുണ നൽകുക , ഓരോ ക്ഷേത്രത്തിന്റെയും ഒരു പ്രതിനിധിയെ ടെമ്പിൾ ബോർഡുമായി സഹകരിപ്പിക്കുക തുടങ്ങിയവയും ടെമ്പിൾബോർഡിന്റെ പ്രവർത്തന ലക്ഷ്യങ്ങളാണ്.

കെ എച്ച് എൻ എ രൂപം നൽകിയ മറ്റൊരു ക്രിയാത്മക പദ്ധതിയാണ് സ്കൂൾ ഓഫ് യോഗ. ആർഷഭാരത സംസ്കാരത്തിന്റെ ഏറ്റവും മൂല്യമുള്ള സംഭാവനയും സമഗ്ര ആരോഗ്യ പദ്ധതിയുമായ യോഗയെ കെ എച്ച് എൻ എ അംഗങ്ങളെ ശാസ്ത്രീയമായി പരിശീലിപ്പിച്ച് പ്രചരിപ്പിക്കുകയും സംഘടനക്ക് വരുമാന സ്രോതസ്സാക്കി മാറ്റുവാനുമാണ് ലക്ഷ്യം വയ്ക്കുന്നത്. ഇതിനായി പ്രത്യേക പാഠ്യ പരിശീലന പദ്ധതികൾ ആവിഷ്ക്കരിച്ച് കെ എച്ച് എൻ എ സ്കൂൾ ഓഫ് യോഗ കേന്ദ്രത്തിലൂടെ നടപ്പിലാക്കും. പരിശീലനം നേടുന്ന അംഗങ്ങൾക്ക് അവരവരുടെ സ്റ്റേറ്റുകളിൽ വ്യവസ്ഥകളോടെ യോഗ സെന്റർ ശാഖകളും ഉപശാഖകളും തുടങ്ങാനാകും. ഇതിനു വേണ്ടുന്ന എല്ലാ പിൻതുണയും യോഗ മാറ്റ് പോലുള്ള വസ്തുക്കളും സംഘടന നൽകും. വിപുലമായ പാഠ്യ പദ്ധതികളും കർമ്മ പരിപാടികളും ആവിഷ്ക്കരിച്ച് ഓൺ ലൈൻ യൂണിവേഴ്സിറ്റിയിലൂടെ പ്രചരിപ്പിച്ച് യോഗ സെന്ററുകൾ വ്യാപകമാക്കും. യോഗ സർട്ടിഫൈഡ് കോഴ്സിന്റെ ആദ്യ ക്ലാസുകൾ ചിങ്ങം ഒന്നിന് സമാരംഭിക്കും. കുട്ടികൾക്കും മുതിർന്നവർക്കും പ്രായം ചെന്ന വർക്കുമായി മൂന്ന് തരം കോഴ്സുകളാണ് ക്രമീകരിച്ചിരിക്കുന്നത്.

**കെ എച്ച് എൻ എ വിഭാവന ചെയ്യുന്ന മറ്റൊരു ക്രിയാത്മക പദ്ധതിയാണ് വേദിക് യൂണിവേഴ്സിറ്റി.**

ഭാരത സംസ്കൃതിയുടെ ഈടുവയ്പുകളായ വേദങ്ങളെങ്ങളെക്കുറിച്ച് യുവ തലമുറയിൽ അവബോധം സൃഷ്ടിക്കാനും പ്രചരിപ്പിക്കുവാനും വേദകാല ജീവിതചര്യകൾ സമകാലിക ജീവിതത്തിന് പ്രയോജനപ്രദമാകും വിധം പകർത്തുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കലും യൂണിവേഴ്സിറ്റിയുടെ കർമ്മ പദ്ധതികളിൽ ഉൾപ്പെടുന്നു. ജാനകി എന്ന പേരിൽ അവതരിപ്പിക്കുന്ന ദൃശ്യശ്രാവ്യ പരിപാടിയായിരിക്കും 2023 കൺവൻഷന്റെ ഏറ്റവും ശ്രദ്ധേയമായ കലാവിരുന്ന് . യു എസിലേയും കാനഡയിലേയും ഗൾഫ് രാഷ്ട്രങ്ങളിലേയും ഹിന്ദു വനിതകൾ ഭാരത സ്ത്രീകളുടെ ഭാവശുദ്ധിയുടെ ഏക വസ്ത്ര ഭാഷ്യ പ്രതീകമായ സാരി ധരിച്ച് വേദിയിലെത്തും. ഭാരത പുരാണങ്ങളിലെ സ്ത്രീ കഥാപാത്രങ്ങളെ പ്രതിനിധീകരിച്ചും അവരുടെ കഥാ ജീവിത സന്ദർഭങ്ങളെ അവതരിപ്പിച്ചു കൊണ്ടുമാണ് ഇന്ത്യൻ വനിതകളുടെ ഏക പാരമ്പര്യത്തിന്റെ വസ്ത്രമായ സാരി ചൂടി വനിതകൾ വേദിയിലെത്തുന്നത്. അഞ്ഞൂറിലധികം സ്ത്രീകളാണ് പങ്കെടുക്കുന്നത്. ജാനകി എന്ന നയന മനോഹരമായ കലാ വിരുന്നിൽ തെന്നിന്ത്യൻ ചലച്ചിത്ര താരം മാധവനുമായി കരാറിൽ ഒപ്പിട്ടു കഴിഞ്ഞു. ആഗോള ഹിന്ദു ഏകീകരണം ലക്ഷ്യമിട്ട ജഗദ്ഗുരു സ്വാമി സത്യാനന്ദ സരസ്വതിയുടെ അനുഗ്രഹാശിസ്സുകളോടെ 2001 ൽ യു.എസിൽ സ്ഥാപിതമായ കെ എച്ച് എൻ എ മേൽ വിവരിച്ച പദ്ധതികൾക്ക് പുറമേ ഒട്ടേറെ ജീവകാരുണ്യ- സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. സന്നദ്ധ പ്രവർത്തനങ്ങളുടെ സാക്ഷാത്കാരത്തിനായി സേവ ഫോറം , യൂത്ത് ഫോറം, വനിത സമിതി, സീനിയർ ഫോറം തുടങ്ങി വിവിധ ഉപസമിതികളും രൂപീകരിച്ചിട്ടുണ്ട്..


ജഗദ്ഗുരുസ്വാമി സത്യാനന്ദ സരസ്വതി വിഭാവനം ചെയ്ത വേൾഡ് ഹിന്ദുപാർലമെന്റ് എന്ന സങ്കല്പ സാക്ഷാത്ക്കാരത്തിനും കൺവൻഷനിൽ തുടക്കം കുറിക്കും. സ്വാമി വിവേകാനന്ദൻ ചിക്കാഗോയിൽ നിന്നാരംഭിച്ച ഹിന്ദു ധർമ്മ സന്ദേശ യാത്രയുടെ സ്മരണാർത്ഥം അവിടെ നിന്ന് കൊളുത്തിയ ദീപശിഖയുമേന്തി യുവ സംഘടനാ അംഗങ്ങൾ കൺവൻഷൻ സമ്മേളന വേദിയിലേക്ക് ദീപ പ്രയാണം നടത്തും. ആ ദീപശിഖയിൽ നിന്ന് സഹസ്രനാമ യജ്ഞത്തിൽ പങ്കെടുത്ത അമ്മമാർ കൺവൻഷൻ വേദിയിൽ നാളം തെളിയിക്കും.ലോകത്തിന്റെ മുഴുവൻ ശ്രദ്ധയും കൺവൻഷൻ വേദിയിലേക്ക് കേന്ദ്രീകരിക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് പരിപാടികൾ ആവിഷ്ക്കരിച്ചിരിക്കുന്നത്. ആഡംബര പ്രദർശനത്തിന് പകരം ഹിന്ദു സമൂഹത്തിന്റെ പ്രൗഢിയെ വിളിച്ചോതുന്ന അരങ്ങായി കൺവൻഷനെ മാറ്റി തീർക്കുവാനാണ് ശ്രമം.

കൺവൻഷനിൽ വിവിധ രാഷ്ട്രങ്ങളിൽ നിന്നുള്ള നേതാക്കൻമാരുടേയും ആചാര്യ സന്യാസി ശ്രേഷ്ഠൻ മാരുടെയും പ്രാതിനിധ്യം വർധിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൺവൻഷൻ ഹിന്ദുവിന്റെ ഒരുമയുടേയും ഉൾക്കാഴ്ചയുടേയും സഹന ശക്തിയുടെയും പ്രതീകമാകണം. അതിനുവേണ്ട എല്ലാവിധ സഹകരണവും പരിശ്രമങ്ങളും പ്രാർത്ഥനകളും എല്ലാ അംഗങ്ങളിൽ നിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കെ എച്ച് എൻ എ യുടെ ഓരോ അംഗത്തിനും അവരവരുടേതായ ഇടവും സ്വീകാര്യതയും ഉറപ്പു വരുത്തി എല്ലാവരേയും ഉൾക്കൊണ്ട് ഒത്തൊരുമിച്ചുള്ള പ്രവർത്തന ശൈലിയാണ് സംഘടന അവലംബിച്ചിരിക്കുന്നത്.നവംബർ 23 - 24 തീയതികളിൽ ഹൂസ്റ്റണിൽ നടക്കുന്ന കൺവൻഷൻ ഹിന്ദു സഹിഷ്ണുതയുടെ പര്യായവും ലോകാ സമസ്താ സുഖിനോ ഭവന്തു എന്ന പ്രാർത്ഥനയുടെ സാക്ഷാത്ക്കാരവുമാകാൻ നമുക്ക് യത്നിക്കാം. ഹൈന്ദവ ശാക്തീകരണത്തിനും പുതു തലമുറയുടെ അഭ്യുന്ന തിക്കുമായി നമുക്ക് ഒത്തൊരുമിക്കാം, കൈകോർക്കാം

# Executive Committee



G. K. Pillai
President




Suresh Nair
General Secretary



Bahuleyan Raghavan
Treasurer



Adv. Shanavas Kattoor
Vice President



Unni Manappurathu
Jt. Secretary



Vinod Vasudevan
Jt. Treasurer



Sanjeev Shanmughampillai
Executive Secretary

# Board of Directors


Dileepkumar
Sasidharakurukkal, Texas


Suji Vasavan
Texas


Dr. Biju Pillai
Texas


Dr. Kala Shahi
Washington DC


Suryajith Subhashithan
Texas


Malavika Pillai
North Carolina



Dr. Jayasree Nair
New York



Dileep S Pillai
Arizona


Athira Suresh
California


Mohan Panangavil
Detroit


Dr. Unnikrishnan Thampy
New York


Manoj Ravindran
Tennessee


Ambat Babu
Indiana


Sreejith Sreenivasan
Arizona


Dr. Thangam Aravind
New Jersey


Vanaja Nair
New York


Viji Nair
Chicago


Madhu Cheriyedath
New Jersey


Gopan Nair
Florida


Dr. Satheesh Ambadi
(Ex-officio) Arizona

# Board of Trustees


Dr. Ramadas Pillai (CA)
Chairman


Somarajan Nair (TX)
Vice Chairman


Prof. R. Jayakrishnan (CA)
Secretary


Anil Kumar Aranmula (TX)
Trustee


Dr. Gopalan Nair (AZ)
Trustee


Gopinatha Kurup (NY)
Trustee


Nandakumar Chakkingal(FL)
Trustee


Presannan Pillai (IL)
Trustee


Rajeev Bhaskaran (NY)
Trustee


Dr. Ranjini Pillai (NC)
Trustee


Dr. Ravi Raghavan (CA)
Trustee


Ravi Vellatheri (CA)
Trustee


Suda Kartha (PA)
Trustee


Dr. Sudhir Prayaga (MO)
Trustee


Surendran Nair (MI)
Trustee


Ranjit Pillai
Convention Chairman


Madhavan B Nair
Advisory Board & Global Hindu Parliament Chair

*For information*

**President**
**GK Pillai**
(832) 277-0234

**Convention Chair**
**Ranjit Pillai**
(713)417 7472
savemeram@gmail.com



# ഒരോണപ്പാട്ട്

**അക്കിത്തം**

ഓണംവരുമ്പൊഴെന്തോരോകുറിയും നീ
നാണിച്ചുപോകുന്നതോമലാളേ?

കുന്നത്തു പൂനുള്ളി നിൽക്കേ നീയാദ്യമാ–
യെന്നെക്കണ്ടെത്തിയതോർത്തിട്ടോ?

അന്നു നീ ചുറ്റിയോരോണപ്പുടവയു–
ണ്ടിന്നും മടക്കുലയാതെതന്നെ;

അന്നു നീ മേലിട്ട പൂവിട്ട വേഷ്ടിയോ,
തുന്നത്തു തുന്നിയ പേരോടെ.

അന്നു കണ്ണാന്തളിപ്പൂവിൽനിന്നുണ്ടായൊ–
രാനന്ദമേളമായ് നിൽക്കവേ നീ

ആയിരമക്ഷരപ്പൂട്ടു തുറന്നെന്റെ–
യന്തരാത്മാവിൽ ചെന്നെത്തീലേ?

അന്തരാത്മാവിലെപ്പൊൻചെപ്പിലിന്നുമു–
ണ്ടന്നെനിക്കുണ്ടായ രോമഹർഷം;

ആനവലിച്ചിട്ടനങ്ങീലാപ്പൊൻചെപ്പെ–
ന്നാളുകൾക്കെന്നിട്ടുമാശ്ചര്യം!

ഓണംവരുമ്പൊഴെന്തോരോകുറിയും നീ
നാണത്തിൽ മുങ്ങുന്നതോമലാളെ?

കുന്നത്തു പൂനുള്ളി നിൽക്കെ നീയാദ്യമാ–
യെന്നെക്കുടുക്കിയതോർത്തിട്ടോ?



# അമേരിക്കയിലെ മലയാളികൾക്കൊരു കത്ത്




**സുഗതകുമാരി**

**ഉ**ള്ളിന്റെയുള്ളിൽ ഗൃഹാതുരത്വം പേറി
യല്ലലിൽ താഴാതുയർന്ന ശിരസ്സുമായ്
തങ്ങൾക്കഭിമതമായ പണികളിൽ
മുങ്ങിയദ്ധ്വാനിച്ചു ബുദ്ധിയാൽ, മെയ്യിനാൽ
മായപോൽ സർവ്വസുഖങ്ങളും നൽകുമാ
ഡോളറിന്നൈശ്വര്യ സാമ്രാജ്യവേദിയിൽ

സ്വന്തമാം കാലിൽ നിവർന്നുനിന്നും സ്വീയ–
മന്തസ്സിയന്നും വസിക്കും സഹജരേ,
നിങ്ങളെച്ചൊല്ലിയഭിമാനമേലുമോലുമീ–
യമ്മ ദരിദ്രയാണാർത്തയാണെങ്കിലും
മക്കൾ സുഖമായ് കഴിയുന്നുവെന്നതേ
ദുഃഖമാറ്റുന്നതീയാർദ്രമാം ജീവനിൽ





# ഉത്രാടസമസ്യകൾ

**നാരായണൻ**

**ഉ**ത്രാടനാളിലുണ്ണീ നിൻ സമസ്യകളാ–
ലെന്നെയുത്തരം മുട്ടിച്ചീടല്ലേ

അറിയുന്ന സത്യങ്ങൾ ചൊല്ലീടുകിൽ
ഖേദമാത്രമോ ഫലമെന്ന് ചോദിച്ചീടല്ലേ

തോരാത്ത തോയമെടുത്തൊരു നിൻ
കൂരയ്ക്ക് പകരമെന്തെന്നു ചോദിക്കല്ലേ

അന്യന്റെ കനിവിനാൽ നിറയും ഖജനാവിൽ
അന്നം  നിനക്കൽപ്പമില്ലേയെന്നും ചോദിക്കല്ലേ

അയ്യനെക്കാണാനാർക്കൊക്കെ പോകാമെ–
ന്നൊരിക്കലുമെന്നോട് നീ ചോദിക്കല്ലേ

വരിയിൽ വിരിയുമംഗനസൗന്ദര്യം
നവോത്ഥാനകാരണമോയെന്നും  ചോദിക്കല്ലേ

ആകാശവീഥിയിൽ നിന്നുതിരും കാഞ്ചനം
ആരുടേതെന്നോരിക്കലും ചോദിക്കല്ലേ
പണിതതിൻ പിൻനാൾ പൊളിയുന്ന പാലങ്ങളീ
നാട്ടിൽ മാത്രമോയെന്നൊട്ടും ചോദിക്കല്ലേ


ആകെയെനിക്കറിയുന്നതുത്രാടരാവ്
പുലർന്നാൽ തിരുവോണമെന്നതു മാത്രം,

നല്ലതു മാത്രം ചിന്തയിൽ വരേണം, ഈയോണം
നാടിനു നന്മപ്രദായകമാകീടേണം





# സ്വർഗ്ഗാദപി ഗരീയസീ



**സി. രാധാകൃഷ്ണൻ**

കള്ളവും ചതിയും അനീതിയും ഒട്ടും ഇല്ലാതെ, ഉള്ള വിഭവംകൊണ്ട് എല്ലാരുമെല്ലാരും സന്തുഷ്ടരായി കഴിയുന്ന ഒരു സമൂഹം സാധ്യമാണോ?

ഏയ് ഒരിക്കലും അല്ല എന്നാണ് ആധുനിക സാമ്പത്തിക രാഷ്ട്രീയ സാമുദായിക ശാസ്ത്രങ്ങളിൽ പ്രവീണരായവർ മിക്കവരും ഏകസ്വരത്തിൽ പറയുന്നത്. മത്സരം ഇല്ലാതെ എന്ത് പുരോഗതി, വൻ മതിലുകൾ ഇല്ലാതെ എന്ത് രക്ഷ, വലിയ സൈന്യങ്ങളും മാരകായുധങ്ങളും ഇല്ലാതെ എന്ത് സമാധാനം, ജയിലുകൾ ഇല്ലാതെ ആർക്കെങ്ങനെ നല്ല പൊറുതി, കാവൽ നായ്ക്കൾ ഇല്ലാതെ എങ്ങനെ ഉറക്കം വരാൻ എന്നൊക്കെയാണ് ഈ കാലത്തെ നമ്മുടെയൊക്കെ അങ്കലാപ്പുകൾ.

അറിവ് വളരുംതോറും അശാന്തി പെരുകുന്ന വിരോധാഭാസം നമ്മെ വല്ലാതെ അമ്പരപ്പിക്കുന്നു. ശാന്തമായ മറുകരയിലേക്കുള്ള പാലം അന്വേഷിച്ച് കരഞ്ഞലയുകയാണ് നമ്മൾ.

ഇങ്ങനെയൊന്നുമല്ലാത്ത ഒരു കാലം ഉണ്ടായിരുന്നു എന്ന് പറയുമ്പോൾ അത് വെറും പകൽക്കിനാവാണ് എന്നാണ് മറുപടി. അവിവേകം കൊണ്ട് സ്വർഗ്ഗത്തിൽനിന്ന് പുറത്താക്കപ്പെട്ടവരാണ് നാം എന്നതൊരു വെറും കഥയാണ് എന്നും പലരും പറയുന്നു.

നല്ലപോലെ ആലോചിച്ചു നോക്കുക. നമുക്ക് ഒരു സ്വർഗ്ഗം ഉണ്ടായിരുന്നു എന്നതിന് തെളിവുണ്ട്. അതിന്റെ ഓർമ്മ നിലനിർത്താൻ ഇപ്പോഴും നമുക്ക് ഒരു ഓണം തിരുവോണം ഉണ്ടല്ലോ!

ഒരാൾ ഒരു മനോഹരസ്വപ്നം കാണാം. ഒരു നാട് ഒരുമിച്ച് അത്തരം ഒരു സ്വപ്നം കാണില്ലല്ലോ. അതിനാൽ ഓണം ഒരു പൂതി സ്വപ്നമല്ല നഷ്ടസ്മൃതിയാണ് എന്ന് തീർച്ച. ആ സ്മൃതി വെറുതെയല്ല. അത്താഴത്തിന് മുമ്പ് ഒരു വിളക്കുമായി പടിപ്പുര വാതിൽക്കൽ ചെന്ന് വഴിപോക്കർ ഉണ്ടോ അത്താഴപ്പഷ്ണിക്കാരുണ്ടോ എന്ന് വിളിച്ചു ചോദിക്കുന്ന പതിവ് നമുക്കുണ്ടായിരുന്നുവല്ലോ. അകത്ത് ഓണം ഉണ്ണുന്നതിന് മുമ്പ് പുറത്ത് പൂമുഖത്ത് ആർക്കെന്നില്ലാതെ ഒരു തൂശനിലയിൽ എല്ലാ വിഭവങ്ങളും ഉൾപ്പെടെ ഓണസദ്യ വിളമ്പി വയ്ക്കുകയും പതിവായിരുന്നില്ലേ?

മേച്ചിലിനുള്ള ഓട് വരും മുമ്പുള്ള കാലങ്ങളിൽ പരസ്പര സഹായ അടിസ്ഥാനത്തിൽ പുര മേഞ്ഞുകൊണ്ടിരുന്നത് എനിക്ക് ഓർമ്മയുണ്ട്. അതൊരു കൂലി വേല ആയിരുന്നില്ല.

**എന്നോട് മറ്റൊരാൾ എങ്ങനെ പെരുമാറണം എന്ന് ഞാൻ ആഗ്രഹിക്കുന്നുവോ അതുപോലെ മാത്രം ഞാൻ അന്യരോട് പെരുമാറുകയും, ആരെയും പേടിക്കാതെയും പേടിപ്പിക്കാതെയും കഴിയുകയും, ഞാനാരുടെയും താഴെയും മേലെയും അല്ല എന്ന് തീർത്ത് ഉറപ്പിക്കുകയും എന്റെ സന്തോഷത്തിന് ഞാൻ ചെയ്യുന്നത് അന്യരുടെ സന്തോഷത്തിനേ ആകാവൂ എന്നും ശീലമാക്കിയ സമൂഹം. അതാണ് തിരുവോണ സമുദായം.**

എല്ലാ വീട്ടിലെയും കന്നുകാലികൾ എല്ലാരുടെ വയലുകളിലും മാറിമാറി പണിയെടുത്തിരുന്നതും കൂലിക്ക് ആയിരുന്നില്ല. താഴ്ന്ന നിലങ്ങളിൽ ആദ്യം കൃഷിയിറക്കും. സന്തോഷാവസരങ്ങളിലും സന്താപാവസരങ്ങളിലും എല്ലാവരും അതതു വീട്ടിൽ ഒത്തുകൂടും. പത്തു കണ്ണിമാങ്ങയുണ്ടായാലും നാലു വീട്ടിൽ കൊടുത്തേ അനുഭവിക്കു. ഗ്രാമങ്ങൾ മിക്കവാറും സ്വയം പര്യാപ്ത സമൂഹങ്ങൾ ആയിരുന്നു. തീർച്ചയായും ഉവ്വ്, ഇല്ലായ്മകളും വല്ലായ്മകളും പറയാതെത്തന്നെ അന്യോന്യം അറിയുന്ന ഒരു നല്ല കാലം നമുക്കുണ്ടായിരുന്നു.

അത് ഒരു ദിവസം കൊണ്ട് പൊട്ടിമുളച്ച നന്മ ആയിരുന്നുമില്ല. നൂറ്റാണ്ടുകളിലൂടെ വളർന്നുവന്നതാണ്. പതിയിരത്താണ്ടുകളായി എവിടന്നൊക്കെയോ ആളുകൾ ഈ കൊച്ചു കേരളത്തിൽ വന്നു. വന്നവർ ഒന്നും ആക്രമിച്ച് അല്ല വന്നു കയറിയത്. നേരത്തെ വന്നവർ പുതിയതായി വന്നവരെ തുരുത്തിയും ഇല്ല. മറിച്ച് സ്വാഗതം ചെയ്തു, എല്ലാ സൗകര്യങ്ങളും നൽകി സൽക്കരിച്ചു. ജൂതരും ക്രിസ്ത്യാനികളും മുഹമ്മദീയരും ആ മതങ്ങൾ ഉറവെടുത്തേടങ്ങളിൽ നിന്ന് പുറത്ത് കടന്ന് ആദ്യമായി ആരാധനാലയങ്ങൾ സൃഷ്ടിക്കുന്നത് ഈ കൊച്ചു കേരളത്തിലാണ്. ഇവരെല്ലാം ഇവിടെ ഉണ്ടായിരുന്നവരോട് ഇഴുകിച്ചേർന്നു. അവരവരുടെ ആചാരങ്ങളും വിശ്വാസങ്ങളും പുലർത്തിക്കൊണ്ട് സുഖമായി ഒത്തുകൂടി. ഭൂമിയിലുള്ള എല്ലാ നരവംശ മാതൃകകളും ഇവിടെ കാണാം. അതേ, മാലോകർ എല്ലാരും ഒന്നുപോലെ.

എന്നോട് മറ്റൊരാൾ എങ്ങനെ പെരുമാറണം എന്ന് ഞാൻ ആഗ്രഹിക്കുന്നുവോ അതുപോലെ മാത്രം ഞാൻ അന്യരോട് പെരുമാറുകയും, ആരെയും പേടിക്കാതെയും പേടിപ്പിക്കാതെയും കഴിയുകയും, ഞാനാരുടെയും താഴെയും മേലെയും അല്ല എന്ന് തീർത്ത് ഉറപ്പിക്കുകയും എന്റെ സന്തോഷത്തിന് ഞാൻ ചെയ്യുന്നത് അന്യരുടെ സന്തോഷത്തിനേ ആകാവൂ എന്ന് ശഠിക്കുകയും ഉറച്ച ശീലമാക്കി നിലനിന്നവരുടെ സമൂഹം. അതാണ് തിരുവോണ സമുദായം.

ഇങ്ങനെയൊരു സ്വപ്നം തലമുറകളായി കാത്തു പോരുന്ന ഒരേ ഒരു സമൂഹം ലോകത്ത് അന്നുതൊട്ടിന്നേവരെ കേരളീയരുടേതു മാത്രമാണ്. എവിടെയൊക്കെ പോയോ അവിടെയൊക്കെ അലിഞ്ഞുചേർന്ന് അവിടങ്ങളിൽ ഈ ഒരു സ്വപ്നം കേരളീയർ പങ്കിടുകയും ചെയ്യുന്നു. ആത്യന്തികമായ നന്മയുടെ വെളിച്ചത്തിൽ പുലരുന്ന മാനവസംസ്കാരത്തിന്റെ അംബാസഡർമാർ.

വെള്ളത്തിൽ ഒരു കുഴി കുഴിച്ച് നിലനിർത്താൻ കഴിയില്ല എന്ന് തിരുവോണ പാരമ്പര്യക്കാരായ നാം മനസ്സിലാക്കുന്നു. അതുപോലെ, എനിക്കു മാത്രമായി ഈ ഭൂമിയിൽ സുഖവും ശാന്തിയും ഉണ്ടാവില്ല എന്നും. എല്ലാവർക്കും ഉണ്ടായാലേ എനിക്ക് ഉണ്ടാവൂ. അതായത്, എല്ലാവർക്കും സുഖമാവുക എന്നതാകണം എന്റെ ഏറ്റവും വലിയ സ്വാർത്ഥം! മണ്ടത്തരങ്ങൾ മാറി മനുഷ്യന് ഈ കാഴ്ചപ്പാട് കൈവരിക്കുക എന്നത് മാത്രമേ ഇനിയൊരു ലോകമഹാമാറ്റത്തിന് ആവശ്യമുള്ളൂ.

സയൻസ് നാളെ ലോകത്തെയാകെ ഉള്ളംകയ്യിലെ നെല്ലിക്കപോലെ ഒന്നാക്കുമ്പോൾ ഈ കാഴ്ചപ്പാട് മാത്രമേ പ്രായോഗികമായി സാധ്യമാവൂ എന്ന് കാണാൻ എന്താണ് വിഷമം? ലോകത്തെങ്ങും എന്നും ഓണം തിരുവോണം ആയിരിക്കേണ്ടേ? കാലങ്ങളായി നാം കാത്തുവെച്ച ഈ സ്വപ്നം നമുക്ക് യഥാവസരം ലോകത്തിന് കൈമാറാൻ കഴിയണ്ടേ? അപ്പോൾ നാം ആദ്യമായി ചെയ്യേണ്ടത് വിലയേറിയ അത് നമുക്ക് ഇവിടെ വീണ്ടും ജീവിതവ്രതമാക്കുക തന്നെയല്ലേ?

അതായത് പ്രാഥമിക കർത്തവ്യം നമുക്കിടയിൽ തന്നെ വന്നുപെട്ട വിഷമതകൾക്കു പരിഹാരം കാണലല്ലേ? വിഭാഗീയതകളുടെ പിശാച് നമ്മെ എങ്ങനെ ആവേശിച്ചു? നമ്മൾ എന്ന വാക്കു മറന്ന് ഞങ്ങൾ നിങ്ങൾ എന്ന് ജപിക്കാൻ നമ്മൾ എങ്ങനെ പഠിച്ചു? എനിക്കുണ്ടെങ്കിലേ എനിക്കുള്ളൂ എന്ന് വിശ്വസിക്കുന്ന മണ്ടന്മാരായി നാം എങ്ങനെ മാറി?

ഈ ഓണക്കാലത്ത് നമുക്ക് ചിന്തിക്കാനുള്ള കാര്യം ഇതാണെന്ന് എനിക്ക് തോന്നുന്നു. അല്ലാതെ, ഓണം ഒരു മതപരമായ ചടങ്ങ് ആണോ, മഹാബലി വാസ്തവത്തിൽ ഇവിടെ ഉണ്ടായിരുന്ന ഒരു ചക്രവർത്തി ആണോ, വാമനൻ ഒരു അവതാരം ആണോ, അദ്ദേഹം മഹാബലിയെ ചതിക്കുകയായിരുന്നോ, ചിങ്ങത്തിൽ പത്തുനാൾ ഒഴികെ കൊല്ലം മുഴുവൻ മഹാബലി പാതാളത്തിൽ കഴിയുകയാണോ, തന്റെ സൽഭരണം കൊണ്ട് ഒരു ജനതയെ മുഴുവൻ നീതിമാന്മാരാക്കി ഒരു ഭരണത്തിന്റെ തന്നെ ആവശ്യമില്ലാതാക്കി മാറ്റിയ രാജർഷിയെ ആദരവോടെ ഓർക്കുന്നതോടൊപ്പം അദ്ദേഹത്തെ ചതിച്ച് സ്ഥാനഭ്രഷ്ടനാക്കിയ ഒരാളെ കൂടി ആദരിക്കാൻ അരങ്ങ് ഒരുങ്ങുന്നത് എന്താടിസ്ഥാനത്തിൽ എന്ന് അമ്പരക്കുകയോ ഒക്കെ ചെയ്യുന്നതിന് പകരം ഒരു മഹാദർശനത്തെ ഉയർപ്പിക്കാൻ ആയിരിക്കട്ടെ നമ്മുടെ പരിശ്രമം.

പാശ്ചാത്യർ ഇവിടെ വരുന്നതുവരെയുള്ള കേരള ചരിത്രം ഏതാനും ചില ചെമ്പു പട്ടയങ്ങളിലും ബാക്കി ഊഹാപോഹങ്ങളിലും മാത്രമാണ് ഊന്നി നിൽക്കുന്നത്. പട്ടയങ്ങൾ വളരെയൊന്നും വിശ്വസനീയങ്ങൾ അല്ല എന്ന് ഈ അടുത്ത കാലത്തെ സംഭവവികാസങ്ങൾ തെളിയിച്ചതിനാൽ ആകെ ഉറപ്പുള്ള കാര്യം ഏതാണ്ട് 1200 കൊല്ലം മുമ്പ്, അതായത് കൊല്ലവർഷപ്പിറവിയോട് അനുബന്ധിച്ച്, കാര്യമായി ഒരു വ്യവസ്ഥിതിമാറ്റം ഇവിടെ സംഭവിച്ചിട്ടുണ്ട് എന്നാണ്. ഏതായാലും, അതിനെയും അതിജീവിച്ച് ഓണം, ചില്ലറ പരിക്കുകളോടെയാണെങ്കിലും, ഇപ്പോഴും നമ്മുടെ സഞ്ചിത സംസ്കാരത്തിൽ ഉണ്ട്. ഉപേക്ഷ വിചാരിച്ച് അത് കളഞ്ഞു കുളിക്കാതിരുന്നാൽ നമുക്ക് , അതുകൊണ്ട് മാത്രം രക്ഷപ്പെടാൻ കഴിയുന്ന ലോകത്തിനും, നല്ലത്.



# വേൾഡ് ഹിന്ദു പാർലമെന്റ്
# ധർമ്മവും ലക്ഷ്യവും



**മാധവൻ ബി നായർ**

വേൾഡ് ഹിന്ദു പാർലമെന്റ് എന്താണെന്നും എന്തിനാണെന്നും വിശദമാക്കുമ്പോൾ തന്നെ അതിന്റെ ധർമ്മം ലക്ഷ്യം എന്നിവയെക്കുറിച്ചും ആദ്യമേ പറയേണ്ടതുണ്ട്. ഹൈന്ദവ ധർമ്മ പരിപാലനവും ഹൈന്ദവരുടെ അഭ്യുന്നതിയുമാണ് പ്രസ്ഥാനത്തിന്റെ ആത്യന്തികമായ ലക്ഷ്യം. അപ്പോൾ ആരാണ് ഹൈന്ദവർ എന്ന ചോദ്യം ഉയരുന്നു.

ആ ചോദ്യത്തിന് ആദ്യം നൽകാവുന്ന വ്യാഖ്യാനം – ധർമ്മമാകുന്ന മാർഗത്തിലൂടെ മോക്ഷമാകുന്ന ലക്ഷ്യത്തിലേക്കുള്ള ജീവിത തീർത്ഥയാത്ര നടത്തുന്നവർ എന്നാണ്. ധർമ്മത്തിന് കോട്ടം വരാതെ പുരുഷാർത്ഥങ്ങളിലൂടെ (ധർമ്മം, അർത്ഥം, കാമം, മോക്ഷം) യഥാർത്ഥ ഹിന്ദു കടന്നുപോകുന്നു.അപ്പോൾ ധർമ്മം എന്താണ് എന്ന് ബോധ്യപ്പെടേണ്ടിയിരിക്കുന്നു.ശങ്കരാചാര്യരുടെ അഭിപ്രായപ്രകാരംധർമ്മം എന്നാൽ സാമൂഹിക വ്യവസ്ഥിതി ഉത്തമമാക്കുക, എല്ലാവരുടേയും ലൗകിക ജീവിതത്തിൽ അഭിവൃദ്ധി ഉണ്ടാക്കുന്നതോടൊപ്പം അവരുടെ ആത്മീയ ഉയർച്ചയും ഉണ്ടാക്കുക എന്ന മൂന്ന് ഉദ്യമങ്ങളും നടപ്പിലാകുന്ന എന്തോ അതാണ് ധർമ്മം. ഈ വ്യാഖ്യാനത്തിൽ നിന്നും ധർമ്മത്തിന്റെ വ്യാപ്തിയും, അതിന് മനുഷ്യ ജീവിതത്തിൽ ഉള്ള അസാധാരണമായ പ്രാധാന്യവും മനസ്സിലാക്കാം.

ഏത് മാധ്യമത്തിലൂടെ ആണോ അഭ്യുദയവും (ലൗകീക നേട്ടം) മോക്ഷവും രണ്ടും നേടാൻ സാധിക്കുന്നത് അത് ധർമ്മം. ഒരു ജന്മത്തിൽ വ്യക്തി ധർമ്മാചരണം ചെയ്യുമ്പോൾ അയാൾ ആത്മീയമായി ഉയരുന്നു. മരണാനന്തരം ആ വ്യക്തിക്ക് സദ്ഗതി ലഭിക്കുന്നു. സ്വാമിവിവേകാനന്ദൻ ധർമ്മത്തെ കുറിച്ച് പറഞ്ഞിരിക്കുന്നത്, 'യഥാർഥത്തിൽ ധർമ്മം എന്നാൽ ആത്മാനുഭൂതി എന്നാണ്.'

" ജഗത: സ്ഥിതികാരണം പ്രാണിനാം സാക്ഷാത് അഭ്യുദയനി: ശ്രേയസഹേതുര്യ: സ ധർമ്മം"  ആദിശങ്കരാചാര്യർ

– ഈ ലോകത്തിന്റെ ഏറ്റവും മികച്ച രീതിയിലുള്ള ഭരണവും, സർവ്വ ജീവജാലങ്ങളുടെ ഭൗതിക ഉയർച്ചയും കൂടാതെ ആത്മീയ ഉന്നതിയും (മോക്ഷം ലഭിക്കുക) എന്ത് ചെയ്താലാണോ ഉണ്ടാവുക, അത് ധർമ്മം എന്നാണ് ശങ്കരഭാഷ്യം.

ധർമ്മഗ്രന്ഥങ്ങളുടെ സമാഹർത്താക്കളെ സംബന്ധിച്ചിടത്തോളം ധർമ്മം എന്ന വാക്കിന്റെ വ്യാഖ്യാനത്തിന്റെ വ്യാപ്തി വെറും ആത്മീയ സാധന ചെയ്യുന്ന ഒരു കൂട്ടം എന്നതിൽ ഒതുങ്ങുന്നില്ല. മറിച്ച് ഒരു വ്യക്തി സമൂഹത്തിന്റെ ഭാഗം എന്ന നിലയിൽ അവന്റെ കഴിവനുസരിച്ച് അവന്/അവൾക്ക് പുരോഗതി ഉണ്ടാകാനും മാനവരാശിയുടെ ഉയർച്ചക്ക് വേണ്ടി വ്യക്തിപരമായി ചെയ്യേണ്ടതും, അരുതാത്തതും ആയ പ്രവൃത്തികളെ കൂട്ടിയിണക്കുന്നതും ആകുന്നു. ഈ ആശയ സംഹിതകൾ ഉത്തരാധുനിക കാലത്ത് പ്രായോഗികവും പ്രാവർത്തികവുമാക്കുന്നതിന്

ജഗദ്ഗുരു സ്വാമി സത്യാനന്ദ സരസ്വതി വിഭാവനം ചെയ്ത പ്രസ്ഥാനമാണ് വേൾഡ് ഹിന്ദു പാർലമെന്റ് (ഡബ്ലിയു.എച്ച്.പി) . ഭാരതീയ സനാതന മൂല്യങ്ങളിൽ അധിഷ്ഠിതമായാണ് സ്വാമിജി ഡബ്ലിയു.എച്ച്.പിക്ക് രൂപം നൽകിയിരിക്കുന്നത്. ധർമ്മാർത്ഥ കാമമോക്ഷമെന്ന സനാതന മൂല്യങ്ങൾ തന്നെയാണ് വേൾഡ് ഹിന്ദു പാർലമെന്റിന്റെയും ആധാരശില. ഇരുപത് വർഷങ്ങൾക്ക് മുന്നേ സ്വാമി സത്യാനന്ദ സരസ്വതി വിഭാവനം ചെയ്ത പ്രസ്ഥാനം ഇപ്പോൾ സാക്ഷാത്ക്കാരത്തിന്റെ പടിവാതിലിലാണ്. ഒട്ടേറെ സംഘടനകളുടെ ക്രിയാത്മകമായ ഏകോപനത്തിലൂടെയാണ് വേൾഡ് ഹിന്ദു പാർലമെന്റ് യാഥാർത്ഥ്യമാകുന്നത്.ഭാരതത്തിന്റെ സനാതന സംസ്കൃതിക്ക് ഒട്ടേറെ ചരിത്ര ഘട്ടങ്ങളിൽ വലിയ വെല്ലുവിളികൾ നേരിടേണ്ടി വന്നിട്ടുണ്ട്. സ്വാതന്ത്ര്യാനന്തരവും ഇത്തരം വെല്ലുവിളികൾ പല കോണുകളിൽ നിന്നു മുയരുന്നുണ്ട്. ഈ വെല്ലുവിളികൾ നേരിടുന്നതിനും പരിഹരിക്കുന്നതിനുമാണ് വേൾഡ് ഹിന്ദു പാർലമെന്റ് ലക്ഷ്യം വയ്ക്കുന്നത്.

ലോകത്തെ മിക്ക മതങ്ങളും മതാധിഷ്ഠിതം മാത്രമാണെന്ന് സ്വാമി സത്യാനന്ദ സരസ്വതി ചൂണ്ടികാട്ടിയിട്ടുണ്ട്. മിക്ക മതങ്ങൾക്കും രാഷ്ട്രീയ സ്വാധീനവും സാമ്പത്തിക അടിത്തറയുമുള്ള ചട്ടക്കൂടു മുണ്ട് . നിർഭാഗ്യകരമെന്ന് പറയട്ടെ ഹിന്ദു മതത്തിന് ഇത്തരത്തിലൊരു ഘടനയില്ല. കാലാകാലങ്ങളായി ഹിന്ദു മതത്തിന് രാഷ്ട്രീയ സ്വാധീനവും സാമ്പത്തിക അടിത്തറയും ദേശീയ അന്തർദേശീയ തലത്തിൽ കുറഞ്ഞു വരികയായിരുന്നു. ഈ സന്ദിഗ്ധതകളെ നേരിടുന്നതിനും ഹൈന്ദവരുടെ സ്വയം പര്യാപ്തത സാധ്യമാക്കുന്നതിനും വേണ്ടിയായിരുന്നു സ്വാമിജി വേൾഡ് ഹിന്ദു പാർലമെന്റ് എന്ന സങ്കല്പം ദീർഘവീക്ഷണം ചെയ്തത്. ഒരു ക്ഷേമ രാഷ്ട്ര സങ്കല്പത്തിൽ ധർമ്മം രാഷ്ട്രീയവുമായി അഭേദ്യ ബന്ധം പുലർത്തിയിരിക്കണം. മതം, സാമ്പത്തികം, രാഷ്ട്രീയം എന്നിവ പരസ്പര പൂരകങ്ങളായിരിക്കണം. ഈ മൂന്ന് തലങ്ങളും ആനുപാതികമായി സംയോജിപ്പിക്കപ്പെട്ടാൽ മാത്രമേ ജനാധിപത്യം ശക്തവും ഊർജസ്വലവുമാകുകയുള്ളൂ. ഈ ഘടകങ്ങളുടെ ഏകോപനമില്ലെങ്കിൽ അത് അക്രമങ്ങൾക്കും നാശനഷ്ടങ്ങൾക്കും വഴി വയ്ക്കും. ഒരു ജനാധിപത്യ രാഷ്ട്രത്തിൽ ഭൂരിപക്ഷ വിഭാഗമായതിനാൽ ഇവിടുത്തെ ഹിന്ദുക്കൾ എക്കാലത്തും പല ചരിത്ര ഘട്ടങ്ങളിൽ രാജ്യത്തേക്ക് കുടിയേറുകയും അധിനിവേശം നടത്തുകയും ചെയ്തവരോട് എന്നും സഹിഷ്ണുതയും അനുഭാവവുമേ കാട്ടിയിട്ടുള്ളൂ. ലോകാ സമസ്താ സുഖിനോ ഭവന്തു എന്ന് മാത്രം പ്രാർത്ഥിക്കുന്ന ഭാരതീയർ അധിനിവേശം നടത്തിയവരുടെ പിൻ തലമുറയെ ന്യൂനപക്ഷങ്ങളായി കണ്ട് അവർക്ക് പല വിധ സംവരണങ്ങൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും ഇളവുകളും പ്രത്യേക അവകാശങ്ങളുമാണ് നൽകി പേ ാന്നത്. എന്നാൽ ഉത്തരാധുനികാനന്തര ഭാരതത്തിൽ ന്യൂനപക്ഷങ്ങൾ പല സംസ്ഥാനങ്ങളിലും ഭൂരിപക്ഷമാകുകയും പ്രബലരാകുകയും ചെയ്യുന്ന കാഴ്ചകളാണ് കാണുന്നത്. ഇന്ത്യൻ ദേശീയതയെ പോലും വെല്ലുവിളിക്കുന്ന ഛിദ്ര തീവ്രവാദ ശക്തികളായും ഇവരിൽ ഒരു വിഭാഗം മാറിക്കഴിഞ്ഞു. ഈ പരിവർത്തനത്തിന് ഊർജ്ജം പകരുന്നത് അപരനെ വെറുക്കാൻ പഠിപ്പിക്കുന്ന അവരുടെ സംഘടിത മതങ്ങളാണ്. ഈ സന്ദിഗ്ധ ഘട്ടത്തിൽ കൂട്ടായ്മയും ഏകോപനവുമില്ലാതെ നാളുകൾ തള്ളിവിടുന്ന ഹൈന്ദവ ജനത ക്രമേണ ഭാരത ഭൂവിൽ വെറും നോക്കുകുത്തികളായി പരിണമിക്കുകയേ ഉള്ളൂ. ശ്രീ നാരായണ ഗുരു അരുളി ചെയ്തതുപോലെ വിദ്യ കൊണ്ട് പ്രബുദ്ധരാകുകയും സംഘടിച്ചു ശക്തരാവുകയും വ്യവസായങ്ങളിലൂടെ അഭിവൃദ്ധിപ്പെടേണ്ടിയിരിക്കുന്നു നാം.

വേൾഡ് ഹിന്ദു പാർലമെന്റ് മുന്നോട്ടുവയ്ക്കുന്ന ഇത്തരം ആശയങ്ങളെ പ്രാവർത്തികമാക്കുന്നതിനു വേണ്ടിയാണ് സ്വാമി സത്യാനന്ദ സരസ്വതി ഹരി (ഹിന്ദു ആർഷിക് റിണൈസൻസ് ഇന്റർനാഷണൽ) പ്രോജക്ടിന് രൂപം നൽകിയത്. അഖില ലോക ഹിന്ദുക്കളെ ഒരു കുടക്കീഴിൽ അണിനിരത്തുകയെന്ന യജ്ഞമാണ് ഹരി പ്രോജക്ടിലൂടെ നടപ്പിലാക്കുന്നത്.വേൾഡ് ഹിന്ദുപാർലമെന്റ് സാക്ഷാത്ക്കാരത്തിന്റെ ആവിഷ്ക്കരണ മാർഗ്ഗമായ 'പ്രോജക്ട് ഹരി' ലോക ഹിന്ദു സമൂഹത്തെ പുനരുദ്ധരിക്കുന്നതിനും ഒരു കുടക്കീഴിൽ അണിനിരത്തി ആർഷ സംസ്കൃതിയിൽ അവബോധമുണർത്തുവാനും സാമൂഹ്യ സേവന രംഗത്ത് കർമ്മോൻമുഖമാക്കുവാനും ' ലക്ഷ്യമിടുന്നു.

മാ മനുസ്മര യുദ്ധ്യച്ച' എന്ന ഗീതാ സൂക്തത്തിൽ അധിഷ്ഠിതമായ 'പ്രോജക്ട് ഹരി 'യുടെ പ്രവർത്തന ലക്ഷ്യങ്ങൾ ത്രികോണ ഘടനയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. മതം, സാമ്പത്തികം, രാഷ്ട്രീയം എന്നിവയാണ് ത്രികോണ ഘടന പ്രതിനിധീകരിക്കുന്നത്. ഹിന്ദു ആർഷ സംസ്കൃതിയുടെ സാർവദേശീയ നവോത്ഥാന സൂചകമാണിത്., അന്തർദേശിയാനുസൃതമായ പ്രവർത്തന ശൈലിയിലൂടെ ഹിന്ദു ധർമ്മത്തിന്റെ പുനരുജ്ജീവനം , പുനസ്ഥാപനം എന്നിവ പ്രാവർത്തികമാക്കി ആർഷ സംസ്കൃതിയുടെ സാർവദേശീയ നവോത്ഥാനം സാർത്ഥകമാക്കുകയാണ് അടിസ്ഥാന ലക്ഷ്യം.'പ്രോജക്ട് ഹരി ' മുന്നോട്ടുവയ്ക്കുന്ന ആദ്ധ്യാത്മികവും ഭൗതികവുമായ വിവിധ കർമ്മ പദ്ധതികളുടെ നിർവഹണത്തിനായി വിവിധ സമിതികൾക്ക് രൂപം നൽകിയിട്ടുണ്ട്. വർത്തമാന കാല ഹിന്ദു സമൂഹത്തിന്റെ ആത്മീയവും ഭൗതികവുമായ വളർച്ചയും അഭ്യുന്നതിയും മുന്നിൽ കണ്ട് ' പ്രോജക്ട് ഹരി ' യിലൂടെ നടപ്പിലാക്കുന്ന പ്രധാന സംരംഭങ്ങളാണ് വേദിക് ഹിന്ദു യൂണിവേഴ്സിറ്റി, ഗ്ലോബൽ ഹിന്ദു മീഡിയ, വേൾഡ് ഹിന്ദു ബാങ്ക്, ഹിന്ദു ലേബർബാങ്ക്, മൈക്രോ ഫിനാൻസ് , വേൾഡ് ഹിന്ദു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഹിന്ദു ഇക്കണോമിക് ലിബർട്ടി പ്രമോട്ടേഴ്സ് തുടങ്ങിയവ.സാമൂഹിക പരിഷ്ക്കരണം, ഏകത്വം, ധർമ്മ രാഷ്ട്രീയം, പരിവർത്തനം, മാനവികത, സമകാലിക ഹിന്ദു ജീവിതം എന്നീ വിഷയങ്ങളും 'പ്രോജക്ട് ഹരി' ക്ക് കീഴിൽ ആഴത്തിൽ അപഗ്രഥിച്ച് ഹിന്ദു നവോത്ഥാനം ഊർജ്ജിതമാക്കാൻ കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കും. വേൾഡ് ഹിന്ദു പാർലമെന്റ് സംരംഭങ്ങൾ പ്രാവർത്തികമാക്കാൻ നേതൃത്വം നൽകും . സ്വാമിജിയുടെ ദർശനങ്ങളെ ആഴത്തിൽ അറിയുന്നതിനും മൂർത്തമാക്കുന്നതിനുമായി സത്യാനന്ദ ഫൗണ്ടേഷനും രൂപം നൽകിയിട്ടുണ്ട്.

സ്വാമി സത്യാനന്ദ സരസ്വതിയുടെ ശിഷ്യനായ ശാന്താനന്ദ മഹർഷിയുമായുള്ള ആകസ്മികമായ ഒരു കൂടിക്കാഴ്ചയാണ് സത്യാനന്ദ സരസ്വതി ഫൗണ്ടേഷൻ രൂപീകരണത്തിന് കാരണമായത്. യു എസ് എ യിലെ ഹൂസ്റ്റണിൽ ആശ്രമ സ്ഥാപനത്തിനായി അഞ്ച് ഏക്കർ ഭൂമിയും ഇതിനായി വാങ്ങിക്കഴിഞ്ഞു. സനാതന മൂല്യങ്ങളിൽ വിശ്വസിക്കുകയും ആത്മീയമായും ഭൗതികമായും അഭിവൃദ്ധി നേടുകയും ചെയ്യുന്ന ഒരു അനന്തര തലമുറയെ വാർത്തെടുക്കാൻ നമുക്ക് ഒന്നിക്കാം, അണിചേരാം.

* (വേൾഡ് ഹിന്ദു പാർലമെന്റ് ചെയർമാനും
മുൻ ഫൊക്കാന പ്രസിഡന്റുമാണ് ലേഖകൻ)

# ശ്രീനാരായണഗുരു
# ആത്മസാക്ഷാത്കാരത്തിന്റെ പ്രമാണം



**ഷാനവാസ് കാട്ടൂർ** (KHNA വൈസ് പ്രസിഡന്റ്)



ഓം ശ്രീ നാരായണ പരമ ഗുരവേ നമ:

**ശ്രീ**നാരായണ ഗുരുദേവന്റെ 168 –ാമത് തിരുജയന്തി മഹാമഹം കടന്നുവരികയാണ്. ഒരു ഗുരുദേവ ഭക്തനെ സംബന്ധിച്ച് ഗുരുദേവ ജയന്തി – മഹാസമാധി ദിനം എന്നീ പുണ്യദിനങ്ങൾ പോലെ സമാദരണീയമായ മറ്റ് പുണ്യദിനങ്ങൾ ഇല്ല തന്നെ. ഈ വർഷം ശിവഗിരി മതമഹാപാഠശാലയുടെ കനക ജൂബിലിയും ശിവഗിരി തീർത്ഥാടനത്തിന്റെ നവതിയും ടാഗോറിന്റെ ഗുരു സന്ദർശനത്തിന്റെ ശതാബ്ദിയും ഈ അവസരത്തിലാണ് ഭഗവാൻ ശ്രീ നാരായണ ഗുരുദേവജയന്തി ലോകം മുഴുവൻ ആഘോഷപൂർവ്വം കൊണ്ടാടുന്നത്. 168 വർഷങ്ങൾക്ക് മുൻപ് ചെമ്പഴന്തി എന്ന ഗ്രാമത്തിൽ വയൽവാരം വീട്ടിലാണ് ഗുരുദേവൻ അവതരിച്ചത്. സന്യാസം സ്വന്തം മോക്ഷത്തിനു വേണ്ടി ഉള്ളതല്ല എന്നും മനുഷ്യന്റെ കഷ്ടപ്പാടുകളിൽ നിന്നുള്ള മോചനത്തിനു വേണ്ടിയാണെന്നും ഗുരു വ്യക്തമാക്കിയിട്ടുണ്ട്. ജാതിഭേദത്തിന്റെയും മതദ്വേഷത്തിന്റെയും നിരർത്ഥകതയെ സംയുക്തികം സമർപ്പിച്ചുകൊണ്ട് തികച്ചും നവീനമായ ഒരു മനുഷ്യദർശനം അവതരിപ്പിച്ച നാരായണഗുരു ചരിത്രത്തിലെ അപൂർവതകളുടെ മാതൃകയായിത്തീർന്നു.

സന്യാസം സ്വന്തം മോക്ഷത്തിനു വേണ്ടി ഉള്ളതല്ല എന്നും, മനുഷ്യന്റെ കഷ്ടപ്പാടുകളിൽ നിന്നുള്ള മോചനത്തിനു വേണ്ടി ആണെന്നും ഗുരു വ്യക്തമാക്കിയിട്ടുണ്ട്. സ്വാർത്ഥം വെടിഞ്ഞ് പൊതുജനങ്ങൾക്കു വേണ്ടി പ്രവർത്തി ചെയ്യുന്നവർ സന്യാസിമാരാണ്. സന്യാസി എന്നാൽ പരോപകാരി ത്യാഗി – ഇതാണ് ഗുരുദർശനം ആത്മീയ ജീവിതം നയിക്കുന്ന വ്യക്തിക്കും ഭൗതികമായ കടമകളുണ്ട് അത് നിറയുമ്പോഴാണ് മനുഷ്യത്വം പൂർണമാകുന്നത് സന്യാസി ജ്ഞാന അന്വേഷിയാണ് ജ്ഞാനം കൊണ്ട് ആത്മാവിന് കിട്ടുന്ന സ്വാതന്ത്ര്യമാണ് ആത്മീയർത്ഥത്തിൽ മോക്ഷം. സന്യാസ ജീവിതത്തിലൂടെ ഗുരു ലക്ഷ്യമാക്കിയത് ഈ മോക്ഷമല്ല ജ്ഞാനം സാമൂഹിക സ്വാതന്ത്ര്യത്തിലേക്ക് നയിക്കുകയാണ് വേണ്ടത്. നിരന്തരമായ ഏകാന്ത ധ്യാനത്തിനു ശേഷം ഗുരു ചേരുന്നത് സമൂഹത്തോടാണ്. വേദനയോടെ മനുഷ്യരുടെ ദുരിതങ്ങൾ കാണുന്നു. ആ കടലിൽ തിരമാലകൾ പ്രക്ഷുബ്ധതയോടെ ആർത്തലയ്ക്കുമ്പോൾ ഗുരു ചൊല്ലിയത് ധർമ്മമന്ത്രമാണ്.

ധർമ്മം തന്നെയാണ് പരമമായ ദൈവം. ധർമ്മം തന്നെയാണ് പരമമായ ധനവും. ധർമ്മം സർവ്വത്ര വിജയിയായി മനുഷ്യന് ശ്രേയസ് നൽകുന്നു. ഈ ധർമ്മ മന്ത്രം അപൂർവമായൊരു ആത്മീയ സാക്ഷാത്കാരമാണ്. ദുരിതങ്ങളുടെ ശാന്തി ഭവനം അരൂപിയുടെ തീരഭൂമിയിൽ ആകുമ്പോൾ അവിടെ പുതിയ അറിവുകളുടെ തീർത്ഥാടനകേന്ദ്രമാകുന്നു. സാമൂഹിക നവോത്ഥാനത്തിന് വേറിട്ട ഒരു തീർത്ഥാടനം ഗുരു ആരംഭിച്ചത് അരുവിപ്പുറത്ത് ശിവലിംഗ പ്രതിഷ്ഠ

യിലൂടെയാണ് അപൂർവ്വമായ ഒരു വിപ്ലവത്തിന് സാധ്യതയാണ് ഇവിടെ ഗുരു പ്രതിഷ്ഠിച്ചത് സർവ്വം ശിവമയം ആക്കാനുള്ള പ്രയത്നത്തിന്റെ തുടക്കം. പത്തൊമ്പതാം നൂറ്റാണ്ടിലെ അവസാന പാദങ്ങൾ ഭാരതത്തിൽ അങ്ങോളമിങ്ങോളം അലയടിച്ച് ഉയർന്ന നവോത്ഥാന ചിന്തകൾക്ക് കേരളത്തിൽ ചൈതന്യം പകർന്നത് ശ്രീനാരായണ ഗുരുവും ശ്രീനാരായണ പ്രസ്ഥാനങ്ങളും ആയിരുന്നു. ഭാരതത്തിനെ സംബന്ധിച്ചിടത്തോളം പതിനെട്ടാം നൂറ്റാണ്ട് കറുത്ത അധ്യായങ്ങളുടെ കാലഘട്ടമായിരുന്നു. ധർമ്മം നശിച്ചു അധർമ്മം വിളയാടിയ ആ കാലഘട്ടത്തിൽ ശ്രീനാരായണഗുരുദേവൻ ഇവിടെ ഭൂജാതനായി. ഭാരത സമൂഹം വെളിച്ചം അന്വേഷിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത് എന്ന് ഉദ്ഘോഷിച്ച മനുഷ്യസ്നേഹി ഭാരതത്തിന്റെ തെക്കേയറ്റത്ത് പ്രത്യക്ഷപ്പെട്ടു. ഒരു നവയുഗത്തിന് അരുണോദയം കേരളീയർ ദർശിച്ചു. ഒരു മാറ്റത്തിന്റെ കൊടുങ്കാറ്റ് അവിടെനിന്ന് ആരംഭിച്ചു.

ജാതി ഭേദത്തെയും മത ഭേദത്തെയും നിരാകരിക്കുമ്പോൾ അത് ഓംകാരത്തിന്റെ ഭൗതിക അർത്ഥത്തെ തേജോമയം ആക്കുന്നു. ഭൗതിക ജീവിതത്തെ ബാധിച്ച ആത്മീയ ജീർണതകളെയും ഗുരു ചികിത്സിച്ചു. ഭൗതികവും ആത്മീയവുമായ ദുരിതങ്ങൾ ചികിത്സിച്ചു കൊണ്ട് ഗുരു ഒരു സുഖചികിത്സകന്റെ സാന്നിധ്യം നൽകിയിരിക്കുന്നു. മനുഷ്യകുലത്തിന് കെടാവിളക്കുകളാണ് ഗുരുദേവ വചനങ്ങൾ. ജാതിഭേദത്തിന്റെയും മതദ്വേഷത്തിന്റെയും നിരർത്ഥകതയെ സംയുക്തികം സമർപ്പിച്ചുകൊണ്ട് തികച്ചും നവീനമായ ഒരു മനുഷ്യദർശനം അവതരിപ്പിച്ച നാരായണഗുരു ചരിത്രത്തിലെ അപൂർവതകളുടെ മാതൃകയായിത്തീർന്നു.


കൂരിരുട്ടിലെ നക്ഷത്ര ദീപമായി പ്രവർത്തന വഴികകളിൽ പ്രകാശം വിതറി 'ഒരുജാതി ഒരുമതം ഒരുദൈവം മനുഷ്യന്' എന്ന വിശ്വോത്തര സന്ദേശമുണ്ടായിട്ട് ഒരു നൂറ്റാണ്ടായിരിക്കുന്നു. കേരളത്തിൽ ഇത്രത്തോളം പ്രചുരപ്രചാരം നേടിയിട്ടുള്ള മറ്റൊരു സന്ദേശമുണ്ടോയെന്നത് സംശയമാണ്. ഇത്രയേറെ പറയപ്പെടുമ്പോഴും ഈ സന്ദേശത്തിന്റെ അർത്ഥവ്യാപ്തിയെ സാമാന്യമായിപ്പോലും മനസ്സിലാക്കാൻ നമ്മൾ ശ്രമിച്ചിട്ടില്ല എന്നൊരു സത്യം നിലനിൽക്കുന്നുണ്ട്. സന്ദേശത്തിന്റെ ലാളിത്യമാണ് അതിന് പ്രധാന കാരണം. ഈ സന്ദേശത്തിന്റെ അർത്ഥം മനസ്സിലാക്കുവാൻ ഒരു വിശദീകരണത്തിന്റെയും ആവശ്യമില്ല. അത്രയ്ക്ക് ലളിതമാണ് ഈ സന്ദേശത്തിൽ പ്രയോഗിച്ചിട്ടുള്ള വാക്കുകൾ.

ഗുരുദേവന്റെ ഒരുജാതി ഒരുമതം ഒരുദൈവം മനുഷ്യന് എന്ന സന്ദേശത്തെ എന്തുകൊണ്ട് ഒരു സനാതന ധർമ്മമായി കണ്ടുകൂടാ എന്നതാണ് ലേഖകന്റെ ചോദ്യം. എന്തുകൊണ്ട് കണ്ടുകൂടാ എന്ന് ചോദിക്കുമ്പോൾ തീർച്ചയായും കാണണം എന്നാണതിനർത്ഥം. അപ്പോൾ ഒരുജാതി ഒരുമതം ഒരുദൈവം മനുഷ്യന് എന്ന സന്ദേശം ഒരു സനാതന ധർമ്മമാണ്. സനാതനധർമ്മം ഇന്ത്യയിൽ പറഞ്ഞു പതിഞ്ഞൊരു വാക്കാണ്. ഇത് കേൾക്കാത്തവരും പറയാത്തവരും ആരുമുണ്ടാകില്ല. ശാശ്വതമായ ധർമ്മം എന്നതിനപ്പുറം മറ്റൊന്നും ആരും ഇതിൽനിന്ന് ഉൾക്കൊള്ളുന്നുമില്ല. എന്നുമാത്രമല്ല ഇന്ത്യയിലെ ജാതി ഹിന്ദുക്കൾ വർണ്ണാശ്രമധർമ്മത്തെയാണ് സനാതനധർമ്മമെന്നതുകൊണ്ട് അർത്ഥമാക്കാൻ ശ്രമിക്കുന്നത്. അതുകൊണ്ടുതന്നെ ഈ വാക്ക് നിരന്തരം പറയുന്നതല്ലാതെ അതിന്റെ യഥാർത്ഥ അർത്ഥത്തെ തിരയുന്നൊരു സമീപനം എവിടെയും കാണുന്നില്ല. സനാതന ധർമ്മം എന്ന് നിരന്തരം പറഞ്ഞ് വർണ്ണാശ്രമധർമ്മത്തെ ശാശ്വതമാക്കുന്ന വർണ്ണാശ്രമികളുടെ കാപട്യത്തെ ബോധ്യപ്പെടുവാനും ജാതി മതം ദൈവം എന്നിവയുടെ സനാതനത്വം മനുഷ്യർക്ക് ബോദ്ധ്യപ്പെടുവാനും ഗുരുവിന്റെ സന്ദേശങ്ങൾ നമ്മെ സഹായിക്കുന്നുണ്ട്. നമുക്ക് അത് പകർന്നുതന്നു.


ക്ഷേത്രങ്ങളെ വിദ്യാലയങ്ങൾ ആക്കാനും സംഘടനകളെ ധർമ്മപ്രചാരണത്തിന് ഉപാധിയാക്കാനും ഉള്ള നിർദ്ദേശം വിശാലമായ ചിന്തയുടെ ഫലമാണ് മറ്റൊരു സന്യാസികളും കാണാത്ത ജനാധിപത്യബോധവും ഗുരുവിൽ ഉണ്ടായിരുന്നു. ശ്രീനാരായണ ധർമ്മസംഘം എന്ന സന്യാസിമാരുടെ കൂട്ടായ്മയ്ക്ക് ഗുരു ഭരണക്രമം നിർദ്ദേശിച്ചപ്പോൾ ആത്മീയ ഇടവഴി ജനാധിപത്യമാണ് എന്ന് ഗുരു നിശ്ചയിച്ചിരുന്നു.

ഒരുജാതി ഒരുമതം ഒരുദൈവം മനുഷ്യന് എന്ന സന്ദേശത്തെ സനാതന ധർമ്മമായി കാണുന്നവരെയാണ് ശ്രീനാരായണീയർ എന്ന് പറയേണ്ടത്. ഈ സനാതന ധർമ്മത്തെ ലോകത്തിനു ബോധ്യപ്പെടുത്തുവാൻ ശ്രീ നാരായണ ധർമ്മത്തിൽ വിശ്വസിക്കുന്നവർക്ക് ബാധ്യതയുണ്ട്. ആ ബാധ്യത നിറവേറ്റുവാൻ സഹായിക്കുന്നതായിരിക്കണം ഗുരുവിനെക്കുറിച്ചുള്ള ഏതൊരു പഠനവും.

ദൈവം ആകാശത്തിലോ ഭൂമിയിലോ എവിടെയെങ്കിലും നമുക്ക് പിടിതരാതെ ഒളിച്ചിരിക്കുന്ന ഒരു വ്യക്തിയോ ശക്തിയോ അല്ല അത് നമുക്ക് ചുറ്റുമുണ്ട് അകവും പുറവും തിങ്ങുന്ന മഹിമാവാണത്. പൂവിലും പുല്ലിലും അഖില ചരാചരങ്ങളിലും കുടികൊള്ളുന്ന ചൈതന്യം ആണ് ഉപനിഷത് മഹാ വാക്യങ്ങളിൽ ഒന്ന് 'സർവ്വം ഖല്വിദം ബ്രഹ്മം' എന്നാണ് അതിന്റെ അർത്ഥം. എല്ലാം ബ്രഹ്മം ആണെന്നാണ് ഈ മഹാ ബോധം ഉണ്ടാകണമെങ്കിൽ സമദർശനം വേണം അതായത് ഭേദഭാവന പോകണം അപ്പോൾ ധനവാനില്ല ദരിദ്രനല്ല പുല്ലെന്നില്ല പൂവെന്നില്ല എല്ലാം കാരുണ്യം മാത്രം. ഗുരു സാമാന്യജനത്തിന് ആത്മസത്യവും ഭൗതിക സത്യവും വെളിവാക്കികൊടുത്തു. സത്യം അറിവുകൾക്കപ്പുറം ആണെന്ന ദർശനം തിരിച്ചറിവിന്റെ രീതിശാസ്ത്രത്തിൽ നവ ഭാവം നൽകി. ശ്രീനാരായണഗുരുദേവ ജയന്തി അഹം ബ്രഹ്മാസ്മി എന്ന വാക്യത്തിന്റെ കിളിവാതിൽ തുറന്നു വെളിച്ചം അനുഭവിക്കാനുള്ള ദിനമാണ്. ഗുരുജയന്തി സന്ദേശം അതല്ലാതെ മറ്റെന്താണ്?



# ഭഗവാൻ ആരെയും ചവിട്ടി താഴ്ത്തിയില്ല





**ഗൗരി ലക്ഷ്മിബായി / പി. ശ്രീകുമാർ**

**തി**രുവിതാംകൂർ രാജകുടുംബത്തിലെ അശ്വതി നക്ഷത്രം. ഗൗരി ലക്ഷ്മി ബായി. മഹാറാണി കാർത്തിക തിരുനാൾ ലക്ഷ്മിബായിയുടേയും കായിക കേരളത്തിന്റെ പിതാവ് കേണൽ ജി വി രാജയുടെയും പുത്രി. ചിത്തിരതിരുനാൾ മഹാരാജാവിന്റെ അനന്തരവൾ. ഇംഗ്ലീഷ് കവയത്രി. എഴുത്തുകാരി. സ്ഥലപുരാണം, ഐതിഹ്യം, സാമൂഹികശാസ്ത്ര വീക്ഷണം, വാസ്തുശില്പകല, സാഹിത്യം, സംഗീതം, പൂജാവിധികൾ, അനുഷ്ഠാനങ്ങൾ, അത്ഭുതങ്ങൾ. ചരിത്രം അവയെല്ലാം ഉൾക്കൊള്ളുന്ന് ഗ്രന്ഥങ്ങളുടെ രചയിതാവ്. തിരുവിതാം കൂറിലെ ജനം ഇന്നും അഭിമാനത്തോടെ വണങ്ങുന്ന പൊന്നുതമ്പുരാട്ടി. തിരുവിതാംകൂറിന്റേയും ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിന്റേയും ചരിത്രം പുസ്തകമാക്കിയിട്ടുള്ള അശ്വതി തിരുനാൾ ഗൗരി ലക്ഷ്മി ബായി ഓണ വിശേഷം പങ്കിടുന്നു.

### മഹാബലി കോമാളിയല്ല

പ്രാമാണിക ഗ്രന്ഥങ്ങളുടെ പിന്തുണയില്ലാതെ വായ്മൊഴിയായി പറഞ്ഞുപരന്ന ചില നാടോടിക്കഥകളെയാധാരമാക്കി

ഓണത്തേയും മഹാബലിയേയും വികൃതവും വികലവുമാക്കുന്നതിനെക്കുറിച്ചുതന്നെയാണ് ഗൗരി ലക്ഷ്മി ബായിയും ആദ്യം പറഞ്ഞത്

“നീതിമാനും ധർമ്മിഷ്ഠനുമായ മഹാബലിക്ക് പുരാണങ്ങളിൽ ലക്ഷണമൊത്ത രൂപമായിരുന്നു. കരുത്തനായ ഒത്ത പുരുഷൻ. സുന്ദരൻ. ചക്രവർത്തി ആയിരുന്ന മഹാബലിക്ക് കുടവയറും കോമാളി രൂപവും എവിടെനിന്നു വന്നു എന്നു മനസ്സിലാകുന്നില്ല. അത് മാറ്റിയെടുക്കണമെന്ന് മാർത്താണ്ഡ വർമ്മ തിരുമനസ് ആഗ്രഹിച്ചിരുന്നു. പ്രൗഢഗംഭീരനായിരുന്ന മഹാബലിയുടെ ചിത്രം പ്രചരിപ്പിക്കാനായി നൽകി. ചിത്രത്തിന് നല്ല സ്വീകാര്യത കിട്ടിയെങ്കിലും ഇപ്പോഴും പരസ്യത്തിലും കഥകളിലും മഹാബലിയെ കുറിച്ച് ചേർക്കുന്ന ചിത്രങ്ങൾ മീശക്കൊമ്പും കുടവയറുമുള്ള കോമാളിയുടേതാണ്. മലയാളി മനസ്സിൽ പതിപ്പിക്കാൻ നോക്കുന്ന ഈ വികൃത രൂപം മാറ്റാൻ ചിത്രകാരന്മാരും സാംസ്ക്കാരിക നായകരും മുന്നോട്ടു വരണം”

“ഓണം, കേരളത്തിന്റെയും കേരളീയരുടെയും സാംസ്കാരിക മഹത്വത്തിന്റെയും സർവ്വമതസൗഹാർദ്ദത്തിന്റെയും ദേശീയ ഉത്സവമാണ്. എന്നാൽ വാമനൻ മഹാബലിയെ പാതാളത്തിലേക്കു തള്ളി എന്ന ആചാരം തെറ്റും കേരളീയർക്ക് അപമാനവുമാണ്. മഹാവിഷ്ണുവിന്റെ അവതാരമായ വാമനൻ, മഹാബലിയുടെ സാത്വികമായ വ്യക്തിത്വം കഠിന പരീക്ഷണത്തിലൂടെ ബോദ്ധ്യമായതിനുശേഷം. അദ്ദേഹത്തെ ദൈവസന്നിധിയിലേക്ക് അയച്ചു എന്നാണ് മഹാവലിയുടെ അവതാരകഥ. കേരളീയന്റെ മനസ്സിലും സമൂഹത്തിലും നന്മയുടെ താളം ഉറപ്പിക്കുന്നതിന് ഓണത്തേയും മഹാബലിയെയും സംബന്ധിച്ച് ബോധം ആവശ്യമാണ്. ഈ ബോധം മാറാനാണ് ബോധപൂർവ്വം മഹാബലിയെ മോശമായി ചിത്രീകരിച്ചുകൊണ്ടിരിക്കുന്നു”

### ഭഗവാൻ ആരെയും ചവിട്ടി താഴ്ത്തിയില്ല

രൂപം മാറ്റിയതുപോലെ തന്നെയാണ് മഹാബലിയുടെ കഥയുടെ രൂപമാറ്റവും എന്നതിൽ അശ്വതി തിരുനാൾ തമ്പുരാട്ടിക്ക് സംശയമില്ല.

“ഓണം, കേരളത്തിന്റെയും കേരളീയരുടെയും സാംസ്കാരിക മഹത്വത്തിന്റെയും സർവ്വമതസൗഹാർദ്ദത്തിന്റെയും ദേശീയ ഉത്സവമാണ്. എന്നാൽ വാമനൻ മഹാബലിയെ പാതാളത്തിലേക്കു തള്ളി എന്ന ആചാരം തെറ്റും കേരളീയർക്ക് അപമാനവുമാണ്. ധർമ്മിഷ്ഠനെ ദൈവം ചവുട്ടി താഴ്ത്തി എന്ന കള്ളവ്യാഖ്യാനം. പുരാണ കർത്താക്കൾ അത്രയക്ക് മണ്ടന്മാരല്ല. ധർമ്മത്തെക്കുറിച്ച് പറയുകയും ധർമ്മിഷ്ഠനെ ചവിട്ടി താഴ്ത്തുകയിമില്ല. മഹാവിഷ്ണുവിന്റെ അവതാരമായ വാമനൻ, മഹാബലിയുടെ സാത്വികമായ വ്യക്തിത്വം കഠിന പരീക്ഷണത്തിലൂടെ ബോദ്ധ്യമായതിനുശേഷം. അദ്ദേഹത്തെ ദൈവസന്നിധിയിലേക്ക് അയച്ചു എന്നാണ് മഹാവലിയുടെ അവതാരകഥ. കേരളീയന്റെ മനസ്സിലും സമൂഹത്തിലും നന്മയുടെ താളം ഉറപ്പിക്കുന്നതിന് ഓണത്തേയും മഹാബലിയെയും സംബന്ധിച്ച് ബോധം ആവശ്യമാണ്. ഈ ബോധം മാറാനാണ് ബോധപൂർവ്വം മഹാബലിയെ മോശമായി ചിത്രീകരിച്ചുകൊണ്ടിരിക്കുന്നത്''

മഹാബലിയെ വാമനൻ പാതാളത്തിലേയ്ക്ക് ചവിട്ടിത്താഴ്ത്തി എന്ന ഒരുകഥക്ക് പ്രചാരമുണ്ട്. ശ്രീമദ് ഭാഗവതത്തിലോ നാരായണീയത്തിലോ മറ്റേതെങ്കിലും പ്രാമാണിക ഗ്രന്ഥങ്ങളിലോ വാമനൻ മഹാബലിയെ പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തിയെന്ന് പറയുന്നില്ല. . മറിച്ച് സത്യസന്ധനും ധർമ്മിഷ്ഠനുമായ മഹാബലിയെ വാമനമൂർത്തി പരീക്ഷിക്കുകയും പരീക്ഷണത്തിൽ വിജയിച്ച ബലിയെ വാമനൻ അനുഗ്രഹിക്കുകയുമാണ് ചെയ്തെന്നാണ് പ്രാമാണിക ഗ്രന്ഥങ്ങൾ വ്യക്തമാക്കുന്നത്.

ഭാഗവത പുരാണത്തിലാണ് ബലിയുടെ കഥയുള്ളത്. മഹാബലി സ്വന്തം അഹങ്കാരം സമർപ്പിച്ചപ്പോൾ കാല പുരുഷൻ ആയ വാമനൻ തലയിൽ പാദം വച്ച് പാദ ദീക്ഷ നല്കി അനുഗ്രഹിച്ചു. അല്ലാതെ ഭഗവാൻ ആരെയും ചവിട്ടി പാതാളത്തിലേയ്ക്ക് താഴ്ത്തിയില്ല .ദേവന്മാർപോലും കൊതിക്കുന്ന സുതലത്തിലേക്ക് പറഞ്ഞയക്കുകയും, മഹാവിഷ്ണു അദ്ദേഹത്തിന്റെ ദ്വാരപാലകനായി നിന്നു എന്നുമാണ് കഥ. അടുത്ത മന്വന്തരത്തിൽ ഇന്ദ്രപദത്തിലേക്ക് ഉയർത്തുകയും ചെയ്തു. ഒരു മന്വന്തരത്തിൽ ദേവേന്ദ്രനായി നിയമിക്കപ്പെട്ടാൽ അടുത്ത മന്വന്തരം വരെ അദ്ദേഹം ഇന്ദ്രപദത്തിൽ തുടരണം. അഹങ്കാരം കാരണം മഹാബലി ഈ ഈശ്വരനിയമം ലംഘിച്ചുകൊണ്ടാണ് ദേവലോകത്തെയാക്രമിച്ച് കീഴടക്കിയത്. അതുകൊണ്ടാണ് മഹാവിഷ്ണു വാമനനായവതരിച്ച് മഹാബലിയിൽ നിന്ന് ദേവലോകം തിരിച്ചുപിടിച്ച് ഇന്ദ്രന് നൽകിയത്.''

### ഓണവില്ല്; മറ്റൊരു മുദ്ര

തിരുവനന്തപുരത്തെ ഓണാഘോഷങ്ങളിൽ ഏറെ പ്രധാന്യമർഹിക്കുന്ന ഒന്നാണ് ഓണവില്ല് എന്ന പള്ളിവില്ല്. ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിലെ ആരാധനാ മൂർത്തികൾക്ക് ഓണം നാളുകളിൽ ചാർത്തുന്ന അലങ്കാരം. തിരുവിതാംകൂർ കൊട്ടാരത്തിന്റെ മറ്റൊരു മുദ്രയാണ് ഓണവില്ലെന്നാണ് തമ്പുരാട്ടി പറയുന്നത്.

കൊട്ടാരത്തിലുള്ളവർ എപ്പോഴും പ്രാർഥിക്കുന്നത് 'ജയ ജയ പത്മനാഭ' എന്നാണ്. 'പത്മനാഭൻ ജയിക്കണേ...' എന്ന്. ഊണിലും ഉറക്കത്തിലും ഈ പ്രാർഥനയുണ്ടാകും. ഇവിടത്തെ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും ഒന്നും മാറ്റമുണ്ടാകരുതെന്നും ആഗ്രഹിക്കുന്നു. മഞ്ഞചന്ദനം പോലെയും കൽമണ്ഡപങ്ങൾ പോലെയും പത്മനാഭമുദ്ര പതിഞ്ഞതാണ് ഇവിടത്തെ ഓണവില്ലും. അഞ്ഞൂറു വർഷത്തിലേറെയായി ഒരു കുടുംബമാണ് ഓണവില്ല് നിർമിച്ചു വരുന്നത്. അത് തിരുവിതാംകൂർ രാജാക്കന്മാർ അവർക്കു കൊടുത്ത അവകാശമാണ്. ഓണവില്ല് തിരുവിതാംകൂർ കൊട്ടാരത്തി

ന്റെ മറ്റൊരു മുദ്രയാണ്. ഓണവില്ലിൽ പരമ്പരാഗത ചായങ്ങൾ ഉപയോഗിച്ച് കൈ കൊണ്ടു വരയ്ക്കുകയാണു ചെയ്യുന്നത്. അതാണ് ഏറ്റവും വലിയ പ്രത്യേകത'

ശ്രീ പദ്മനാഭ സ്വാമി ക്ഷേത്ര ശില്പികളുടെ പരമ്പരയിൽപ്പെട്ട വിശ്വകർമ്മജർക്കാണ് ഓണവില്ല് നിർമ്മിക്കാനുള്ള പാരമ്പരാഗതമായ അവകാശം. ദേവ ഗണത്തിൽപ്പെട്ട കടമ്പ്, മഹാഗണി എന്നീ വൃക്ഷങ്ങളുടെ തടി വഞ്ചിയുടെ മാതൃകയിൽ ഘനം കുറച്ച് കീറി, ചീകി മിനുസപ്പെടുത്തി, വെളുപ്പ്, കറുപ്പ്, പച്ച, മഞ്ഞ, ചുവപ്പ് എന്നീ പഞ്ച വർണങ്ങൾ കൊണ്ടു ദേവീ ദേവന്മാരുടെ ചിത്രങ്ങൾ വരയ്ക്കും. വെള്ള മണ്ണ്, ചെമ്മണ്ണ്, കരിപ്പൊടി, മഞ്ഞൾപ്പൊടി, ഇലച്ചാറുകൾ എന്നിവ എരിക്കിൻ കറയിൽ ചാലിച്ചാണ് നിറക്കൂട്ട് തയാറാക്കുന്നത്.

41 ദിവസത്തെ വ്രതം നോറ്റുകൊണ്ടാണ് ഓണവില്ല് നിർമ്മാണത്തിനിരിക്കുന്നത്. തയാറാക്കിയ വില്ലുകൾ അവരുടെ കുടുംബ ക്ഷേത്രത്തിൽ പൂജിച്ച ശേഷം ശ്രീ പദ്മനാഭ സന്നിധിയിലെത്തിക്കും. യഥാർത്ഥത്തിൽ ശ്രീ പദ്മനാഭ സ്വാമിയുടെ ശരീരമായിട്ടാണ് വില്ലിനെ സങ്കൽപ്പിക്കുന്നത്. നെടുകെ കെട്ടിയിരിക്കുന്ന ചരട് പൂണൂലായും തുഞ്ചലങ്ങൾ ആഭരണ ങ്ങളായും കണക്കാക്കപ്പെടുന്നു. വലിയ വില്ല് പദ്മനാഭ സ്വാമിയുടെ വിഗ്രഹത്തോടൊപ്പവും ചെറുത് ഓരോന്നും യഥാക്രമം നരസിംഹ മൂർത്തിയുടെയും ശ്രീകൃഷ്ണ വിഗ്രഹത്തോടൊപ്പവും വശങ്ങളിൽ സമർപ്പിക്കുന്നു.മൂന്നു ദിവസത്തെ പൂജ കഴിഞ്ഞു അടുത്തുള്ള കുതിര മാളിക കൊട്ടാരത്തിലെ പൂജാ മുറിയിൽ സൂക്ഷിക്കും''.

**ഓണക്കാഴ്ചകളുമായി കാണി സംഘം**

ഓണവുമായി ബന്ധപ്പെട്ട് കവടിയാർ കൊട്ടാരത്തിലെ മറ്റൊരു കാഴ്ചയാണ് ഓണക്കാഴ്ചകളുമായി അഗസ്ത്യകൂട വനത്തിലെ കാണിക്കാരുടെ വരവ്. എന്നുമുതലാണ് തുടങ്ങിയതെന്ന് അറിയില്ലങ്കിലും കുറെ നാളുകളായി കാണിക്കാരുടെ കൊട്ടാര സന്ദർശനം ഏറെ ശ്രദ്ധ നേടുന്നുണ്ട്. അശ്വതി തിരുനാൾ തമ്പുരാട്ടി പറഞ്ഞു.

'അഗസ്ത്യകൂട വനത്തിലെ കാണിക്കാരുടെ പ്രതിനിധി സംഘം വനവിഭവങ്ങളുമായി കൊട്ടാരത്തിലെത്തുന്നത് രാജഭരണകാലം മുതലുള്ള ആചാരപ്പെരുമയാണ്. കോട്ടൂർ പ്രദേശത്തുള്ള ഇരുപതോളം കാണി സെറ്റിൽമെന്റിൽ നിന്നുള്ളവരാണ് സംഘത്തിലുണ്ടാകുക. ഇവർ വനത്തിൽ നിന്നു ശേഖരിക്കുന്ന വിവിധതരം തേനുകൾ, കായ്കനികൾ, കാട്ടുവള്ളിയിലുള്ള ഊഞ്ഞാൽ, ചേമ്പ്, ചേന തുടങ്ങിയ കാർഷിക വിഭവങ്ങൾ, കാട്ടുനെല്ലിക്ക, മുളയിലും ഈറ്റയിലും ഉണ്ടാക്കിയ കരകൗശലവസ്തുക്കൾ, വട്ടികൾ, കാട്ടുകുന്തിരിക്കം തുടങ്ങിയവ കൊട്ടാരത്തിലേക്ക് ഓണക്കാഴ്ചയായി കൊണ്ടുവരും. ഊരുകളിലെ വിവരങ്ങളും വിശേഷങ്ങളും അവർ പങ്കുവെക്കും. ഭക്ഷണവും ദക്ഷിണയും പുതുവസ്ത്രങ്ങളും നൽകിയാണ് അവരെ മടക്കുക'

**മഞ്ഞത്തോർത്തിൽ പൊതിഞ്ഞ പട്ടു പാവാട**

അമ്മാവന്റെ രാജ്യഭരണവും, പത്മനാഭ പാദങ്ങളിൽ രാജ്യസമർപ്പണവും കണ്ട ബാല്യമാണ് അശ്വതി തിരുനാളിന്. കുട്ടിക്കാലത്തെ ഒളിമങ്ങാത്ത ഓണം ഓർമ്മകൾ ഓർത്തെടുക്കുന്നു തമ്പുരാട്ടി.

"ജേഷ്ഠത്തി പൂയം തിരുനാളും(ഗൗരി പാർവതി ബായി) അനുജൻ മൂലം തിരുനാളും (രാമവർമ്മ) ഞാനും സ്‌കൂളിൽ പോയല്ല പഠിച്ചത്. അധ്യാപകർ കൊട്ടാരത്തിൽ വന്നു പഠിപ്പിക്കും. എല്ലാ ദിവസവും പഠനം ഉണ്ടാകും. വലിയ അവധിയോ ക്രിസ്മസ് അവധിയോ ഒന്നും ഞങ്ങൾക്കില്ലായിരുന്നു. അടുപ്പിച്ച് നാലു ദിവസം അവധി കിട്ടുന്ന ഏക സമയം ഓണമാണ്.വല്ലയാമ്മാവൻ ചിത്തിര തിരുനാൾ തിരുമനസ്സ്, അമ്മൂമ്മ മഹാറാണി സേതു പാർവതി ബായി, അമ്മ കാർത്തിക തിരുനാൾ തമ്പുരാട്ടി, അച്ഛൻ ഗോദവർമ്മ തമ്പുരാൻ, അമ്മാവൻ ഉത്രാടം തിരുനാൾ തിരുമനസ്സ്..... എല്ലാവരും കൊണ്ട് നിറഞ്ഞ കുടുംബം. ഓണം എല്ലാം കൊണ്ടും ഞങ്ങൾക്ക് ഉത്സാഹം തരുന്നതായിരുന്നു. വല്ല്യമ്മാവനും അമ്മൂമ്മ മഹാറാണിയും ഞങ്ങൾക്ക് പ്രത്യേകം പ്രത്യേകം ഓണക്കോടി നൽകും. മഞ്ഞത്തോർത്തിൽ പൊതിഞ്ഞ എനിക്കും അക്കയ്ക്കും (പൂയം തിരുനാൾ ഗൗരി പാർവതി ബായി) പട്ടു പാവാടയാണ് കിട്ടുക. ജീവനക്കാർക്ക് എല്ലാം അമ്മാവൻ ഓണക്കോടി നൽകും. പദവി അനുസരിച്ച് നിരനിരയായി നിന്ന് ഓരോരുത്തരും ഓണക്കോടി വാങ്ങും. ഞങ്ങളെ പഠിപ്പിക്കുന്ന അധ്യാപകരും ഓണക്കോടി വാങ്ങാനെത്തും. അവർ വാങ്ങുമ്പോൾ ഞങ്ങൾ ഓടി ഒളിക്കും. കണ്ട് അവരുടെ മനസ്സുമാറി പഠിപ്പിച്ചാലോ എന്ന പേടി. വലുതായി കഴിഞ്ഞപ്പോൾ ഞങ്ങൾക്ക് പുളിയിലക്കര മുണ്ടും നേരിതുമാണ് തരാറ്."

> **യഥാർത്ഥത്തിൽ ശ്രീ പദ്മനാഭ സ്വാമിയുടെ ശരീരമായിട്ടാണ് ഓണവില്ലിനെ സങ്കൽപ്പിക്കുന്നത്. നെടുകെ കെട്ടിയിരിക്കുന്ന ചരട് പൂണൂലായും തുഞ്ചലങ്ങൾ ആഭരണ ങ്ങളായും കണക്കാക്കപ്പെടുന്നു.**

"എന്നും വലിയ സദ്യ ഉണ്ടാകില്ല. ഒന്നാം ഓണത്തിനും നാലാം ഓണത്തിനും മാത്രമായിരുന്നു സദ്യ. മറ്റു ദിവസങ്ങളിൽ നാലു കറി സദ്യയാണ്.കാളൻ, ഓലൻ, എരിശ്ശേരി, ചേനയും കായും മെഴുക്കു വരട്ടി. എന്നതാണ് നാലുകറി. ചിലപ്പോൾ സാമ്പാറും ഇഞ്ചി തൈരും കൂടി കാണും. ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിൽനിന്ന് പായസവും വരും. നാലാം ഓണത്തിനാണ് ബന്ധുക്കൾക്കെല്ലാം സദ്യ. 'ഇതിനെല്ലാം ഉപരി മറ്റൊരു പ്രത്യേകത കൂടിയുണ്ട് തിരുവോണത്തിന്. അത്, സാക്ഷാൽ ശ്രീ പത്മനാഭ സ്വാമിയുടെ ജന്മനക്ഷത്രം തിരുവോണമാണ് എന്നതാണ്– തിരുവിതാംകൂറിന്റേയും ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിന്റേയും ചരിത്രം പുസ്തകമാക്കിയിട്ടുള്ള അശ്വതി തിരുനാൾ ഗൗരി ലക്ഷ്മി ബായി പറഞ്ഞു നിർത്തി.

# കെ.എച്ച്.എൻ.എ ശുഭാരംഭചിത്രങ്ങൾ








ESTD 2001
KERALA HINDUS OF NORTH AMERICA




KERALA HINDUS OF NOR
"Upholding and sustaining the rich culture and






REALTOR®
EQUAL HOUSING OPPORTUNITY
GET YO
BEST D
Buying Or Sell
in Housto
Call your
Real estate
Manoj Pa
Firstchance7@gmail.





OUR
DEAL!
ing Home
n Texas
local
expert
lapally
.com
OM Realty Group
800 Bonaventure PL STE 134, Sugarland, Texas - 77479
281 967 1867




DATE: 03-26-2022
Pay to the Order Of KHNA $1251.00
One Thousand Two Hundred and Fiftyone Dollars


H AMERICA
KHNA







# SHARING OF IDEAS IN CONVERSATION



**Vasudev Pulickal**



Hinduism is not a religion, but a way of life. KHNA has been trying to introduce novel ideas to readers that can enhance thoughts and nullify their negative attitudes.

As you know, conversation takes place among two or people. Some of may be influenced by the conversation that affects their way of life negatively or positively. Martin Luther King said, " our lives begin to end the day we silent about things that matters" Sharing of ideas in conversation is important and valuable. It could figure out why certain people are more effective than others, then could learn exactly what they did and pass on to others. We can find out those who are not just influential but also who are far more influential than the rest. One of the options of the leaders is that instead of expressing our ideas boldly and strongly, we became particularly interested in meeting some one who is identified as exceedingly influential and we became slightly defensive. First we raise an eyebrow, raise our finger. Finally raise our voice-just a little.

I have been trying to force an opinion on you. You did not resort to silence, nor did you force your opinion on others. Some how you showed deep respect for others. The consequences can be disastrous. When it comes to risky, controversial and emotional, skilled skilled people find a way to get all relevant information. At the core of every successful conversation lies free flow of relevant information. Each of enters conversation with our opinions, feelings, theories and the experience about the topic on hand. This unique combination of thoughts and feelings make up our personal pool of meaning. This pool not only informs us but also propels our every action.

**When we enter**

a crucial conversation we do not share the same pool. Our opinions differ. I believe one thing and you another. I have one history, you have another. The larger the shared pool the smarter will be the decisions. When people openly and freely shared ideas, the increased time investment improves quality of decision. Let me give an example. A woman was checked into a hospital for tonsillectomy, and the surgical team erroneously removed a portion of her foot. How could this tragedy happen? In fact why

is that neary 200,000 hospital deaths in the United States each year stem from human error? This is because many health care professionals are afraid to speak their minds. People wondered why the surgeon was working on the foot, but said nothing. Words do not flow freely because people are afraid to speak up.

Of course hospitals do not have monopoly on fear. In every instance where bosses are smart highly paid confident and outspoken, people tend to hold back their opinion rather than risk angering some in a position and power. On the other hand, when people feel comfortable speaking up, and meaning flow freely, the shared pool can dramatically increase a group's ability to make better decisions. Everyone began to explain his or her opinion, a clear and more complete picture of the circumstances will be revealed. They began to understand different proposals. Eventually, as one idea leads to next , and then to next, they come up an alternate that no one had originally thought of and wholeheartedly supported. Not only does a shared pool helps individuals make better choices, but helps Them to willingly act on whatever decisions they make with unity and confidence.

As people sit through an open discussion where ideas are shared, they take part in the free flow of meaning. Eventually they understand by shared solution is the best solution they are ever committed to act. Conversely when people are not involved and they sit back quietly during a touchy conversation they are rarely committed to the final decision. Since their ideas remain in their heads their opinions never make to the pool. They end up in quietly criticizing and positively resisting. They may say that they on board but walk away half-hearted. It is not suggested that every discussion be made enensus, but simply suggesting that whatever be the decision making method the greater the shared meaning in the pool, the better the choices , the more the unity and stronger the conviction. It brings you to understanding the supernal power of dialog to clarifying what you really absorbed.

As the pool of shared meaning grows it helps people in to two ways. First, as the individuals are exposed to more accurate and relevant information so that they can make better choices. The larger the shared pool the smarter the decisions. On the other hand when the shared pool is dangerously shallow, when people purposely withhold meaning from another, even individually smarter people will do collectively stupid things. Someone would have held a heated discussion, in the halfway others would have said nothing and quietly fought the plan. More likely than not the team would have been forced to meet again discuss again and decide again. Even though only one person favored the decision it affected every one. Every time if we are arguing, debating and running away it is because we do not know how to share meaning. Instead of involving in a healthy dialog we play silly games.


It is important that you stay allert when a conversation turns from routine or harmless discussion to a crucial one. As you enter a tough conversation anticipate that you are entering a dangerous zone. Otherwise you can easily sucked into silly games before you realize what has happened. To catch problems early program your mind to pay attention to the signs that suggest that you are in a crucial conversation.

# മതസൗഹാർദ്ദ കിരീടമണിഞ്ഞ ഭാരതാംബേ



**പുലരി**

മറക്കുന്നതെന്തേ മക്കൾ പഠിച്ച
ഗീതയും ഖുറാനും ബൈബിളും
തെറിക്കുന്ന രക്തമെല്ലാം ഒരുനിറം
മിടിക്കുന്നഹൃദയതാളവും ഒന്നേ
പിടയ്ക്കും മനസ്സുമായ്
കഴിയേണ്ടകാലം തുടച്ചുമാറ്റണം
രമ്യതാഗംഗ ഒലിച്ചിറങ്ങണം
ചിരിച്ചു കൈകോർത്തു
നാനാ മതസ്തരിവിടെ
പടുത്തുയർത്തണം
അനുഗ്രഹീത ഭാരതം



# MEDITATION TO IMPROVE **YOUR MENTAL HEALTH**



**Dr. M. P. Ravindra Nathan**

**यथा दीपो नवितस्‍थो नेङ्‍गते सोपमा स्‍मृता |**
**योगनिो यतचत्ि‍तस्‍य युञ्‍जतो योगमात्‍मन:**

Bhagavad Gita -Chapter 7, verse 19||

*yathā dīpo nivāta-stho neṅgate sopamā smṛitā*
*yogino yata-chittasya yuñjato yogam ātmanaḥ*

"Just as a lamp in a windless place does not flicker, so the disciplined mind of a yogi remains steady in meditation on the Supreme."

Controlling our mind is perhaps one of the most difficult things to do. And yet, that's exactly what we need to do to face all the stresses and adverse events in our life. And there is plenty of it now. For the past two years we have been under the assault of a pesky virus that has created so much of grief, worry and burn out. Even our children are suffering from mental health problems. Global inflation is hitting the roof. As if this was not enough there is a major war being fought and, day in and day out we see the atrocities being committed on innocent civilians. Then there is the job stress, family stress and more -looks like there is no end. As you know 'chronic stress' can exact a toll upon you.

So, we need to come up with coping strategies to face our daily struggles with a degree of equanimity and courage. "Balance over turmoil" is what we want. And 'Meditation' may be the best answer. That's what Bhagavad Gita advises us through several verses in Chapter 6 – Dhyanayoga.

**Benefits of Meditation**

Medical research has clearly documented many tangible benefits of meditation. The Nobel Prize winner for medicine in 2009, **Dr. Elizabeth Blackburn**, demonstrated that stress reactions shorten the length of telomeres and decrease telomerase activity in our chromosomes, thus

accelerating cellular aging. Meditation seems to reverse these processes.

**Sri Swami Rama**, one of the first yogis studied by scientists at the Menninger Clinic in Houston back in the 1960s, demonstrated his ability to voluntarily control his heartbeat, blood pressure, and body temperature, all of which are normally considered to be involuntary. Imagine having complete control of your mind and through that, your entire body! A study at the Ohio State University found that "a month of relaxation exercises boosted the natural killer cells in the elderly, giving them a greater immunity to tumors and viruses."


People who practice meditation have significantly **lower blood pressure**, according to studies from Harvard Medical School. The body becomes less responsive to stress hormones. This is the essence of biofeedback as a treatment for hypertension. In addition, inflammation, the basis for many diseases in the body including heart disease, arthritis and asthma, seems to be alleviated by this technique. As the famed cardiologist Dean Ornish says, "Heart disease starts in the mind."

Every morning I sit in my prayer room, close my eyes, concentrate on the image of my late parents who were my 'visible Gods', pay attention to my breathing and meditate. I start by chanting "Om" and mentally repeat the mantra. Once I finish my fifteen minutes, I feel relaxed and ready to face the world. You can gradually extend this period to 20 -30 minutes twice a day if you like. Initially, it was difficult for me to concentrate and my mind would start wandering but with persistent effort it got better.

Remember *meditation is a spiritual journey*, needing weeks or months of practice to become good at it. So if you are a beginner, allow yourself just five minutes of silence twice a day and gradually increase it to fifteen minutes. I promise you the rewards will be great.

*****M. P. Ravindra Nathan MD, FACC, FACP, FRCP** (Lond & Canada) is a Cardiologist and a writer and is the Emeritus Editor of AAPI Journal. He is a columnist for Khaas Baat and frequently writes for Tampa Bay Times. His articles have appeared in Medical Economics, Cortlandt Forum, India Abroad, Hernando Today and Journal of Florida Medical Association. He is the author of two books, 'Stories from My Heart, A Cardiologist's Reflections on the Gift of Life' (www.amazon.com or www.bn.com) and "Second Chance – A Sister's Act of Love."

# നിന്നെയോർത്ത് മറ്റാരു നിറയും?



ഡോണ മയൂര



ഒറ്റക്കൊമ്പിലെ പക്ഷീ,
ഒരമ്പിനാൽ നീ ഒഴിയുകിൽ,
ഒഴിഞ്ഞ ആവനാഴിയല്ലാതെ
നിന്നെയോർത്ത് മറ്റാരു നിറയും
ശരമേൽക്കുമ്പോൾ
കൊക്കിലവശേഷിക്കുന്ന
അന്നത്തെയന്നത്തിൽ
നിന്നൊരു വിത്ത്
ഒരില രണ്ടില മൂന്നില വിടർത്തി
പൂമരമായി മുളയ്ക്കണം
ശിഖരങ്ങൾ ചിറകുറച്ച്
പറന്നു പോയേക്കാമെന്ന്
തോന്നിപ്പിക്കുമാറ് ചിറകടിച്ചും
തലപ്പ് ഏതു ദൂരവും
താണ്ടുമെന്ന സ്ഥിരതയിൽ
തലയെടുപ്പോടെ ഉയർന്നും
വേരുകൾ ഒരു പക്ഷിയുടെ
കാൽ വിരലുകളെന്ന പോലെ,
വിട്ടകലാൻ മടിച്ചെന്ന പോലെ,
പക്ഷിയിൽ നിന്നും
മരത്തിലേക്കുള്ള ദൂരത്തിലല്ല
ആഴത്തിലാഴത്തിൽ
പൂവിൽ നിന്നും
പുണരലിലേക്കും
പുണരലിൽ നിന്നും
പൂവിലേക്കും എന്ന പോലെ
ആഴ്ന്നാഴ്ന്നിറങ്ങണം
ഒറ്റക്കൊമ്പിലെ പക്ഷീ,
ഒരമ്പിനാൽ നീ ഒഴിയുകിൽ,
ഒഴിഞ്ഞ ആവനാഴിയല്ലാതെ
നിന്നെയോർത്ത് മറ്റാരു നിറയും



# PRINCIPLES OF HEALTH, AGING AND LONGEVITY IN HINDUISM

**Dr. Sudhirdas Prayaga**

രാഗാദിരോഗാൻ സതതാനുഷക്താനശേഷകായ
പ്രസൃതാനശേഷാൻ ഔത്സുക്യമോഹാരതിദാൻ
ജഘാനയോ അപൂർവവൈദ്യായ നമോസ്തു തസ്മൈ

*ragadirogan sathathanushakthan asheshakaya*
*prasrethanaseshan*
*Oulsukhyamoharathidhan jaghanayo*
*apoorvavaidhya namosthuthasmai*

(Ashtanga Hridhayam 1.1)

My obeisance to the 'apoorva vaidhya' the father of healing or the god of good health, who protect us from all ailments caused by 'ragas' which are associated with and spread all over the body giving rise to restlesnsess, stress, and diseases.

### Psychology of Health and Diseases - *'ragas' are the cause of most of the 'rogas'*

Diseases can be classified into four main classes viz psychologic, infectious, metabolic and genetic. Our ancietn acharyas and rishis have long identified that psychological problems probably accounts for majority of our diseases. Vagbhata acharyan in his classic Ayuvedic text Ashtanga Hridayam indicated that 'ragas' are responsible for many of our 'rogas' or ailments. 'Ragas' are psychological feelings, probably unique to humans, caused by the dualities in mind such as love & hate, attachment & detachment, generosity & greed, pride & envy, etc. Same thoughts can also be seen all across Bhagavat Gita, here is an example.

മാത്രാ സ്പർശാസ്തു കൌന്തേയ ശീതോഷ്ണ സുഖദുഖധാ

*maatra sparshaastu kaundheya seethoshna sukhadukhadaa.* (Bhagavat Gita 2:14)

In Bhagavat Gita Krishna says to Arjuna that 'one feels heat and cold or happiness and sadness due to the interactions of our 5 senses with the external world'. Our ancestors thousands of years ago have written about the role of senses, mind and psyche in diseases. Ancient Hindu philosophy gives prime importance to controlling mind to have good health, longevity and attain moksha or oneness with God. Yoga or yogasana (physical exercises), pranayama (breath exercise) and dhyana (meditation) are prescribed as ways to achieve this. Charaka in his classic Ayurvedic text says that the body and mind

are complementary, exchange energy and effect each other, just like how heat is transferred when hot oil is poured into cold vessel.

**ശരീര മനസോ യോഗ പരസ്പര മനുവൃജെത്**
**ആദാര ആധേയ ഭാവേനാദ് തജയ് ഘടായോരിവ**
*sharira manaso yoga parasparamanu vrijeth*
*adhara adheya bhavenaad thajya ghadayoriva.........*
(Charaka Samhita)

## Aging and Longevity - *aspire to live for 100 years*

Aging and longevity are two aspects in life everyone is always concerned with. Aging and associated conditiosn itself are not a disease. Typical characteristics of aging we recognize are wrinkling of the skin, graying of the hair, baldness, etc. These characteristics of aging sets in at different ages in different individuals. Mental, physical, environmental and genetic factors contribute to these individual variations. In scientific terms, normal aging occurs due to oxidation and peroxidation of various macro molecules within our body. As you age the skin becomes more wrinkled because it loses its elasticity mostly due to damages to membrane macromolecules such as proteins and lipids which make up the body structure. Hair becomes white mostly due to oxidation, just like how bleach whitens colored cloths. Wecan compare this to a car, a well-maintained car can last a long time while a race car with rough use won't last a season. Same is true for your body.

One of our scriptures, *Isavashya Upanishad* proclaims that one can aspire to live for 100 years if we follow our Dharma and Karma. While the current life expectancy is only 70 to 80 years in the developed world, much less in other parts of the world.

**കുർവ്വന്നേവേഹ കർമ്മാണി ജിജിവിഷേച്ഛതം സമാഹ**
*kurvenevaha karmani jijivisheshatham samaha.*
(Isavashya Upanishad -2)

So, why is this disconnect? The problem is most of us are at a loss when it comes to our body, without a clue,how to do the maintenance of our body. Fortunately for us, ancient Hindu literature has a wealth of information about good health and practices. In fact, geriatric science, *jara chikitsa*, is a major division of classic Ayurveda, which deals with aging. Probably our western style education made us ignore this information and left them in the dust bin. It is our duty to get them back to practice. Currently, people are trying various chemicals and herbal preparations to keep young, healthy and live longer, without even knowing whether they will ever work. In the current world of economic survival, we are running after making money and often ignore our own health. By the time we realize our poor health it may be too late.

## Health and Fitness - *running marathon is injurious to your health*

In our society today we are all leading a fast-paced life to achieve material wealth and success, often ignoring our health. We tend to forget that health is our most important wealth. By middle age when we realize this fact, often many of our bad habits have already contributed to our poor health. We spend a lot of money and time to maintain our fancy car but not to protect and maintain our own body. Strangely, modern science and western medicine which is supposed to provide clear directions fall short. Presently, we believe that vigorous exercise is good to keep fit and trim. Running marathon appears to be a fad these days. Aerobics and similar hyper over exercises seem to be the norm to be healthy these days. Even 'yoga' is being taught as vigorous physical exercise these days, without knowing its original intend and purpose. Media also extol these in vain. I believe, rigorous physical exercise is antithesis to good health and longevity. Don't get me wrong, I am not saying we don't need exercise, but we need a balanced physical and mental regimen. I don't see anywhere in our ancient Hindu literature mentions of the virtues of vigorous exercise. On the contrary, there are innumerable mentions about the importance of balance of body & mind and how to do that. Scientific literature also supports this view, although the media and the pundits are yet to catch up.

**സിദ്ധ്യസിദ്ധോ സമോഭൂത്വ സമത്വം യോഗ ഉച്യതേ**
*sidhyasidho samobhootva samathvm*
*yoga uchyate.* (Bhagavat Gita 2:48)

In Bhagavat Gita Krishna says that balance of body and mind is yoga. Krishna also says that those who

do unscientific and senseless torturing of their body, are ignorant and are not my favorite.

**കർശയന്ത ശരീരസ്ഥം ഭൂതഗ്രാമമചേതസ**
**മാംചൈവാന്ത ശരീരസ്ഥം താൻവിദ്ധ്യാസുര നിശ്ചയാൻ**
*Karshayanta sareerastham*
*bhootagraamamachetasa*
*Maamchaivaanta sareerastham*
*taanvidhyaasura nishchayaan.*

(Bhagatvat Gita 17:6)

There is an inverse correlation between heart rate and life expectancy in most mammals. Average adult human heart rate is about 70 beats per minute. According to modern science the number of heartbeats per lifetime is a constant among mammals, despite a 40-fold difference in life span or 500,000-fold difference in body weight of mammals. Lowering the heart rate of humans from 70 to 60 increases life expectancy by over 12 years (European heart journal supplement 2003, R. Ferrari). Scientific studies have shown that increasing the heart rate is a risk factor for cardiovascular morbidity and mortality. The vigorous exercise most of us do in the name of good health increases heart rate. In contrast, many of the *asanas* (yogic postures), *pranayama* (breath exercises) and *dhyana* (meditation) help to lower heart rate and slowdown breathing. All these are techniques for good health and longevity prescribed in many of our ancient texts, including the well-known *Yogasutra* written by *Pathanjali* thousands of years ago. The purpose of a fruitful exercise regimen should be to stimulate the whole body and not to give a workout to your heart or burn calories.

**അധി വ്യായാമദ കാസോ ജ്വരാചർദിസ്ച ജായതേ**
**ഹൃദയാതി ഉപരോദസ്ച ഇതി വ്യായാമ ലക്ഷണം**
*adi vyayamatah kaso jvarachardisca jayate*
*hrithayati uparodesca idi vyayama lakshanam.*

(Charaka Samhita 7.33)

Even Charaka has mentioned over 2000 years ago that vigorous or over exercise can cause headache, fever, and even heart attack in his famous text on Ayurveda. He compares over exercise to a lion trying to drag an elephant. A wise person should do exercise in moderation.



# ചിത്രം



**വിശ്വാനന്ദ്**

**നി**ത്യം വിചിത്രമി ജീവനം പോൽ
വിസ്മയം തീർക്കും വിഷയമില്ല
ആകസ്മികമീ മനുഷ്യജന്മം
ചിന്തയാം തേരിൻ പെരുവഴികൾ.
ഭൂതകാലപ്പൊൻ ചുവരെഴുത്തിൻ
സർഗ്ഗാനുഭൂതിതൻ സൂക്ത വാക്യം
ഭാവികാല ക്രിയ കാത്തുവെയ്ക്കും
സാഹസ പരിണാമം ആർക്കറിയാം.
ബോധമാം സംസ്കാര മണ്ടലത്തിൽ
സർഗ്ഗപ്രകൃതി പ്രചോദനത്തിൽ
ഉത്ഭവം ചെയ്യും നവചരിതം പുതു–
സർഗ്ഗചിത്രത്തിൻ തുടക്കമാവാം.
കൽപ്പനാജാതമാ ലേഖനം താൻ
ലിഖിത പ്രമാണമായ് പരിഗണിപ്പൂ
പശ്ചാത്തലത്തിൻ പുതപ്പ് മൂടി
രംഗപാത്രങ്ങൾതൻ പ്രകടനങ്ങൾ.

ശാസ്ത്രലോകത്തിൻ മിഴിപ്പരപ്പാം
യന്ത്ര സാമഗ്രിതൻ കൃത്യതയിൽ
രംഗങ്ങൾ സംഭാഷണങ്ങളെല്ലാം
അഴകോട് മെല്ലെ കരസ്ഥമാക്കും.
പിന്നെയാ രംഗ വിധാനമാകേ
ചിട്ടപ്പെടുത്തുന്ന കൗശലത്താൽ
ദൃശ്യങ്ങളൊക്കെ ക്രമത്തിലായി
അർത്ഥം കൊടുക്കും തിരക്കഥയും.
ശബ്ദമില്ലായ്മതൻ നൂനതയിൽ
മൂകമായ് കാണും കിനാവ്പോലെ
നിശബ്ദം തെളിഞ്ഞിടും നാട്യരംഗം
ശബ്ദം പകർന്നൊന്നു വ്യക്തമാക്കും
കേൾവിയ്ക്ക് മധുരമാം നാദങ്ങളും
ദൃശ്യ പ്രഭാവത്തിനുടലൊരുക്കും
സംവിധാന കലാ നൈപുണിയിൽ
ചിത്രമായ് നാളെ ചരിത്രമാവാം.

# PILLAI
## CPA

- Income Tax
- Corporate Tax
- Sales Tax
- Consulting
- Home Health Accounting
- Medicare Cost Reports
- PHC Cost Reports
- Part-Time CFO Services
- Bookkeeping
- Payroll Services
- Business Formation
- Incorporation





972-203-2010
taxinfo@pillaicpa.com
972-203-2015
pillaicpa.com
17330 Preston Rd, Suite #100A
Dallas, TX 75252





**HARI PILLAI, CPA**
*PARTNER*






**UMESH PILLAI, MBA**
*PARTNER*





**RATISH PILLAI**
*PARTNER*



# വർണ്ണച്ചിറകുള്ള തുമ്പി

**ജയൻ വെളിയനാട്**

> **പരേതാത്മാക്കൾ തുമ്പികളായി പറന്നുനടക്കുമെന്നു കേട്ടിട്ടുണ്ട്. മുറ്റത്തു പറന്നു നടക്കുന്ന തുമ്പികളിൽ ഒന്ന് കാത്തുവാണോ? ഇതിൽ ഏതാണ് കാത്തുവെന്ന് തിരിച്ചറിയാൻ കഴിഞ്ഞിരുന്നുവെങ്കിൽ എന്നയാൾ വെറുതെ മോഹിച്ചു**

**മീ**നച്ചൂടിൽ ചുട്ടുപൊള്ളുന്ന ഭൂമി. തൊടിയിലെവിടെയോ കെട്ടിയിരിക്കുന്ന മീനാക്ഷിപ്പശു ദാഹിച്ചിട്ടാവണം അമറുന്നത്. ഈ അമ്മു എവിടെപ്പോയി? ഉച്ചഭക്ഷണത്തിനു മുമ്പേ പറഞ്ഞതാണ് വെള്ളവും വൈക്കോലുമിട്ടുകൊടുക്കാൻ. വരാന്തയുടെ ഓരത്തിട്ടിരുന്ന ചാരുകസേരയിൽ മുന്നോട്ടാഞ്ഞിരുന്നു, മുറുക്കാൻ മുറ്റത്തേക്ക് നീട്ടിത്തുപ്പി മാലേപ്പറമ്പിൽ കേളുനായർ. വയറ്റത്തും മാറത്തും പാറിവീണ മുറുക്കാൻ ചണ്ടിയും തുപ്പലും കൈകൊണ്ടമർത്തിത്തുടച്ച് അയാൾ ആയാസത്തോടെ അമ്മുവിനെ നീട്ടിവിളിച്ചു. തന്റെ ചിലമ്പിച്ച സ്വരം അകത്തളത്തിലെ ചുവരുകളിൽ തട്ടി പ്രതിധ്വനിക്കുന്ന സ്വരം മാത്രം അയാൾ കേട്ടു. വയസ്സായി തീരെ എണീക്കാൻ വയ്യാതായിരിക്കുന്നു. ഇല്ലെങ്കിൽ സ്വയം പോയി നോക്കാമായിരുന്നു.

താൻ വിളിക്കുമ്പോളൊക്കെ ഓടിയെത്താൻ മാത്രമുള്ള ജന്മബന്ധമില്ലല്ലോ അമ്മുവിന് തന്നോട്. തന്റെ കാത്തുവിന്റെ അകന്ന ചാർച്ചയിൽപ്പെട്ട കുട്ടി. കാത്തുവിനോടുണ്ടായിരുന്ന സ്നേഹവും കടപ്പാടും ബാക്കിനിൽക്കുന്നതു കൊണ്ടാവും അവൾ മൂന്നുനേരവും ആഹാരം വെച്ചു വിളമ്പുന്നത്. അതു മാത്രമോ? ആയിരിക്കില്ല, അവൾക്കും കുട്ടികൾക്കും സുരക്ഷിതമായി തല ചായ്ക്കാനൊരിടവും. അല്ലലില്ലാതെ അവളുടെയും കുട്ടികളുടെയും കാര്യവും നടന്നുപോകുന്നു. മുക്കുടിയനായ അവളുടെ ഭർത്താവിന് അതു ലാഭം. കിട്ടുന്നതു മുഴുവൻ കുടിച്ചുതീർക്കാമല്ലോ.


നാളേറെയായി വിചാരിക്കുന്നു വീടും തൊടിയും കാലശേഷം അമ്മുവിനും കുട്ടികൾക്കുമായി എഴുതിവെയ്ക്കണമെന്ന്. തന്റെ കാലം കഴിഞ്ഞാലും അവൾക്കും കുട്ടികൾക്കും ബുദ്ധിമുട്ടുണ്ടാവരുത്. ചാരുകസേരയിൽ ഒന്നുകൂടി അമർന്നിരുന്നു കൈകൾ തലയ്ക്കു പിന്നിലേക്കു പിണച്ചുവെച്ചു കേളു നായർ മനസ്സിലോർത്തു, നാളെത്തന്നെ പണിക്കരോടു വക്കീലിനെ വിളിക്കാൻ പറയണം.




മുറ്റത്തിന്നരികിൽ ഇത്തിൾ പടർന്ന് ഉണങ്ങാറായി നിൽക്കുന്ന കർപ്പൂരമാവിന്റെ ചില്ലകളിൽ കണ്ണുനട്ട് വെറുതെ ഓരോന്നാലോചിച്ചിരുന്നു. കുറെ നാളുകൾക്കുമുമ്പുവരെ എല്ലാവർഷവും നിറയെ മാങ്ങ കായ്ക്കുമായിരുന്നു. മാങ്ങയുടെ ഭാരം കൊണ്ടു ചില്ലകൾ തലകുനിച്ചു നിന്നിരുന്ന മാവും കായ്ക്കാതായിരിക്കുന്നു. കാത്തു ജീവിച്ചിരുന്നപ്പോളായിരുന്നു എല്ലാ ഐശ്വര്യവും. അവളുണ്ടായിരുന്ന കാലത്തല്ലേ താനും ജീവിച്ചുള്ളൂ! പാടത്തും പറമ്പിലും എന്നും പണിക്കാർ. ഉച്ചയൂണിന് വാല്യക്കാരിക്കു നിർദ്ദേശം കൊടുക്കുന്ന കാത്തുവിന്റെ പതിഞ്ഞ സ്വരം. എല്ലാക്കാര്യത്തിനും എല്ലായിടത്തും ഓടിനടക്കുന്ന തന്റെ കാത്തു.

ഒക്കെ കഴിഞ്ഞ കാലം. അവൾ തനിക്കുമുമ്പേ പോയിരിക്കുന്നു. ഭാഗം വെച്ചു പിരിഞ്ഞ താവഴികൾ ഇപ്പോൾ എവിടെയൊക്കെയാണെന്നു പോലും തനിക്കറിയില്ല. കാത്തുവുണ്ടായിരുന്നെങ്കിൽ അവളോടു ചോദിക്കാമായിരുന്നു. അമ്മുവിനോടു ചോദിക്കാമെന്നു വച്ചാൽ അവൾ കളിയാക്കും. കേളുമ്മാനിതെന്തേ വിട്ടുപോയവരെ ഓർക്കാൻ? പരേതാത്മാക്കൾ തുമ്പികളായി പറന്നു നടക്കുമെന്നു കേട്ടിട്ടുണ്ട്. മുറ്റത്തു പറന്നു നടക്കുന്ന തുമ്പികളിൽ ഒന്ന് കാത്തുവായിരിക്കുമോ? ഇതിൽ ഏതാണ് കാത്തുവെന്ന് തിരിച്ചറിയാൻ കഴിഞ്ഞിരുന്നുവെങ്കിൽ എന്നയാൾ വെറുതെ മോഹിച്ചു. തന്നെ തനിച്ചാക്കി കടന്നുപോയ കാത്തുവിനോടു നീരസവും അസൂയയും തോന്നി.

പിരിഞ്ഞുപോയ താവഴികളിലാരൊക്കെയോ വിദേശത്തുണ്ട്. മൂന്നും നാലും കൊല്ലം കൂടുമ്പോൾ നാട്ടിൽ വരുന്ന അവർ തറവാടിന്റെ തെക്കേയറ്റത്തുള്ള സർപ്പക്കാവിൽ തൊഴുതുമടങ്ങുന്നു. സർപ്പദൈവങ്ങളെ പിണക്കരുത് എന്നു കരുതി മാത്രമാവാം. മീനാക്ഷിപ്പശു കയറുമായി സർപ്പക്കാവിൽ വളർന്നു നിൽക്കുന്ന കൂവച്ചെടികൾക്കിടയിൽ ഓടുമ്പോൾ ചെരിഞ്ഞു വീണ സർപ്പവിഗ്രഹം അങ്ങനെതന്നെ കിടക്കുന്നു. ചരിഞ്ഞുകിടന്നുറങ്ങുന്ന സർപ്പദൈവങ്ങളെ മനസ്സിൽ ധ്യാനിച്ചു. തനിക്കും എത്രയും വേഗം ഒരു തുമ്പിയാവണം, കാത്തുവിനൊപ്പമെത്തണം. ഒരു ദീർഘനിശ്വാസത്തോടെ കസേരയിൽ തലചായ്ച്ചു കിടന്നു കേളുനായർ, തുമ്പിയുടെ ചിറകടിയൊച്ചയും കാതോർത്ത്.



# RADHE RAADHE......



**Sushama Venugopal, MD, FAAP**

The house was empty. The old lady lay on a simple couch, very still, very beautiful, a divine calm pervading her fine features, a fine halo of greyish wisps encircling her oval face. She was in a deep slumber, her bosom heaving gently to an even cadence. A small oil lamp shyly shed a tiny circle of yellow light in the corner. A wooden flute lay next to her on the bed, her fingers loosely clasping it. The last of the auburn rays had long gone leaving the world around her still like an ageless oil painting .

In a moment, her eyelids fluttered, she opened her eyes slowly. They were still beautiful, youthful and bright, defying her years - it seemed that the the magic wand of Time, try hard as it might, had failed to blow out the light in her eyes.She held her breath and quietly, very quietly, got up from her bed tip-toed lightly to the window. Bracing herself, drawing in her breath, she opened the window just a crack to take in the vista, expectantly looking for someone. As if waiting impatiently, the milky moonlight

streamed into the room - it was full moon again. The cool rays of the moon reflected off of the waves of Yamuna leaving the valley in a muted surreal light. The ripples themselves shimmered and made the river come alive- it was a huge expanse of molten silver, giggling, dancing with "a thousand tinkling anklets". The air was filled with the intoxicating fragrance of jasmine – no, it wasn't just jasmine; it was Thulasi, Champa, Kethaki and and Parijatha. Her eyes searched the landscape longingly.

**Where was the magical night she was trying to evoke?**

Then a lone nightingale sang in the distance and in an instant the familiar melody started from the farthest corner of the river bank. The music slowly filled every nook and corner of the vast meadow and slowly the sandy bank came alive... Yes, he had come at last. She could see him now; his curly hair cascading around his divine features, the lone peacock feather gently waving in the cool breeze, walking slowly, deftly playing his flute. Gopikas were now walking and running past her window, first one by one; then in groups. She went out too, leaving the door ajar. No, she ran with a youthful sprint. Her legs were strong now. Her inky black hair tumbling down her back like a waterfall, flowing skirt dazzling in the moonlight, anklets tinkling, she ran; as the one with the flute came towards her with open arms.

**Then there were many Krishnas.**

Laughter and mirth filled the air. The flute played on and the divine dance commenced. Anklets jingled and bangles chimed in. Skirts twirled and a million Dandiyas kept time in perfect rhythm. There was an ocean of Gopikas and Krishnas. Yamuna's waves ebbed and flowed in harmony with the music. Clouds made way for the heaven to descend to the banks of Yamuna. Each grain of sand vibrated in resonance to the rhythm. The fragrant breeze cooled the hearts and bodies of the dancers. Devas came down once again to witness the festivity. Time stood still, till the last of the Gopikas had danced to her heart's content. Hearts and souls full, they finished up as the night finally yielded to the pre dawn hours. The silken sand was the silkiest bed for the Gopikas that night.


As her tired eyes slowly closed, leaning against her Krishna she distinctly felt a warm breath on her cheeks, and a whisper in her ears "I am here Radhey. Always remember that you have had only one name: you are, and always have been, Radha only ... They might call me with a thousand names, but your name will always be in front of my true name, always, always through all the yugas.. I never left you, I can never ever leave you because I have been with you and within you all along. You have always been a part of me. We are truly one"... She slipped into a reassuring slumber on his lap and the sandy shore held them in a warm embrace.



Yet, as the first golden rays tickled the buds into bloom and stole their way into the room, they found her in her bed, with a smile on her lips, perfectly composed and as beautiful as she ever was. The flute was still in her hand and her slightly knobbly but slender fingers were wrapped tenderly around it. Everything was still very still. The world didn't miss a beat. Time didn't stop its tread. All was as it was, as it will always be. Except that, as her friends stood watching, an errant breeze rose from nowhere, rattled the bamboos in a rising primordial symphony, and stealthily found its way through the open window somehow managing to drop off a perfectly beautiful peacock feather right on her still bosom. RADHE..... RADHE....

About the Author: **Sushama Venugopal, MD** is a Retired Pediatrician in West Palm Beach. She has written several articles for AKMG Souvenir, AAPI Journal and other ethnic publications.


Hey United States !!
Looking for a companion in Learning?
Get your kid their best tutor today itself
from Hometuitions.us
CALL FOR FREE TRIAL
Enroll now to get August month classes as complimentary
(+1) 747 777 4828
Highlights
Interactive 1-on-1 online tutoring from kg to xii
Well-experienced and passionate tutors for all subjects
Separate classes for staar test (optional)
Spontaneous doubt clearance like never before
Save everything you learn on your smart whiteboard throughout a year
GET YOUR SMART WHITEBOARD FROM HOMETUITIONS.US
A smart whiteboard where we can write, type, note, erase, save and export files throughout a year along with your teaching companion. We also provide you an exclusive Video call and Chat function for seamless communication with your tutor during the sessions.
Home Tuitions
Success is learning, Secret is tutoring
Powered by RD Squared Technologies
(A Houston, USA based tech-startup company)
(+1) 747 777 4828
info@hometuitions.us



# MAGNIFICENCE OF THE NAME RAMA AND THE EPIC OF RAMAYANA



**Dr. Sukumar, Canada**

The name "Rama" itself is so auspicious that just by hearing that word people rejoice and forget all their human problems and afflictions. Chanting the name of Sri Rama is considered propitious and meditative. In Ramayana, the story of Sri Rama starts by describing the divine landscape of the epic as to how it was told and who imparted it to whom. Ramayana was created by Lord Brahma himself and it is considered superior to all other classics known to mankind.

An uneducated hunter who lived in a forest got enlightened just by chanting the name of Rama, that too inadvertently. He became Sage Valmiki, the author of Ramayana, the most ancient epic. He was entrusted with the job of composing the captivating story of Rama by Lord Brahma. The hunter was not a wordsmith but the goddess of knowledge, Saraswathi herself decided to occupy his tongue and thus originated the scripture, Ramayana.The beauty of this scriptural poem is that those who listen to it would be led to the path of liberation even if they are, at present, bound by worldly afflictions. Lord Narayana, who is reclining on the bed of Ananta, the celestial serpent, decided to descend to the earth and establish dharma as requested by Lord Brahma and other Devas. Their request was to reduce the burden on this earth of the unscrupulous people who are adharmic in their deeds, causing disharmony and havoc in the societal fabric. Thus came the story of Sri Rama, an incarnation of Lord Vishnu, who was born in the family of emperor Dasaratha to re-establish dharma in the world. After annihilating Ravana, the demon king, the Lord receded to his abode, thus completing the purpose of his avatar. He has taken ten such incarnations -avatars- to establish dharma and to teach the importance of harmony and oneness in the world.

### Goddess Parvathi and Lord Parameswara

Lord Parameswara's abode is Kailas, and He is known to be the embodiment of meditation and ultimate knowledge. So, Parvathi, His consort asked him respectfully to elucidate the principle behind the

incarnation of Sri Rama. She was very specific in that she asked for a detailed discourse on philosophical theories and their practice related to Rama's story. She wanted to know the characteristics of the various paths of approaching the divine through the devotional, meditative, yogic, and karmic paths leading to ultimate liberation. She also wanted to know the best ways for people to live as a society and the ideal conduct of an individual in society. What are the results of being charitable and service-minded? What are the various schools of thought? What are the aims of human life? In the end, she concludes the questions by humbly requesting her husband to teach about this vast ocean of knowledge, only if He considers Her to be worthy of it. "Lord, I am anxious to hear the story of Sri Rama. I don't see anyone else so apt to tell me that." The Lord was pleased with her request and told her, "Yes, I would be happy to oblige. Your request is very pertinent, and you are the first one to ask me so. I know how devoted you are, and your services to the gurus and gods are unparalleled. The principle behind Sri Rama's incarnation is a divine secret and that can be imparted only to those who are qualified to hear it. I am also a devotee of Sri Rama. So, with His blessings, I am going to tell you the story of Sri Rama avatar." From Kailas, the scene shifts to Ayodhya.

Sri Rama, Sita Devi, and Hanuman at Ayodhya After the mighty war in Lanka, in which the demon king Ravana was killed by Sri Rama with the help of a large army of Vanaras (monkeys), the whole team returned to Ayodhya. Sri Rama was coronated as the King and Sita Devi, the Queen. In the palace court, all the prominent citizens were present along with several special guests from the nearby kingdoms. The retinue of monkeys and warriors who came from Lanka was also present in the court and King Sri Rama and Queen Sita Devi shone like a pair of precious jewels. Hanuman Ji stood there with folded hands mesmerized at the gait of the emperor, who is his master, materially and spiritually. Sri Rama told Sita Devi: "Haven't you seen Hanuman? He is in me and you all the time because his heart is filled with devotion towards us. He is not desirous of anything other than the ultimate knowledge-divine. He is a pious seeker of the higher with no desire for any material wealth. He is a celibate yogi with no blemish in him. He is ready and fully prepared to assimilate the divine secret behind our appearance in this world. You will not find a better disciple than him to impart such knowledge. So, why don't you reveal that divine knowledge to him without delay?

Sita Devi was enthused at her Lord's request to advise Hanuman. "Oh! Son of Marut, the god of the vital air, I know you are the most deserving devotee to imbibe this knowledge. Please understand that the ultimate reality is the Brahman, the Sat-Chit-Ananda, i.e., existence-consciousness-bliss. It is beyond any vacillations, and it is undefinable. Words cannot explain it and one cannot convey the essence of it by the means of ordinary communication techniques. It has no beginning and hence no end. It is unaffected by anything in the three worlds and the three-time periods, past, present, and future.

Sri Rama is none other than that ultimate reality, now appearing before us as the King, your master, and my husband. And let me tell you about me



as well; I am the Prakruti, nature, the material base, and cause of everything. I am the creator of everything; but I require the presence of Lord Rama, the ultimate reality to manifest my ability. People, because of their ignorance relate that the created things are part of the Lord Himself not knowing that Lord does not change for the creation to occur. His mere presence is adequate for everything to take place. This secret is known only to those who are fully immersed in the divine knowledge.

Sri Rama was born to Dasaratha, in the Sun dynasty to annihilate adharma from the world and to establish dharma. You know the incidents that led to Ravana's death in the fierce battle. In all those, Sri Rama appeared as a fully active human being, facing all the challenges of life, executing appropriate actions on time. All those actions are performed by me as the Prakriti, or Maya Devi, inspired by His august presence. He does not get entangled in any of the emotional traps such as sorrow, anger, pleasure, and pain, etc. You cannot excite or please Him with anything either. You cannot enrage Him. He is inert in His emotions, and He does not undertake any activities. As Maya Devi, I do all that is to be done. Because of this, the Lord appears to be the doer and the enjoyer although He has no ownership of the actions. He is not bound by karma.

Then, Sri Rama, the king took over continued the advice to Hanuman. "Paramatma is the ultimate reality which is real, and the appearances are Jivatma's; the reflected realities suitably supported by Maya Devi. It is just like seeing many a reflection of the same sky in many water bodies like rivers, wells, streams, and oceans, etc. Paramatma is without any changes whereas the appearances do change depending on the medium in which they occur. The living beings, including humans, are Jivatma's who do not understand their reality. By the grace of one's gurus, and by deep-rooted devotion, one gets a revelation on the oneness of Jivatma and Paramatma. This revelation is the end of ignorance and the worldly bondage of Jivatma's. It is like a sculpture made of salt crystals venturing into the ocean in search of its identity. Once immersed, there will be no separate entity to realize individuality. The salt-statue would have been fully absorbed in the vast oceanic water by then. This secret behind the creation is not to be imparted to people who are not keen on the pursuit of knowledge." Hanuman Ji was fully immersed in the story as he was one with the Lord at that moment. Let us go back to Kailas.

**Lord Siva Narrating Ramayana to Parvathi**

Goddess Parvati continued her plea to her husband Lord Siva to tell her the story of Sri Rama as she was not contented with the philosophical discourse she just heard. He conceded. "Oh, blessed Devi, listen to the heart-touching story of Sri Rama as told by Valmiki. The hunter-turned poet Valmiki has abridged the epic story with a poem of 24000 stanzas. Lord Brahma asked him to undertake this task for the benefit of mankind. But I heard the story from Sri Rama himself who narrated a shorter version for me. It is called Adhyatma Ramayana. Adhyatma denotes the fact that those who study this Ramayana would get spiritually enlightened. I am happy to narrate the story as I was told."

That is how the story of Rama being narrated in the Adhyatma Ramayana. This work is attributed to Veda Vyasa, that deals with Sri Rama's story as a spiritual pursuit giving more emphasis to pure devotion and the practice of Vedanta philosophy. It is this Ramayana, that Thunjath Ezhuthachan has adapted for writing the Adhyatma Ramayanam Kilippaattu, in Malayalam. Although it is based on the Sanskrit original in its content, it is not a mere translation. Ezhutthachan exercised a lot of freedom in composing the poem adding wonderful imageries and emotional episodes to bring the reader closer to the story and the dharmic philosophy.

The beauty of the name Rama is exhaustively dealt with in the Kilippaattu (Malayalam) with innumerable adjectives and poetic elucidations. Ezhuthachan seems to enter into a state of rapture when he describes Rama in the epic. He describes Rama fully knowing that he was trying to put in words something that cannot be sullied by the limitations of words. However his attempts are so poetic that they inspire gernerations after generations, especially those who understand Malayalam.

(Based on Dr. Sukumar Canada's book "Adhyathma Ramayanam in 30 Days")


Joseph Chacko
HOME LOAN TEAM
A Better Home Mortgage Experience
with Joseph Chacko Home Loan Team!
You have missed out on the best Home Loan offering
if you haven't checked our wholesale Mortgage Rates!
WE CAN BEAT ANY GENUINE COMPETING MORTGAGE OFFERS
Lower rate
No lender fee options
Guaranteed timely closing!
2021 PRODUCTION YEAR #1 ORIGINATOR Joseph Chacko C2
We do the Rate shopping for you!
(100+ lenders to choose from!)
Powered by C2 Financial Corporation
The Nation's Largest Wholesale Lender.
Contact Us
MLS#135622, 247199
Joseph Chacko Home Loan Team today
619-758-5858
jclhomeloans.com

# ഓണം – സുവർണ്ണശോഭയുള്ള പക്ഷി



**ദേവിക രവി**





**സ്**മരണകൾ വെളിച്ചങ്ങളായി, വികാരങ്ങളായി, മാനസിക സ്ഥാനീകരണങ്ങളായി നാമ്പിട്ട് തുടങ്ങിയ ആ കാലം. ഏതാണ്ട് ഒരു ഇരുപത്തെട്ടു വർഷങ്ങൾക്ക് മുൻപ്. അന്നാണ് എന്റെ മനസ്സിലെ പൂർണ്ണഭാവത്തോടെയുള്ള ഓണാഘോഷത്തിന്റെ ആദ്യസ്മരണകൾ തുടങ്ങുന്നത്. പിന്നീടുള്ള വർഷങ്ങളിൽ ആ അനുഭവത്തിന്റെ അടുക്കിവക്കലുകളോ വിളക്കിച്ചേർക്കലുകളോ മാത്രമാണ് നടന്നത്. ഗൃഹാതുരസഞ്ചയങ്ങൾക്കിടക്ക് സ്വർണ്ണതുല്യമായ ചില കാഴ്ച്ചകൾ. അല്ലെങ്കിലും ഓർമ്മകൾ എന്നും പൂർണ്ണവെളിച്ചത്തിന്റേതാണ്. ഇരുട്ട് അങ്ങിങ്ങായി നിന്ന് കാഴ്ച്ചക്കാരനാകുന്ന ചില സമയങ്ങൾ. അന്ന് ഒരതിഥികൂടിയുണ്ടായിരുന്നു ഓണമുണ്ണാൻ. പേരോർക്കുന്നില്ല. പഞ്ചദീപങ്ങൾ വിളങ്ങിയ നിലവിളക്കിനു മുന്നിൽ ഞാനും ഏട്ടനും അച്ഛനും അമ്മയും. പിന്നെ പേരോർക്കാത്ത ആ അതിഥിയും. പുറത്ത് സൂര്യപ്രഭ പൊൻനിറത്തിൽ, വീടിനകത്തും അതിന്റെ പ്രതിഫലനങ്ങൾ. അരുണസങ്കീർത്തനം പ്രഭാസാഗരമായി, വെയിലായി ആ പ്രദേശത്തെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു. ഞാനെപ്പോഴും പുറത്തേക്കാണ് നോക്കുന്നത്. അതിഥിയടക്കം ബാക്കിയുള്ളവർ എല്ലാവരും എന്തൊക്കെയോ സംസാരിച്ചുകൊണ്ടിരിക്കുന്നു. ഇലയിലേക്ക് ശർക്കര ഉപ്പേരി വിളമ്പിയപ്പോഴാണ് എന്റെ ശ്രദ്ധ അകത്തേക്ക് വന്നത്. ഏറെക്കുറെ എല്ലാവരും നിശബ്ദരായപ്പോൾ എന്റെ ആ ചെറിയ മനസ്സ് അതിഥിയോടായി ചോദിച്ചു. "ഓണം എന്താന്നറിയോ? ശരിക്കും?" ഒരല്പം വാത്സല്ല്യത്തോടെ പകുതി നരച്ച ആ മീശയ്ക്ക് താഴെ അയാളൊരു പുഞ്ചിരി വിടർത്തി പറഞ്ഞു, "ഇല്ല്യ! മോൾക്കറിയണത് പറയൂ." എനിക്കുത്സാഹമായി. വിഭവങ്ങൾ അച്ഛനും അമ്മയും ഇലയിൽ അഴകോടെ നിറയ്ക്കുന്നതിന്റെ പശ്ചാത്തലത്തിൽ ഞാൻ പറഞ്ഞു, "മാവേലി വര്ആണ്! നമ്മളെ കാണാൻ". കൗതുകവും ലാളനയും പേറി ആ മധ്യവയസ്കൻ ചോദിച്ചു, "അതെന്തിനാ ഇങ്ങ്ട് എടയ്ക്ക് വരണത്? ഇവടെയങ്ങ്ട് നിന്നാ പോരെ?". ഞാൻ സ്ഥിരീകരിച്ചു. "ഏയ്! പാടില്ല്യ. ആളെ വാമനൻ പറഞ്ഞയച്ചതാണ്. ഓണത്തിനേ വരാൻ പറ്റൂ." അതിഥി ഒരു പുഞ്ചിരിയോടെ ചോദിച്ചു, "എന്നിട്ട് വന്നോ?". ഞാൻ ഒന്നാലോചിച്ചുകൊണ്ട് പറഞ്ഞു, "ണ്ടാവും! കാണാൻ പറ്റില്ലല്ലോ. ദൈവല്ലേ!". ഒരല്പം ഇൻഫർമേറ്റീവ് ആവട്ടെ എന്നതിഥി കരുതിക്കാണും. മൂപ്പരിങ്ങനെ പറഞ്ഞു, "മാവേലി ദൈവാണോ? അസുരനല്ലേ?"പെട്ടെന്നെവിടെയോ കുടുങ്ങിയ പോലെ മനസ്സ് നിന്നു. കായ ഉപ്പേരി കടിച്ചുമുറിച്ചുകൊണ്ട് ഞാൻ ശരിക്ക് പെട്ടാലോചിച്ചു. ചേട്ടനോട് രഹസ്യായിട്ട് ചോദിച്ചു."അപ്പൊ ഈ അസുരന്മാരെ കാണാൻ പറ്റ്വോ?" ഉത്തരം പക്ഷേ അമ്മയാണ് പറഞ്ഞത്. "ചെലരെ കാണാം. ചെലരെ കാണാൻ പറ്റില്ല്യ.'' എന്റെ സംശയം ഒട്ടും അടങ്ങിയില്ല.

ആ സംശയം ഇന്ന് വരേക്കുള്ള പല സംശയങ്ങൾക്കിടയിൽ

എവിടെയോ കുടുങ്ങിക്കിടന്നു. അതിഥി ചിരിച്ചു. കൂടെ അച്ഛനും. ആ ചിരികളോടൊപ്പം അലിഞ്ഞുചേർന്ന് ഇന്നും വിളങ്ങിനിൽക്കുന്നു, ആ ഗൃഹാതുരത്വ സ്മരണകളിലെ ഓണം. പിന്നീട് പലത് പല തരത്തിൽ കടന്നുപോയി. ആ ദിനം, അതങ്ങനെത്തന്നെ നിൽക്കുന്നു. ആദ്യമായി ഓണം ഗ്രഹിച്ചുതുടങ്ങിയ ദിവസം.

പാവനമായ വിശുദ്ധനിർദ്ദോഷസംസ്കാരസഞ്ചയമായ ഹൈന്ദവതയിൽ, ആ സംസ്കാരത്തിന്റെ കാറ്റേറ്റ് മയങ്ങുന്ന തെളിഞ്ഞതും അല്ലാത്തതുമായ നിരവധി ആഘോഷങ്ങളുണ്ട്. അതിലെന്റെ സ്മൃതിപഥത്തെ ഇത്രത്തോളം ആകർഷിച്ച മറ്റൊന്നില്ല. ഓണം. അതൊരു വികാരമാണ്.

ഫ്രഞ്ച് ഫിലോസഫറും എഴുത്തുകാരനുമായ ക്രിസ്ത്യൻ അറ്റ്ലീ സംബയർ വളരെ കാലം കേരള കലാമണ്ഡലത്തിന്റെ അതിഥിയായി കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ Lights of India എന്ന ആർട്ടിക്കിളിൽ ഓണത്തെപ്പറ്റി ഇപ്രകാരം പറയുന്നു. 'ഒരു സംസ്കൃതി അതിന്റെ മനസ്സിനെ താലോലിക്കുന്നത് ഓണം എന്ന ഉത്സവത്തിൽ എനിക്ക് കാണാൻ കഴിയും.'

സൈന്ധവ സ്മൃതീതടങ്ങളിലെ നക്ഷത്രമാണ് ഓണം. കിരാതവാഴ്ചകളും ഉയർത്തെന്നേൽപ്പുകളും, സംക്രമങ്ങളും തേരോട്ടങ്ങളും, ജ്ഞാനോദയങ്ങളും, കാർഷികോൽസവങ്ങളും, നന്മയുടെ വ്യാപ്തീമുകുളങ്ങളായ നിർന്നിമേഷകല്പങ്ങളായ ഉത്സവങ്ങളും ഒട്ടേറെ കണ്ടിട്ടുള്ള ഹൈന്ദവസംസ്കാരത്തിൽ ദഹിച്ചുതീരാത്ത ഏതോ പുരാതനനന്മയുടെ അല്ലെങ്കിൽ നന്മകളുടെ ആർത്തി തീരാത്ത ആഘോഷമാണ് ഓണം. അതിലെവിടെയോ ഒരു നേർത്ത വിങ്ങൽ കാണാൻ കഴിയുന്നുണ്ടാകും. ദ്രാവിഡനാഗരികതയുടെ അന്തരാത്മാവിൽ അങ്കുരമിട്ട വിപണിവിജയനാണ്യശ്രുതികളിൽ തേൻ പുരട്ടിയ ആ ഇടക്കാലത്തെ, ഓണമെന്നല്ല മറ്റേത് പേരിട്ടു വിളിച്ചാലും ഞാനിതുപോലെ ആശ്ലേഷിക്കും.

ഇഷ്ടോത്സവങ്ങളുടെ ചരിത്രസാമാന്യങ്ങളന്വേഷിക്കുന്നത് അത്ര പ്രിയതരമല്ല. പക്ഷേ, ഞാനെന്ന കുതുകി അതന്വേഷിക്കുക തന്നെ വേണം. കാരണം എനിക്ക് വിഷമതരമല്ലാത്ത ഒരു അടിത്തറ വേണം. ഈ മഹോത്സവത്തെ അതിരുവിട്ട് ആലിംഗനം ചെയ്യുവാൻ. വശീകരിക്കപ്പെട്ട ഐതീഹ്യങ്ങളും, കണ്ണ് വിടർത്തുന്ന ചരിത്രങ്ങളും പല തരത്തിൽ. പ്രഥമകൽപന മാവേലി അഥവാ മഹാബലിയാണ്.

മഹാഭാഗവതത്തിന്റെ അഷ്ടമസ്കന്ധത്തിൽ പതിനെട്ടാം അദ്ധ്യായം മുതൽ ഭഗവാന്റെ വാമനാവതാരത്തെക്കുറിച്ച് പറയുന്നു. ദക്ഷിണദേശ പ്രജാപതി മഹാബലി മൂന്നു ലോകങ്ങളെ ജയിക്കാൻ വിശ്വജിത് എന്ന യാഗം തുടങ്ങുന്നു. അതിൽ അസൂയ തോന്നിയ ദേവേന്ദ്രൻ മഹാവിഷ്ണുവിനെ ചെന്ന് കണ്ട് അപ്രിയമറിയിച്ച് അപേക്ഷിക്കുന്നു. ദേവേന്ദ്രൻ സ്ഥാനഭ്രഷ്ടനാകുന്നതിൽ ഒട്ടും തല്പരനല്ലാത്ത വിഷ്ണു വാമനാവതാരം പൂണ്ട് മഹാബലിയുടെ യാഗഭൂമിയിൽ എത്തുന്നു. ഭിക്ഷയായി മൂന്നടി മണ്ണ് ചോദിക്കുന്നു. മഹാബലി തന്റെ ഗുരുവായ ശുക്രാചാര്യരെ മറികടന്ന് ദാനം പകരാൻ തയ്യാറാവുന്നു. രണ്ടടി കൊണ്ട് ഭൂമിയും സ്വർഗ്ഗവും അളന്ന വാമനൻ മൂന്നാമത്തെ അടിവക്കാൻ സ്ഥലം ചോദിക്കുന്നു. തല കുനിച്ച ബലിയെ വാമനൻ പാതാളത്തിലേക്കാഴ്ത്തുന്നു. ഇതെല്ലാം വായ്താളങ്ങളായി നമ്മളേറെ കേട്ടതാണ്. പാതാളത്തിലേക്ക് പോകുന്ന വഴിക്ക് മഹാബലി തിരുവോണനാളിൽ തന്റെ പ്രജകളെ സന്ദർശിക്കാൻ അനുവാദം വാങ്ങുന്നത്, ആ ഐതീഹ്യം ആഘോഷത്തിലേക്ക് നീണ്ടുകിടക്കുന്ന ഒരു സിരാനാഡിയാണ്. നൂറ്റമ്പതിൽ കൂടുതൽ മനുഷ്യർ ഒത്തൊരുമിച്ച് ഒരു കാര്യത്തിന് ശ്രമിക്കുന്നുണ്ടെങ്കിൽ അതിനൊരു സങ്കല്പവും ആ സങ്കല്പത്തിന് ജീവൻ കൊടുക്കുന്ന ഒരു നായകപദവിയും നിർബന്ധമാണ്.

ആറു മലയാളിക്ക് നൂറു മലയാളം എന്നാണു കണക്ക്. മറ്റൊരൈതീഹ്യം നോക്കാം. വരുണന്റെ ഭരണപഥത്തിൽനിന്ന് കേരളദേശത്തെ മോചിപ്പിച്ച പരശുരാമൻ, ആ ദേശം ബ്രാഹ്മണർക്കും അവരുടെ ദാസ്യർക്കും ദാനം നൽകുന്നു. പിന്നീടെപ്പോഴോ ഈ ബ്രാഹ്മണരുമായി നടന്ന അഭിപ്രായവ്യത്യാസത്തെതുടർന്ന് പരശുരാമൻ കേരളം വിടാൻ തീരുമാനിക്കുന്നു. ക്ഷമാപണം നടത്തിയ ബ്രാഹ്മണരോട് ചിങ്ങത്തിലെ തിരുവോണദിവസം വന്നു കണ്ടുകൊള്ളാം എന്ന് വാക്ക് കൊടുക്കുന്നു.

ഹൈന്ദവസംസ്കൃതിയോട് ചേർന്ന് കിടക്കുന്ന ബൗദ്ധമതവിശ്വാസസംഹിതകളിലും തിരുവോണ ആചാരങ്ങളെക്കുറിച്ച് വാക്മൈഥുനങ്ങളുണ്ട്. സിദ്ധാർത്ഥരാജകുമാരൻ ബോധോദയത്തിലേക്ക് സംക്രമിച്ചത് ശ്രാവണമാസത്തിലെ തിരുവോണം നാളിലായിരുന്നു എന്നാണു പറയപ്പെടുന്നത്. പേര് ഉറപ്പില്ലാത്ത ഒരു ബൗദ്ധവിശ്വാസിയായ ചക്രവർത്തിയിൽനിന്ന് കേരളം ഏറെക്കുറെ പൂർണ്ണമായി ആര്യസംസ്കൃതിയിലേക്ക് തിരിഞ്ഞ കാലം, അതൊരു തിരുവോണനാളായിരുന്നു എന്ന് പറയപ്പെടുന്ന വേറൊരൈതീഹ്യം.

ബൗദ്ധനായിരുന്ന ചേരമാൻ പെരുമാളെ ചതിച്ച് സ്ഥാനഭ്രഷ്ടനാക്കി നാടുകടത്തിയെന്നും, എന്നാൽ പ്രജാതല്പരനായ അദ്ദേഹം ആണ്ടൊരിക്കൽ തന്റെ ജനങ്ങളെ കാണാൻ വരുന്നു എന്നതും ചരിത്രമോ ഐതീഹ്യമോ എന്ന് വേറിട്ടറിയാത്ത ഒന്നായി നിലനിൽക്കുന്നു.

സമുദ്രഗുപ്തൻ ദക്ഷിണേന്ത്യ ആക്രമിക്കുന്ന കൂട്ടത്തിൽ തൃക്കാക്കര കീഴടക്കാൻ ശ്രമിക്കുകയും എന്നാൽ തൃക്കാക്കര ദേശം വാണിരുന്ന മന്നരാജാവ് അതിനെ എതിർത്ത് വിജയിക്കുകയും ചെയ്യുന്നു. ആ രാഷ്ട്രീയവിജയമാണ് പിൽക്കാലത്ത് ഓണമായിത്തീർന്നത് എന്നും ചില ഗുരുമുഖത്ത് നിന്നുള്ള കേട്ടുകേൾവി. പി. രഞ്ജിത്ത് എന്ന ഫിലോസഫർ തന്റെ ഒരു തിസീസിൽ മഹാബലിയെ മണ്ണിൽ താഴ്ത്തുകയും പിന്നീട് അദ്ദേഹം ഉയർത്തെഴുന്നേൽക്കുകയും ചെയ്ത കഥ കാർഷികസംസ്കാരത്തിന്റെ വർണ്ണനാഭാവമായി ഇപ്രകാരം എഴുതിയിരിക്കുന്നു. 'മണ്ണിലാഴ്ത്തി കിടന്ന വിത്ത് വർഷകാലത്തിന്റെ മഴയേറ്റ മുളച്ച് പുതിയൊരു ജീവനായി ഉയർത്തെഴുന്നേറ്റ് ഫലം തരുന്നതിന്റെ ദേവതാസങ്കല്പമാണ് മഹാബലിയും ഓണവും.'

ഏറെക്കുറെ ഒത്തുചേരുന്ന ചില ചരിത്ര വസ്തുതകൾ ഇവിടെ ഞാനൊരു പുനർവായനക്ക് വിധേയമാക്കുന്നു.

സംഘകാലത്ത് ദ്രാവിഡദേശം (കേരളവും തമിഴ്നാടും) സമാനഭാവത്തിലായിരുന്നു. ഭക്ഷണം, ഭാഷ, സംസ്കാരം, അങ്ങനെ ഏറെക്കുറെ എല്ലാം. ദാരിദ്ര്യമായിരുന്നു മഴക്കാലത്തിന്റെ പ്രതിഫലനം. വ്യാപാരം തീർത്തും ഇല്ലാത്ത അവസ്ഥ. അറബികളടക്കം പുറംനാട്ടുകാർ ആരും ആ സമയങ്ങളിൽ വ്യാപാരത്തിനായി മുന്നോട്ടു വന്നിരുന്നില്ല. മാത്രമല്ല വിളയും കുറവ്. കാലാവസ്ഥ തന്നെയായിരുന്നു പ്രധാന ശത്രു. തോരാതെ പെയ്യുന്ന ഞാറ്റുവേലകൾ. കർക്കിടകത്തോടെ വർഷകാലം തീരും. പിന്നെ വരുന്നത് ചിങ്ങം. വിളവെടുപ്പും വ്യാപാരവും നാട്ടിൽ വീണ്ടും ശക്തമാകും. സ്വർണ്ണം പകരം നൽകിയാണ് പ്രധാനമായും അന്യദേശക്കാർ ഇവിടത്തെ നാണ്യങ്ങൾ വിളക്കെടുത്തിരുന്നത്. അങ്ങനെ പൊന്ന് അഥവാ സ്വർണ്ണം കൊണ്ടുവരുന്ന മാസം പൊന്നിൻചിങ്ങം എന്നറിയപ്പെട്ടു തുടങ്ങി. വ്യാപാരവും കൃഷിയും സമൃദ്ധമായ ആ മാസത്തിൽ, തിരുവോണത്തോട് അനുബന്ധിച്ച് വരുന്ന ആ സമയങ്ങൾ ആഘോഷദിനങ്ങളായിമാറി.

സംഘകൃതികളെ ആഴത്തിൽ അപഗ്രഥിച്ചതിൽനിന്ന് (ബി. സി. മൂന്നാം നൂറ്റാണ്ട് മുതൽ) 'ഇന്ദ്രവിഴ' എന്നൊരാഘോഷം പറഞ്ഞുകേൾക്കുന്നു. ബൗദ്ധ–ദ്രാവിഡ രാജാക്കന്മാരെ ഇന്ദ്രൻ പരാജയപ്പെടുത്തി ചാതുർവർണോന്മുഖമായ ഭരണ സമ്പ്രദായം നിലവിൽക്കൊണ്ടുവന്നതിന്റെ സ്മരണയ്ക്കായി ശ്രാവണമാസത്തിലെ പൗർണ്ണമിനാളിലാണ് 'ഇന്ദ്രവിഴ' ആഘോഷിച്ചിരുന്നത്. പിന്നീട് ചാതുർവർണ്യവ്യവസ്ഥകൊണ്ട് ഉണ്ടായ ബുദ്ധിമുട്ടുകൾ ബൗദ്ധ–ദ്രാവിഡരായ പൊതുജനങ്ങളെ വല്ലാതെ ബാധിച്ചിരുന്നു. ഇന്ദ്രനും മുൻപുണ്ടായിരുന്ന കാലത്തെ, അതുകൊണ്ടായിരിക്കാം ജനങ്ങൾ ഇത്തരത്തിൽ പാടി പുകഴ്ത്തിയത്. ''മാവേലി നാടു വാണീടും കാലം, മാനുഷരെല്ലാരുമൊന്നു പോലെ.''സംഘസാഹിത്യത്തിലെ തന്നെ 'പത്ത് പാട്ടിൽ' ഉള്ള 'മധുരൈ കാഞ്ചി'യിൽ ശ്രാവണപൗർണ്ണമിയിലെ ഒരാഘോഷത്തെപ്പറ്റി സൂചനയുണ്ട്. മാങ്കുടി മരുതനാർ മധുര ഭരിച്ചിരുന്ന കാലമായിരുന്നു അത്. ആഘോഷകാരണം പക്ഷേ തല തിരിച്ചായിരുന്നു. മഹാബലിയെ കൊന്നു വിജയിച്ച വാമനന്റെ സ്മരണാദിനമായിരുന്നു അത്.

വില്ല്യം ലോഗൻ മലബാർ മാനുവലിൽ അടയാളപ്പെടുത്തിയത് ഇപ്രകാരമാണ്. എ.ഡി. 825 മുതൽ ഭാസ്കരരവിവർമ്മൻ മഹാബലിയുടെ ഓർമ്മയ്ക്കായാണ് ഓണം ആഘോഷിച്ചുതുടങ്ങിയത്. കേരളചരിത്രശില്പികളിൽ പ്രധാനിയായ കൃഷ്ണപ്പിഷാരടി എ.ഡി. 620–നും 670–നും ഇടയിലാണ് ഓണാഘോഷം തുടങ്ങിയത് എന്ന് പറയുന്നു.

പതിനൊന്നാം നൂറ്റാണ്ടിൽ ഇന്ത്യ സന്ദർശിച്ച അറേബ്യൻ സഞ്ചാരി 'അൽ ബി യൂണി', 1150–ഇൽ വന്ന ഈജിപ്ഷ്യൻ സഞ്ചാരി 'അൽ ഇദ്രീസി', 1159–ഇൽ വന്ന ഫ്രഞ്ച് സഞ്ചാരി 'ബഞ്ചമിൻ' അടക്കം ആ കാലഘട്ടത്തിൽ കേരളപ്പെരുമ കടൽ കടത്തിയ പല വിദേശ സഞ്ചാരസാഹിത്യനുപുരന്മാരും കേരളത്തിന്റെ ഓണാഘോഷത്തെക്കുറിച്ച് പറഞ്ഞും എഴുതിയും വച്ചിട്ടുണ്ട്. പത്താം നൂറ്റാണ്ടിൽ സ്ഥാണു രവികുലശേഖരൻ രാജാവിന്റെ പേരിലുള്ള 'തിരുവാറ്റ്' ലിഖിതത്തിൽ ഓണാഘോഷത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ഏകദേശം ആ കാലഘട്ടം മുതൽ, ഓണം പരന്നു പ്രകാശിച്ച ദ്രാവിഡ ദേശത്തെ രാജാക്കന്മാർ, തൃക്കാക്കര വന്ന് പള്ളിയോണത്തിൽ പങ്കെടുക്കാറുണ്ടായിരുന്നു. പിന്നീട് തിരുവിതാംകൂറിന് കീഴിലുള്ള കനകക്കുന്നിലേക്ക് ആഘോഷം മാറ്റി. കാലക്രമേണ കേരളസർക്കാർ ആ ആഘോഷം എടുത്ത് നടത്താൻ തുടങ്ങി.

ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ പ്രാചീന ഗോത്രവർഗ്ഗമായ 'ബാണർ' വംശാവലിയിൽ ഉള്ള രാജാവാണ് മഹാബലി എന്ന് കരുതിവരുന്നു. ഇവരുടെ സ്വദേശം പഴയ ആന്ധ്രപ്രദേശ് ആയിരുന്നു. ഒൻപതാം നൂറ്റാണ്ടിൽ ചോളഭരണകാലത്ത് തമിഴ്നാട്ടിലെ മിക്ക ചെറുരാജ്യങ്ങളും ഭരിച്ചിരുന്നത് നേരത്തെ പറഞ്ഞ ബാണവംശത്തിൽപ്പെട്ട രാജാക്കന്മാരായിരുന്നു. തമിഴ്ദേശത്തെ ചില പ്രതികൂല രാഷ്ട്രീയാവസ്ഥകൊണ്ട് അവരിൽ ചിലർ കേരളത്തിലേക്ക് വരികയുണ്ടായി. അതിൽ തൃപ്പൂണിത്തുറയും തൃക്കാക്കരയും ചേർത്ത് ഭരിച്ചിരുന്ന മഹാബലി എന്നൊരു രാജാവുണ്ടായിരുന്നു എന്നും ചില രേഖകളിൽ കാണുന്നു. ബാണവംശത്തിൽ ബലി എന്നത് ഒരു സാധാരണ നാമമാണ്. അതുപോലെ മഹാബലി എന്നാൽ ശ്രേഷ്ഠനായ ബലി എന്നാണർത്ഥം. ബാണരിൽ ആ പേരിലും പലരുമുണ്ടായിരുന്നു.

ഒറീസ, ആന്ധ്ര, കർണ്ണാടക പ്രദേശങ്ങളിൽ മഹാബലിയുടെ പേരിൽ നടത്തുന്ന ആഘോഷം കേരളത്തിലെ കൊയ്ത്തുത്സവമായ ഓണത്തിൽ സൂപ്പർ ഇമ്പോസ് ചെയ്തു വന്നതാണ് ഇന്നത്തെ ഓണം എന്നതാണ് ചരിത്രപണ്ഡിതനായ കെ. ബാലകൃഷ്ണക്കുറുപ്പിന്റെ മതം.

ചരിത്രവും ഐതീഹ്യവും കാലത്തിന്റെ കടൽ നീന്തിക്കൊണ്ടിരിക്കുന്നു. ലോകാവസാനം വരെ ഇത് തുടരും എന്നതാണ് സത്യം. ഒരിക്കലും തീരാത്ത ആ മഹദ് യത്നത്തിൽ ചരിത്രവും ഐതീഹ്യവും വിശ്വാസവും സംസ്കാരവും അന്തരാത്മാവിൽ താലോലിച്ച, പല ചെറുതും വലുതുമായ ഇഷ്ടോത്സവങ്ങൾ എങ്ങുന്നില്ലാതെ ലയിച്ചില്ലാതായിട്ടുണ്ട്. സൈന്ധവസംസ്കൃതിയിൽ, ഒരു ചരിത്രത്തിനും, ഒരൈതീഹ്യത്തിനും, ഒരു പ്രത്യേക വിശ്വാസത്തിനും, ഒരു നിയതസംസ്കാരത്തിനും പൂർണ്ണമായി പിടികൊടുക്കാതെ, ഓർമ്മയും സന്തോഷവുംകൊണ്ട് നിർമ്മിച്ച സുവർണ്ണച്ചിറകുകളിലേറി, കാലക്കയത്തിന്റെ അക്കരെയിലേക്ക് ഗൃഹാതുരത്വവും സന്തോഷവും സമ്മാനിച്ചുകൊണ്ട്, ഒരേ വേഗതയിൽ, ഒരേ താളത്തോടെ സഞ്ചരിക്കുന്ന, കോടി വികാരങ്ങൾ പേറുന്ന പക്ഷിയാണ് ഓണം. അതിന്റെ ചിറകിൻ നിഴൽ വീണ കാലങ്ങളിലത്രയും ഓണം ഉദ്ഘോഷിക്കപ്പെടും. കണ്ണഞ്ചിപ്പിക്കുന്ന നിറത്തിലുള്ള ആ പക്ഷിയെ ഞാനും പലവുരു കണ്ടിട്ടുണ്ട്. ഒരിക്കലും മങ്ങാത്ത ആ ശോഭ കണ്ട് അതിശയിച്ചിട്ടുണ്ട്. പഞ്ചേന്ദ്രിയവും മനസ്സും ഒരുപോലെ അനുഭവിക്കുന്ന ആ വലിയ പക്ഷി.



# ഭാസ്കരൻ മാസ്റ്റർ ഒരു സ്മരണാഞ്ജലി

കുന്നപ്പള്ളിൽ രാജഗോപാൽ



മലയാളിയുടെ മനസ്സിൽ തങ്കക്കിനാവുകൾ കൊണ്ട് താജ്മഹൽ തീർത്ത അനശ്വര പ്രതിഭ, കവിയും ഗാനരചയിതാവും, ചലച്ചിത്രകാരനുമായ, നമ്മെ വിട്ടുപിരിഞ്ഞെങ്കിലും മരണത്തെ അതിജീവിക്കുന്ന കാലാതീതമായ എത്രയോ അവിസ്മരണീയമായ ഗാനങ്ങളിലൂടെ ഭാസ്കരൻ മാസ്റ്റർ നമ്മുടെ മനസ്സുകളിൽ ജീവിക്കും.

വാസന്ത പഞ്ചമി നാളും, താമസമെന്തേ വരുവാനും, ഏകാന്തതയുടെ അപാരതീരവും, പ്രാണസഖിയും, ഒരു പുഷ്പം കൂടിയും, തളിരിട്ട കിനാക്കളും, കായലരികത്തും, അഞ്ജന കണ്ണെഴുതിയും, നഗരം നഗരം മഹാസാഗരം, കരയുന്നോ പുഴ ചിരിക്കുന്നോ, താമരക്കുമ്പിളല്ലോയും, ഹൃദയമുരുകിയും, മഞ്ഞലയിൽ മുങ്ങിതോർത്തിയും, അപാര സുന്ദര നീലാകാശവും, ഇന്നലെ മയങ്ങുമ്പോഴും, സുന്ദര സ്വപ്നമേ നീയെനിക്കേകിയ, എണ്ണിയാൽ തീരാത്ത എത്രയെത്ര ആർദ്ര സുന്ദര ഗാനങ്ങളാണ് മാഷിന്റെ അനുഗ്രഹീത തൂലികയിലൂടെ മലയാളിയുടെ മനസ്സിനെ ഭാവസാന്ദ്രമാക്കുന്നത്. 'ഇന്നലെ നീയൊരു സുന്ദര സ്വപ്നമായ്' ബേഗഡ രാഗത്തിൽ ദക്ഷിണാമൂർത്തി സ്വാമി ചിട്ടപ്പെടുത്തിയ, ഗസലിന്റെ സൗന്ദര്യമൂറുന്ന 'ഇന്നലെ മയങ്ങുമ്പോൾ' രചിച്ച ഭാസ്കരൻ മാഷ് തന്നെയാണ് 'മരണദേവനൊരു വരം കൊടുത്താൽ' എന്ന തത്ത്വചിന്താപരമായ ഗാനവും രചിച്ചത്. 'ആദ്യകിരണങ്ങളി'ലെ 'ഭാരതമെന്നാൽ പാരിൻ നടുവിൽ' എന്ന ദേശഭക്തിഗാനം അദ്ദേഹത്തിനു മാത്രമേ എഴുതാൻ കഴിയൂ.

രാഷ്ട്രീയ പ്രവർത്തകൻ, കവി, ഗാനരചയിതാവ്, സാഹിത്യകാരൻ, സംവിധായകൻ, തിരക്കഥാകൃത്ത്, നിർമാതാവ്, നടൻ, കേരള ഫിലിം ഡവലപ്മെന്റ് കോർപറേഷൻ ചെയർമാൻ, കേരള സംഗീത അക്കാഡമി ചെയർമാൻ, ഏഷ്യാനെറ്റ് ചാനലിന്റെ സ്ഥാപക ചെയർമാൻ എന്നിങ്ങനെ വ്യത്യസ്ഥമായ എത്രയോ മേഖലകളിലാണ് അദ്ദേഹം തന്റെ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ളത്. ജീവിതസായാഹ്നത്തിൽ മറവിയുടെ മടിയിൽ തലചായ്ച്ച് ഉറങ്ങുകയായിരുന്നെങ്കിലും പഴയകാല സംഭവങ്ങൾ അദ്ദേഹത്തെ കൂടെക്കൂടെ ഉണർത്തുമായിരുന്നു. കുട്ടൻ എന്നു താൻ വിളിച്ചിരുന്ന വയലാർ രാമവർമ്മ ചില ചലച്ചിത്ര ഗാനങ്ങൾ തന്നെ കാണിച്ചതും, ഗാനഗന്ധർവൻ യേശുദാസിനെ പിതാവ് അഗസ്റ്റിൻ ജോസഫ് തന്നെ പരിചയപ്പെടുത്തിയതും (അന്ന് യേശുദാസിന് 12 വയസു മാത്രം) അദ്ദേഹം ഓർത്തിരുന്നു.

1924 ഏപ്രിൽ 21ന് കൊടുങ്ങല്ലൂരായിരുന്നു അദ്ദേഹം ജനിച്ചത്. പ്രശസ്ത കവി നന്ത്യേലത്ത് പത്മനാഭ മേനോനാണ് പിതാവ്. അമ്മ പുല്ലൂറ്റ് പാടത്ത് അമ്മാളു അമ്മ. ഏഴാമത്തെ വയസ്സിൽ തുടങ്ങിയതാണ് അദ്ദേഹത്തിന്റെ കാവ്യരചന. കൊടുങ്ങല്ലൂർ ഹൈസ്കൂളിലും, മഹാരാജാസ് കോളേജിലുമായിരുന്നു വിദ്യാഭ്യാസം. ദേശാഭിമാനി വാരികയിലൂടെ പത്രപ്രവർത്തകനായി. കമ്മ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടി വിപ്ലവഗാനങ്ങൾ രചിച്ച പി. ഭാസ്കരന്റെ 'വയലാർ ഗർജ്ജിക്കുന്നു' എന്ന കവിത അന്നത്തെ കാലത്ത് അധികാരത്തിന്റെ കോട്ട കൊത്തളങ്ങളെ പിടിച്ചുലച്ചു. അന്നദ്ദേഹം 'രവി' എന്ന പേരിൽ ഒരു കവിതാ സമാഹാരം പുറത്തിറ ക്കി. അതിലെ 'ഉയരും ഞാൻ നാടാകെ' എന്ന ഗാനം യുവാക്കളുടെ ഹരമായിരുന്നു. ഭാസ്കരൻ മാഷിന്റെ സമകാലികനായ മറ്റൊരു കാവ്യപ്രതിഭയായ ONV സാറിന്റെ വാക്കുകളാണിവ.

അപൂർവ്വ സഹോദരർ' എന്ന തമിഴ് ചിത്രത്തിനുവേണ്ടിയാണ് അദ്ദേഹം ആദ്യമായി ഗാനം രചിച്ചത്. കോഴിക്കോട് ആകാശവാണിയിൽ കുറെനാൾ ജോലി നോക്കിയിരുന്ന പി. ഭാസ്കരൻ പിന്നീട് ആ ജോലി ഉപേക്ഷിച്ചു. 1950-ൽ പുറത്തിറങ്ങിയ 'ചന്ദ്രിക'യിലാണ് ആദ്യമായി മലയാള സിനിമക്കുവേണ്ടി ഗാനം രചിച്ച


**നീലക്കുയിൽ' എന്ന അവിസ്മരണീയ ചലച്ചിത്രം പി. ഭാസ്കരന്റെ ജീവിതത്തിലെ വഴിത്തിരിവായിരുന്നു. രാമു കാര്യാട്ടുമായി ചേർന്ന് സംവിധാനം നിർവഹിച്ച ചിത്രത്തിൽ ഒരു പ്രധാനപ്പെട്ട കഥാ പാത്രത്തെ ഭാസ്കരൻ മാഷ് അവതരിപ്പിച്ചു. 1954–ൽ റിലീസായ 'നീലക്കുയിൽ' മലയാള സിനിമയിലെ നാഴികക്കല്ലായി.**

ത്. തുടർന്ന് 'നവലോകം, അമ്മ, നിറമാല, ആകാശദീപം' എന്നീ ചിത്രങ്ങൾക്കു വേണ്ടി ഗാനങ്ങൾ രചിച്ചു. 'നീലക്കുയിൽ' എന്ന അവിസ്മരണീയ ചലച്ചിത്രം പി. ഭാസ്കരന്റെ ജീവിതത്തിലെ വഴിത്തിരിവായിരുന്നു. രാമു കാര്യാട്ടുമായി ചേർന്ന് സംവിധാനം നിർവഹിച്ച ചിത്രത്തിൽ ഒരു പ്രധാനപ്പെട്ട കഥാപാത്രത്തെ ഭാസ്കരൻ മാഷ് അവതരിപ്പിച്ചു. 1954–ൽ റിലീസായ 'നീലക്കുയിൽ' മലയാള സിനിമയിലെ നാഴികക്കല്ലായി. മികച്ച പ്രാദേശിക ചിത്രത്തിന്റെ പ്രസിഡന്റിന്റെ വെള്ളിമെഡൽ നേടി.

പ്രശസ്ത നടനായിരുന്ന കെ.പി. ഉമ്മർ, സംഗീതസംവിധായകൻ കെ. രാഘവൻ, പ്രശസ്ത ഗായകൻ ഉദയഭാനു, നടി ഷീല, ശ്രീകുമാരൻ തമ്പി, പ്രേമ, ലത്തീഫ്, വിപിൻ മോഹനൻ (നീലക്കുയിലിലെ ബാലതാരം) പ്രശസ്ത ക്യാമറമാൻ, തുടങ്ങിയവർ പി. ഭാസ്കരന്റെ സിനിമകളിലൂടെ കടന്നുവന്നവരാണ്. പ്രശസ്ത നടൻ മധുവിന് മാധവൻ നായർ എന്ന പേര് മാറ്റി 'മധു'വെന്ന പേരു നൽകിയത് ഭാസ്കരൻ മാഷാണ്. പി. ഭാസ്കരൻ ഒറ്റയ്ക്ക് സംവിധാനം ചെയ്ത ആദ്യചിത്രം 'രാരിച്ചൻ എന്ന പൗരൻ' ഹിറ്റായി. അതിനുശേഷം 'നായരു പിടിച്ച പുലിവാല്, ലൈല മജ്നു, ഭാഗ്യജാതകം, ആദ്യകിരണങ്ങൾ, പരീക്ഷ, തറവാട്ടമ്മ' അങ്ങനെ നിരവധി ചിത്രങ്ങൾ അദ്ദേഹം സംവിധാനം ചെയ്തു. ചലച്ചിത്ര സംവിധായകൻ എന്ന നിലയിൽ 'തുറക്കാത്ത വാതിൽ' 1971–ൽ അദ്ദേഹത്തിന് ദേശീയ അവാർഡ് നേടിക്കൊടുത്തുവെങ്കിലും 1967–ൽ പുറത്തിറങ്ങിയ 'ഇരുട്ടിന്റെ ആത്മാ വ്' പി. ഭാസ്കരൻ എന്ന ചലച്ചിത്ര പ്രതിഭയുടെ ഏറ്റവും മഹത്തായ സംഭാവന. എംടി വാസുദേവൻ നായരുടെ 'വേലായുധൻ' എന്ന കഥാപാത്രത്തെ പ്രേം നസീർ അവിസ്മരണീയമാക്കിയ 'ഇരുട്ടിന്റെ ആത്മാവ്' മലയാളത്തിലെ എക്കാലത്തെയും മികച്ച ചിത്രങ്ങളിലൊന്നാണ്. 'ജഗദ്ഗുരു ആദിശങ്കര, കാട്ടുകുരങ്ങ്, മൂലധനം, ഉമ്മാച്ചു, കുരുക്ഷേത്രം' തുടങ്ങിയവ ഭാസ്കരൻ മാഷിന്റെ പ്രധാനപ്പെട്ട ചലച്ചിത്രങ്ങളാണ്.


ഓർക്കുക വല്ലപ്പോഴും, വയലാർ ഗർജ്ജിക്കുന്നു, പാടുന്ന മൺതരികൾ, ഒറ്റക്കമ്പിയുള്ള തമ്പുരു (ഖണ്ഡകാവ്യം), ഓടക്കുഴലും ലാത്തിയും, ഞാറ്റുവേലപ്പൂക്കൾ, കാടാറുമാസം, നാഴിയുരിപ്പാല്, നവകാഹളം, കരവാൾ, സ്വപ്നസീമ, പി.ഭാസ്കരന്റെ സിനിമാഗാനങ്ങൾ (9 ഭാഗം), രണഭേരി, ഒരു കവിയുടെ കാൽപ്പാടുകൾ' തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ. 'ഒറ്റക്കമ്പിയുള്ള തമ്പുരു' 1982–ൽ കേരള സാഹിത്യ അക്കാദമി അവാർഡു നേടി. 2007 ഫെബ്രുവരി 25ന് തിരുവനന്തപുരത്തുവച്ചാണ് അദ്ദേഹം അന്തരിച്ചത്. ഭാര്യ ഇന്ദിര (1954ലായിരുന്നു വിവാഹം) മക്കൾ രാജീവ്, വിനയൻ, അജിതൻ.




LIKE TO LEARN ABOUT YOUR ROOTS ?
GET TO KNOW YOUR NATIVE CULTURE AND TRADITIONS.
Join our courses, specially tailored for you...
• Learn Indian Language Basics.
• Speaking Practice in Indian Language.
• Gain Fluency in Daily Conversations.
• Learn Tips & Tricks.
• Hindi
• Malayalam
• Tamil
• Telugu
• Kannada
AGE 9 to 15
one-on-one classes and Group Classes
Advance skills with Digital Learning
talkingchalks
Tutoring & After School Classes
+1 425 305 4333
+1 425 866 9090
www.talkingchalks.com

ഓം ഹരിശ്രീ ഗണപതയെ നമഃ

# ഓർമ്മകളുടെ പച്ചപ്പിൽ മഹാകവി പാലാ നാരായണൻ നായർ



**അഞ്ജന നായർ** മിനസോട്ട

പച്ചപ്പിന്റെ പാലാ... ഒരു പക്ഷെ അതാവും ഏറ്റവും നല്ല ഉപമ.. പച്ചപ്പിനു ഇളം വെയിൽ കൊള്ളുന്ന പ്രഭാതങ്ങളുടെ നനവുണ്ട്, ആ നനവിനു അഭൗമായ തണുപ്പും, ആ നനവിന്റെ സ്പർശം നമ്മുടെ വിരൽ തുമ്പിനെ മാത്രമല്ല, ഉള്ളിനെയും കുളിരണിയിക്കും, അത് നമ്മുടെ നാഡികളിലൂടെ സഞ്ചരിച്ച് നല്ലോർമ്മകളുടെ ഒരു കണമായി ഉള്ളിലെവിടേയോ മയങ്ങി കിടക്കും.. പിന്നീടുള്ള വരണ്ട പ്രഭാതങ്ങളിൽ നല്ലോർമ്മകളുടെ ആ കണം നമ്മളറിയാതെ തന്നെ സുഖമുള്ള നനവ് നമുക്ക് സമ്മാനിക്കും, നാമറിയാതെ നമുക്ക് പുഞ്ചിരി സമ്മാനിക്കും, കണ്ണിൽ നനവിന്റെ കുളിർമ്മ നാമറിയും, മനസ് നിറയും... അതിൽ നമുക്ക് പോയ്മറഞ്ഞുപോയ പല ഓർമ്മകലും ഓടിയെത്തും, കൂടെ കാലത്തിന്റെ യവനികയിൽ മറഞ്ഞുപോയ പല മുഖങ്ങളും... മഹാകവി പാലാ നാരായണൻ നായരുടെ മുഖവും (എന്റെ അച്ഛന്റെ മാതുലൻ) , അദ്ദേഹത്തെ കുറിച്ചുള്ള ഓർമ്മകൾക്കും ആ നനവിന്റെ സുഖം ആണ്.

ആര് ഞാനാവണം എന്നുണ്ണി ചോദിക്കി– ലാരാകിലും നല്ലതെന്നുത്തരം .... എന്നെഴുതിയ കവി. ചെറിയ കാര്യങ്ങൾ ചെയ്തു അതിൽ സംതൃപ്തി അടഞ്ഞിരുന്ന ഒരു മഹാകവി. പശ്ചിമഘട്ടങ്ങളെ താണ്ടി വളരുന്ന കേരളത്തിന്റെ വളർച്ചയെ ഉൾകാഴ്ച്ചയിൽ കണ്ട മനുഷ്യൻ, ആ ഒഴുക്കിന്റെ ഭാഗമായി തനിക്കും എവിടെയൊക്കെയോ എത്താമായിരുന്നു, എങ്കിലും തന്റെ കിണ്ണത്തിലെ ഒരുചെറുപിടി സഹവാസികളായ ഉറുമ്പുകൾക്കും കാക്കകൾക്കും ആയി മാറ്റിവെക്കുന്ന ഒരു സാധാരണ മനുഷ്യനായി ജീവിക്കാൻ താത്പര്യ പെട്ടിരുന്ന വ്യക്തി. ലോകമഹായുദ്ധത്തിന്റെ ഭാഗമായി ഒരു പട്ടാളക്കാരനായി ഐ.ൻ എ യിൽ ശ്രീ. സുഭാഷ് ചന്ദ്രബോസിനോടൊപ്പം രാജ്യത്തെ സേവിച്ച രാജ്യസ്നേഹി. യുദ്ധഭൂമിയിൽ നിന്ന് ലഭിച്ച ജീവിതപാഠങ്ങൾ ആവാം, അല്ലെങ്കിൽ സ്വാതന്ത്ര്യം എന്നാൽ ഒരു യുദ്ധത്തിൽ ജയിച്ചു മുന്നേറുന്നതിലും വലിയ ഉത്തരവാദിത്വം ആണെന്ന് ഉള്ള തോന്നലാവാം, തിരിച്ചറിവാവാം വെയിലേറ്റു വാടി നിൽക്കുന്ന ഒരു പൂവിനേം, മഴയത്തു നനയുന്ന പാഠപുസ്ഥകങ്ങളെയും, കൂരിരുളിൽ വലയുന്ന തോണിയേയും അദ്ദേഹത്തിന്റെ ഉൾകാഴ്ചയിൽ പ്രതിഷ്ഠിച്ചത്; അവയെ പരിചരിക്കണ്ടത്തിന്റെ മഹത്ത്വം എന്തെന്ന് ജീവിച്ചു കാണിച്ച വ്യക്തി.

നാടും നഗരവും സ്വാതന്ത്യത്തിന്റെ ഭാഗമായി വളർന്നുകൊണ്ടേയിരിക്കുമ്പോൾ മാറി വരുന്ന മനുഷ്യ ബന്ധങ്ങളെയും, ദൈനംദിന ആവശ്യങ്ങളെയും അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. ഇന്ത്യക്കു സ്വാതന്ത്ര്യം ലഭിച്ചശേഷം, അവിടെ നിന്ന് മടങ്ങി വന്നു തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ പ്രസിദ്ധീകരണ വിഭാഗത്തിൽ ജോലിക്കുകയറി. ആ ജോലിയിൽ ഇരിക്കുമ്പോൾ തന്നെ യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ബിരുദവും, തുടർന്ന് മലയാള ഭാഷയിൽ ബിരുദാനന്തര ബിരുദവും കരസ്ഥമാക്കി, അവിടെ തന്നെ അധ്യാപകനായി സേവനം അനുഷ്ഠിച്ചു. ഒരിക്കലും വലിയ പ്രഭാഷണങ്ങൾക്കു ഇടം നൽകാതെ, എല്ലാം തന്റെ കവിതകളിലൂടെയും പ്രവർത്തികളിലൂടെയും ലോകത്തിനു കാട്ടി തന്നു. തന്റെ കുടുംബത്തിനും , ബന്ധങ്ങൾക്കും ആ ഒരു കരുതൽ പകർന്നു നൽകി, അവർ നാളെ അലയാതിരിക്കാൻ അദ്ദേഹം നല്ലൊരു കുടുംബസ്ഥനായി, ഓരോ ചെറുമണിയും തന്റെ കുടുംബത്തിന്റെ സുരക്ഷക്കായി അദ്ദേഹം കരുതിവെച്ചു, പ്രകൃതിയോട് ഇണങ്ങി ജീവിച്ചു. വീടിന്റെ ഒരു ചെറിയ ഭാഗം തന്റെ തപസ്യക്കായി മാറ്റിവച്ചു.




സനാതന ധർമ്മനിഷ്ഠകൾ പൂർണ്ണമായി ജീവിതത്തിൽ പകർത്തി ഋഷി തുല്യമായ ജീവിതം നയിച്ച വ്യകതി ആയിരുന്നു മഹാകവി. ദാഹിച്ചു നിൽക്കുന്ന ചെടികൾക്ക് ജീവന്റെ നീര് നൽകി , മുറ്റത്തെ കള പറിച്ചു, സഹജീവികൾക്ക് അന്നം നൽകി , തന്റെ പുസ്തക ശേഖരങ്ങൾ സ്വയം അടുക്കി പെറുക്കി, ചുറ്റുപാടുകൾ സ്വയം വൃത്തിയാക്കി, കൊഴിഞ്ഞു വീണ മൂവാണ്ടൻ മാവിലകൾ പെറുക്കി മാറ്റി , ചില സായാഹ്നങ്ങൾ വടവൃക്ഷത്തെ പോലെ വളർന്നു പടർന്നു പന്തലിച്ചു നിൽക്കുന്ന പുളിമരത്തിന്റെ ചുവട്ടിൽ ഇരുന്നു ആരുടെയൊക്കെയോ ചോദ്യങ്ങൾക്കു മറുപടി നൽകുന്ന അദ്ദേഹത്തിന്റെ ദിനങ്ങൾ... ചിലപ്പോൾ തോന്നും ആ പുളിമരത്തിനും പറയാൻ കാണും പല സൃഷ്ടികളുടെയും കഥകൾ എന്ന്.. ഒരു ചെറു മുണ്ടുടുത്തു, കയ്യിൽ ഒരു പേനയും, മുന്നിൽ തെളിമയാർന്ന ഒരു കടലാസും.... ചാരു കസേരയിൽ ഇരുന്നു ജനൽ പാളികളുടെ ഇടയിലൂടെ അദ്ദേഹം എത്ര നേരം, എത്ര പ്രാവശ്യം ആ പുളിമരവുമായി സംവദിച്ചിട്ടുണ്ടാവും, ഇടക്കെപ്പോഴോ തോന്നിയ ചെറിയ ഉഷ്ണം മാറ്റാൻ അതിലെ ചെറുഇലകൾ മന്ദമാരുതനൊപ്പം താളം പിടിച്ചിട്ടുണ്ടാവും...., വെയിലിനു കാഠിന്യമേറുമ്പോൾ തണലായി നിന്നതും ഒരു നല്ല കാഴ്ചയായി എനിക്ക് തോന്നുന്നതാവാം.. ഇന്നത് മാറി ഇരുന്നു ഭാവനയിൽ കാണാൻ ശ്രേമിക്കുന്നു , അതും ഒരു സുഖം.

അതൊരു കാലം ആയിരുന്നു.. മഹാകവി പാലാ എന്റെ അച്ഛന്റെ അമ്മാവൻ ആണ്. ഞങ്ങൾ കുട്ടികളും അദ്ദേഹത്തെ അമ്മാവൻ എന്നു തന്നെ സംബോധന ചെയ്തു വന്നു. എന്നെ എഴുത്തിനിരുത്തിയത് പാലാ അമ്മാവൻ ആണ്... പിന്നീട് എന്റ മകൾ കമലയേയും. അവൾ അന്ന് കാറി കരഞ്ഞു. പ്രായാധിക്യത്താൽ അന്ന് അമ്മാവന് നടക്കാനും ഇരിക്കാനും ഒക്കെ ഇത്തിരി ബുദ്ധിമുട്ട് ഉണ്ടായിരുന്നു.. എന്നിട്ടും അച്ഛൻ സ്വതസിദ്ധം ആയ രീതിയിൽ അമ്മാവൻ വരൂ , അങ്ങിരിക്കു '' എന്ന് പറഞ്ഞു നിലത്തിരുത്തി .. അച്ഛന് നടക്കാനും ഇരിക്കാനും ഒക്കെ ബുദ്ധിമുട്ടുണ്ട് എന്ന് ശ്രീ ചേട്ടൻ പറയുന്നുണ്ടായിരുന്നു.. ''എവിടെ, അമ്മാവന് ഒരു കുഴപ്പവും ഇല്ല '' എന്ന് പറഞ്ഞു അച്ഛനും.. എന്തായാലും അമ്മാവൻ അവളുടെ നാവിൽ അദ്യക്ഷരങ്ങൾ കുറിച്ചു ..കയ്യും കാലും ഇട്ടിളക്കി ഉച്ചത്തിൽ കരഞ്ഞിരുന്ന അമ്മുവിനെ അടക്കി ഇരുത്താൻ അച്ഛനും ശ്രമിച്ചു .അമ്മാവനൊപ്പം അന്ന് അക്ഷരങ്ങൾ ഞാൻ വീണ്ടും ആവർത്തിച്ചു .. കരഞ്ഞു തളർന്ന മോൾക്ക് അവസാനം ഒരു കൽക്കണ്ടവും നൽകി അദ്ദേഹം കുറച്ചു നേരം കൂടി നിലത്തു തന്നെ ഇരുന്നു..

പട്ടാളക്കാരനായി ജീവിതം തുടങ്ങി പല പദവികളും വഹിച്ചു അവസാനം പ്രൊഫസർ ആയി പാലാ അൽഫോൻസാ കോളേജിൽ ഔദ്യോഗിക ജീവിതം അവസാനിപ്പിച്ചു. പദവികളും സ്ഥാനമാനങ്ങളും അമിതമായി ആഗ്രഹിക്കാതെ, എല്ലാത്തിൽ നിന്നും ഒതുങ്ങി ജീവിച്ച മനുഷ്യസ്നേഹി... സൂര്യകിരണങ്ങളുടെ ശക്തി കുറഞ്ഞു വരുന്നു.. പുളിമരക്കൊമ്പുകൾക്കിടയിലൂടെ ചാലുകീറിയെത്തുന്ന കിരണങ്ങൾക്ക് ചെറിയ സിന്ദൂരവർണ്ണം തോന്നുന്നു.. അറിവിന്റെ പാഠങ്ങൾ പകർന്നു നൽകിയ ഗുരുക്കൾക്കു കൂപ്പുകൈ അർപ്പിച്ചു, മഹാകവിയുടെ പാദാരവിന്ദങ്ങളിൽ തൊട്ടു നല്ലറിവുകൾക്കും നല്ലോർമ്മകൾക്കും നന്ദി അർപിക്കുന്നു.. ശ്രീ ഗുരുഭ്യോ നമഃ

## ആരു ജ്ഞാനാകണം

ആരു ജ്ഞാനാകണം എന്നുണ്ണി ചോദിക്കി-
ലാരാകിലും നല്ലതെന്നുത്തരം!
ഉച്ചയ്ക്ക് തീവെയിൽ കൊള്ളുന്ന പൂവിനെ
തൊട്ടുതലോടും തണുപ്പാവുക...
ഇറ്റുവെള്ളത്തിനായ് കേഴുന്ന ജീവന്റെ
ചുണ്ടിലേക്കിറ്റുന്ന നീരാവുക...
ആപത്തിലൊറ്റയ്ക്കു നിൽക്കുന്നൊരുത്തന്റെ
കൂടെക്കരുത്തിന്റെ കൂട്ടാവുക...
വറ്റിവരണ്ടു വായ് കീറിയ മണ്ണിന്റെ
യുള്ളം നിറയ്ക്കുന്ന മഴയാവുക...
വെയിലേറ്റു വാടിത്തളർന്നോരു പാന്ഥന്നു
പായ് വിരിയ്ക്കും തണൽ മരമാവുക..
മഴയത്തു പുസ്തകം നനയാതെ കാക്കുവാൻ
വലയുന്ന കുഞ്ഞിന്നു കുടയാവുക...
വഴിതെറ്റിയുൾക്കടലിലിരുളിൽക്കിതയ്ക്കുന്ന
തോണിയ്ക്കു ദിശതൻ വിളക്കാവുക...
ഉറ്റവരെയാൾക്കൂട്ടമൊന്നിലായ് തിരയുന്ന,
കരയും കുരുന്നിന്നു തായാവുക...
ആഴക്കയത്തിലേയ്ക്കാഴ്ന്നു താഴും ജീവ-
നൊന്നിന്നുയിർപ്പിന്റെ വരമാവുക...
വയറെരിഞ്ഞാകെ വലഞ്ഞോനൊരുത്തന്റെ
പശിമാറ്റുമുരിയരിച്ചോറാവുക...
അന്തിയ്ക്ക് കൂടണഞ്ഞീടുവാൻ മണ്ടുന്ന
പെണ്ണിന്റെ കൂടപ്പിറപ്പാവുക...
ആകെത്തണുത്തു വിറയ്ക്കുന്ന വൃദ്ധന്നു
ചൂടിന്റെ രോമപ്പുതപ്പാവുക...
അറിവിന്റെ പാഠങ്ങളൊക്കേയുമരുളുന്ന
ഗുരു സമക്ഷം കൂപ്പുകയ്യാവുക...
നിലതെറ്റി വീഴുന്ന കൂടപ്പിറപ്പിനെ-
ത്താങ്ങുന്നൊരലിവിന്റെ നിഴലാവുക...
അച്ഛന്നുമമ്മയ്ക്കുമെപ്പോഴുമുണ്ണി നീ
വളരാതെയൊരുനല്ല മകനാവുക!
ആരുജ്ഞാനാകണം എന്നുണ്ണി ചോദിക്കി-
ലാരാകിലും നല്ലതെന്നുത്തരം!




# വന്ദേ മാതരം

**പുലരി**

അമ്മയെ കാശിനായ് കൊല്ലുന്ന മക്കളിൻ
സിരകളിലൂടൊഴുകുന്ന രക്തമേ
മാതൃഭക്തിയും ദേശഭക്തിയും
നിന്നിൽ നിന്നൂറ്റിക്കളഞ്ഞ ശക്തിയേത്?
അമ്മയെ വന്ദിക്കാൻ മടിക്കുമൊരു ജനതയ്ക്ക്
അമ്മയായിട്ടെന്തു നേടുമീ രാജ്യം?
പെൺവാണിഭമോഹം തിമിർക്കും മനസ്സുകളിൽ
അമ്മപെങ്ങന്മാർക്കുണ്ടോ സ്ഥാനമാനം
നാടിന്നായ് നാമെന്തു ചെയ്തെന്നു സ്വയം
ചോദിക്കും കാലത്തേ ഈ നാട് നന്നായിടൂ
ജന്മമേകുന്ന കുഞ്ഞിന്റെ രക്തത്തിലൂറിച്ചേരട്ടെ ദേശഭക്തി
നാടിന്നായ് ജീവൻ വെടിയുന്നനേരത്തും ചുണ്ടുകൾ
മന്ത്രിച്ചിടട്ടെ 'വന്ദേ മാതരം!




THANK YOU FOR YOUR FRIENDSHIP,
YOUR BUSINESS,
AND THE OPPORTUNITY TO SERVE YOU.
- RAJI & KRISH
V GUARD INSURANCE AGENCY
952 Golf House Road W, Suite C Whitsett, NC 27377
Office: 336-252-2899 | Fax: 336-252-2858
Nparklikad1@allstate.com
Allstate.
You're in good hands.


ലോകമെമ്പാടുമുള്ള
ഏറ്റവും പുതിയ
വാർത്തകൾ
നിങ്ങളുടെ സ്വന്തം
മാതൃ ഭാഷയായ
മലയാളത്തിൽ
വായിക്കുവാൻ
ഇന്നുതന്നെ
www.vachakam.com
സന്ദർശിക്കൂ.
വാർത്തകൾ
വിരൽ
തുമ്പിൽ
പ്രിയപ്പെട്ടവരുടെ
ചരമ അറിയിപ്പുകൾ,
കമ്മ്യൂണിറ്റി വാർത്തകൾ
മാട്രിമോണിയൽ
(Anniversary
Obituary, Birth Day)
നൊവേന പ്രാർത്ഥന
അയച്ചുതരേണ്ട ഇമെയിൽ:
news@vachakam.com
vachakamonline@gmail.com
Phone: 773 888 2242
1 773 888 2243 (WhatsApp)
To read print edition(PDF) visit: vachakam.com
ഏറ്റവും പുതിയ മലയാളം, തമിഴ്, ഹിന്ദി സിനിമാ വിശേഷങ്ങളും ലൊക്കേഷൻ വാർത്തകളും, സോഷ്യൽ മീഡിയ, സ്പോർട്സ് വാർത്തകളും ഒപ്പം അമേരിക്കയിലെയും കേരളത്തിലെയും ഏറ്റവും പുതിയ വാർത്തകളും അറിയാൻ സന്ദർശിക്കൂ....
വാചകം
VACHAKAM vachakam.com
വാർത്തകൾ വേഗത്തിൽ അറിയാൻ...
വാചകം ന്യൂസ് വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ പങ്കാളിയാകുവാൻ
*https://chat.whatsapp.com/HlktrCA5OxoCV0hAJV20EV*
ഫേസ്ബുക്കിൽ
വാർത്തകൾ
അറിയാൻ
പേജ് ലൈക്ക്
ചെയ്യുക.
Facebook ലിങ്ക് :
https://www.facebook.com/vachakam/